# സത്യദൂതൻ

2016 മെയ് | ലക്കം 5

വില ₹ 30



## ആകാശത്ത് വെളിപ്പെട്ട ദൈവികദൃഷ്ടാന്തം

**ദിവ്യവെളിപാടുകളും മറ്റു മാനസിക പ്രതിഭാസങ്ങളും**

**മുഹമ്മദ് നബി(സ)യും ബഹുഭാര്യാത്വവും**

# Ahmadiyya Muslim Community

Apps for mobile devises

Download free apps developed by Ahmadiyya Muslim Community
for your iphone,ipode, and Android

**Quran**
Read the Holy Quran in easy
Yassarnal Quran Font

**Conditions of Bai'at**
A pocket reference of
Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons
In 15 languages

**MTA**
Watch MTA Live, view
Schedule and much more

**Ahmadiyya News**
Stay up to date with the
Latest jama'at news

View these apps at
alislam.org/apps
or scan the QR code below






The Sathyadoothan Monthly


لاالہ الااللہ محمد رسول اللہ

# സത്യദൂതൻ

2016 മെയ്
ഹി.ശ.1396 – ഹിജറത്ത്
1437 റജബ് – ശഅബാൻ
പുസ്തകം 88 ലക്കം 5
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ
**വാഗ്ദത്ത മസീഹിന്റെ കർമ്മശാസ്ത്ര വിധികളുടെ രീതി.**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2016 ഏപ്രിൽ 22 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**10**
**ദിവ്യവെളിപാടുകളും മറ്റു മാനസിക പ്രതിഭാസങ്ങളും**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

ദിവ്യപാടുകൾ മനുഷ്യ ബാഹ്യമായ ഒരു കേന്ദ്രത്തിൽനിന്ന് വരുന്നതാണ്. എന്നാൽ അതേ രീതിയിൽ പ്രകടമാവുന്ന മാനസിക പ്രതിഭാസങ്ങൾ മനുഷ്യ ശരീരത്തിന്റെ അമൂർത്ത സങ്കീർണമായ അന്തർ മണ്ഡലത്തിൽ നിന്ന് ഉരുവം കൊള്ളുന്നതാണ്. അത് ചിലപ്പോൾ ശാസ്ത്രജ്ഞന്മാർക്കും ഉണ്ടാവാം. മൂസാ നബി(അ)യും മാന്ത്രികരുമായുള്ള മത്സര പരീക്ഷണത്തിൽ മാന്ത്രികർ മാനസിക മേധാശക്തിയാണ് പ്രകടിപ്പിച്ചത്.

**18**
**ആകാശത്ത് വെളിപ്പെട്ട ദൈവികദൃഷ്ടാന്തം**
ഡോ. ഹാഫിസ് സാലിഹ് മുഹമ്മദ് അലാവുദ്ദീൻ

വാഗ്ദത്ത മസീഹിന്റെ അടയാളമായി റസൂൽ തിരുമേനി(സ) പ്രവചിച്ച സൂര്യചന്ദ്ര ഗ്രഹണങ്ങൾ ഗോളഗണിതത്തിന്റെ അത്ഭുതകരമായ കണിശതയിൽ ഹദ്റത്ത് അഹ്മദ് (അ)ന് സാക്ഷ്യമായി പുലരുകയുണ്ടായി. വിസ്മയകരമായ ആ ആകാശ ദൃഷ്ടാന്തത്തിന്റെ നാനാ വശങ്ങളും ലോക പ്രശസ്ത ജ്യോതി ശാസ്ത്ര പണ്ഡിതനായിരുന്ന ലേഖകൻ വിശദീകരിക്കുന്നു.



**25**
**മുഹമ്മദ് നബി(സ)യും ബഹുഭാര്യാത്വവും**
എ.എം.മുഹമ്മദ് സലിം

ഏറ്റവും മഹത്തായ സ്വഭാവഗുണത്തിനുടമയായ വിശ്വമാതൃകയാണ് റസൂൽ തിരുമേനി(സ). ഉച്ചസൂര്യനെപോലെ ജ്വലിച്ചു നിൽക്കുന്ന ഈ വിശ്വജ്യോതിസ്സിന്റെ പ്രഭ തടയാൻ ദുഷ്ടമാനസർ നിരന്തരം ആവർത്തിക്കുന്ന ആരോപണമാണ് അവിടുത്തെ ബഹുഭാര്യാത്വം. വാസ്തവത്തിൽ റസൂൽ തിരുമേനി(സ) യുടെ സ്വഭാവ വൈശിഷ്ട്യം വെളിവാക്കുന്നതാണ് അവിടുത്തെ വിവാഹങ്ങൾ.

**31**
**ലോകസമാധാനവും സുരക്ഷിതത്വവും നമ്മുടെ കാലഘട്ടത്തിന്റെ നിർണായക പ്രശ്നങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള നേതാവ് ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) ഡച്ച് നാഷണൽ പാർലമെന്റിൽ വിദേശകാര്യ സ്പെഷ്യൽ കമ്മിറ്റി അംഗങ്ങളെ അഭിസംബോധനചെയ്ത് കൊണ്ട് 2015 ഒക്ടോബർ 6–ാം തീയതി നടത്തിയ പ്രഭാഷണം.



**36**
**ജനറൽ സിയാഉൽ ഹഖിന്റെ പതനം: വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ**
മൗലാനാ മുഹമ്മദ് ഉമർ, കോഴിക്കോട്

**39**
കുറിപ്പുകൾ
**കേരളത്തിലെ കത്തുന്ന വേനൽ**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**സുൽത്താൻ നസീർ**
**ഫോൺ**: 9544274240

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed

## വിശുദ്ധ ഖുർആനിൽ നിന്ന്

അവരുടെ ഹൃദയങ്ങളിൽ ഒരു രോഗമുണ്ടായിരുന്നു. പിന്നെ അല്ലാഹു അവർക്ക് അവരുടെ രോഗങ്ങൾ വർധിപ്പിച്ചു. അവർ കള്ളം പറഞ്ഞു കൊണ്ടിരിക്കുന്ന കാരണത്താൽ അവർക്ക് വേദനാജനകമായ ശിക്ഷ ലഭിക്കുന്നതാണ്. നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കരുതെന്ന് അവരോട് പറയപ്പെടുമ്പോൾ ഞങ്ങൾ നന്മ പ്രവർത്തിക്കുന്നവർ മാത്രമാണെന്ന് അവർ പറയും. (2:12)





## നബിവചനം

അബൂ ഹുറൈറയിൽ നിന്ന് നിവേദനം: നബിതിരുമേനി(സ) അരുളി: ജ്ഞാനം ജനങ്ങളിൽനിന്ന് നഷ്ടപ്പെടും. അജ്ഞതയും കുഴപ്പവും പ്രത്യക്ഷപെടും. ഹറജ് വർധിക്കും. അപ്പോൾ ഒരാൾ ചേദിച്ചു. അല്ലാഹുവിന്റെ ദൂതരെ, എന്താണ് ഹറജ്? നബി(സ) കൈ അനക്കിയിട്ട് ഇങ്ങനെ ആംഗ്യം കാണിച്ചു. അത് കണ്ടപ്പോൾ നബിതിരുമേനി (സ) കൊലയാണ് ഉദ്ദേശിച്ചതെന്ന് മനസ്സിലായി (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

പാപം യഥാർഥത്തിൽ ഒരു വിഷമാണ്. മനുഷ്യന് ദൈവത്തോടുള്ള അനുസരണവും ദൈവത്തോടുള്ള ആവേശപൂർണമായ സ്നേഹവും സ്നേഹോദാരമായ ദൈവസ്മരണയും ഇല്ലാതെ വരികയും അതിൽ ഭാഗ്യഹീനനായി തീരുകയും ചെയ്യുമ്പോഴാണ് അതുണ്ടാകുന്നത്. ഒരു വൃക്ഷം ഭൂമിയിൽ നിന്ന് വേരോടെ കടപുഴകി വീണാൽ അതിന് ഭൂമിയിൽ നിന്നുള്ള ജലം വലിച്ചെടുക്കാൻ കഴിയുന്നതല്ല. അത് ദിനം പ്രതി വാടിയുണങ്ങി പോവുകയും അതിന്റെ എല്ലാ പച്ചപ്പും അതിന് നഷ്ടപ്പെട്ടു പോവുകയും ചെയ്യും. ഏതൊരു ഹൃദയവും അല്ലാഹുവിനോടുള്ള സ്നേഹത്തിൽ നിന്നും വേരറുക്കപ്പെടുന്നുവോ അയാളുടെ നിലയും ഇത് തന്നെയാണ്. ചുരുക്കത്തിൽ ഉണക്ക വൃക്ഷത്തെയെന്ന പോലെ പാപം ഒരാളുടെ ഹൃദയത്തെ അധീനപ്പെടുത്തികളയുന്നു. (സിറാജുദ്ദീൻ ഈസായി കെ ചാർ സവാലൊം കാ ജവാബ്. ഭാ. 2)



എഡിറ്റോറിയൽ

# വിവാഹ ജീവിതം ആത്മീയതയുടെ ഇസ്‌ലാമിക മാർഗ്ഗം


ആത്മീയതയുടെ ഉദാത്ത രൂപം ബ്രഹ്മചര്യത്തിലും ജീവിത വിരക്തിയിലുമധിഷ്ഠിതമായ സന്യാസ ജീവിതമാണ് എന്ന സിദ്ധാന്തം പല മതസ്ഥരും ഉന്നയിക്കുന്നു. ഈ ആത്മീയ ആത്യന്തിക വാദത്തെ വിശുദ്ധ ഖുർആൻ നിരാകരിക്കുന്നു. ഇത്തരം നിലപാടുകൾ മത ലോകത്തെ അപഭ്രംശങ്ങളായി കരുതുന്ന ഖുർആൻ പറയുന്നു: ഗ്രന്ഥാനുസാരികളെ നിങ്ങളുടെ മതകാര്യങ്ങളിൽ അന്യായമായ നിലയിൽ നിങ്ങൾ അതിരു കവിയരുത്. മുമ്പ് വഴികേടിലായിപ്പോയ ജനതയുടെ സ്വേച്ഛകളെ നിങ്ങൾ പിൻപറ്റുകയുമരുത്. അവർ നിരവധി പേരെ വഴിതെറ്റിക്കുകയും (സ്വയം) നേർവഴിയിൽ നിന്ന് തെറ്റിപ്പോകുകയും ചെയ്തു. (5:78). മനുഷ്യ പ്രകൃതിക്കും അവന്റെ യുക്തിബോധത്തിനും നിരക്കുന്ന മധ്യമാർഗമാണ് ഇസ്‌ലാം ആത്മീയ മാർഗമായി നിർദേശിക്കുന്നത്. അതാകട്ടെ അയത്ന ലളിതവും ഋജുവായതുമാണ്. ഖുർആൻ പറയുന്നു: അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. (2:186)

പല മതങ്ങളിലും സന്യാസ സമൂഹ പ്രസ്ഥാനങ്ങൾ (മൊണാസ്റ്റിസിസം) കാണാം. ലൗകിക വിരക്തരായി കുടുംബ ജീവിതത്തിൽ നിന്ന് വിടുതൽ നേടി ബ്രഹ്മചര്യമനുഷ്ഠിച്ച് അവർ കൂട്ടായും ഒറ്റയായും ജീവിതം നയിക്കുന്നു. സന്യാസ ജീവിതം നയിക്കാൻ ദൈവം ഒരുകാലത്തും മനുഷ്യനോട് ആജ്ഞാപിച്ചിട്ടില്ല. സന്യാസ ജീവിതം മനുഷ്യൻ മതത്തിന്റെ പേരിൽ കൃത്രിമമായുണ്ടാക്കിയ ഒരു സമ്പ്രദായമാണെന്നും പ്രകൃതി വിരുദ്ധമായതിനാൽ അത് നിഷ്ഫലവും അസാധ്യവുമാണെന്നുമാണ് ഖുർആന്റെ വാദം. സന്യാസ സമ്പ്രദായം അവർ നൂതനായി കെട്ടിച്ചമച്ചുണ്ടാക്കിയതാണ്. അല്ലാഹുവിന്റെ തൃപ്തിയെ ആഗ്രഹിക്കുക എന്നല്ലാതെ നാം അത് (സന്യാസം) അവർക്ക് ശുപാർശ ചെയ്തിട്ടില്ല. എന്നിട്ട് അവരതിനെ വേണ്ട വിധം പാലിച്ചുമില്ല. (57:28)

കുടുംബ ബന്ധം പുലർത്താനും രക്തബന്ധങ്ങളുടെ പവിത്രത നിലനിർത്താനും മനുഷ്യ വംശത്തോടായി അല്ലാഹു ചെയ്യുന്ന ആഹ്വാനം ശ്രദ്ധേയമാണ്: മനുഷ്യരെ നിങ്ങളെ ഒരേയൊരു സത്തയിൽ നിന്ന് സൃഷ്ടിക്കുകയും അതിൽ നിന്ന് അതിന്റെ ഇണയേയും സൃഷ്ടിക്കുകയും അവ രണ്ടിൽ നിന്നുമായി നിരവധി പുരുഷന്മാരേയും സ്ത്രീകളേയും വ്യാപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ നാഥനെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. ഏതൊരുത്തനെ മുൻനിർത്തി നിങ്ങൾ പരസ്പരം ചോദിക്കുന്നുവോ ആ അല്ലാഹുവിനെ സൂക്ഷിക്കുക. രക്തബന്ധങ്ങളുടെ കാര്യത്തിൽ നിങ്ങൾ അവനെ (പ്രത്യേകം) സൂക്ഷിക്കുക. നിശ്ചയമായും അല്ലാഹു നിങ്ങളുടെ മേൽനോട്ടക്കാരനാണ്. (4:2). ക്രിസ്തുവും ശ്രീകൃഷ്ണനും മോസസും അബ്രഹാമും ബുദ്ധനുമടക്കം എല്ലാ മതസ്ഥാപകന്മാരും വിവാഹിതരും കുടുംബ ജീവിതം നയിച്ചവരുമായിരുന്നു. അവരിൽ പലരും ബഹുഭാര്യമാർ ഉള്ളവരുമായിരുന്നു. ഇസ്‌ലാമിന്റെ അദ്ധ്യാപനവും അത് തന്നെയാണ്. ഖുർആൻ പറയുന്നു. സത്യമായും നിനക്ക് മുമ്പ് നാം പല ദൂതന്മാരേയും അയച്ചിട്ടുണ്ട്. അവർക്ക് ഭാര്യമാരേയും സന്തതികളേയും നൽകി. (13:39). റസൂൽ തിരുമേനി (സ) അരുളി: വിവാഹ ജീവിതമാണ് നമ്മുടെ മാർഗം. നമ്മുടെ മാർഗത്തിൽ നിന്നും മുഖം തിരിച്ചവൻ നമ്മിൽ പെട്ടവനല്ല. (മുസ്‌ലിം)

ദാമ്പത്യജീവിതം ആത്മീയ മാർഗത്തിന് ഹാനികരമായ ഒന്നായി ഇസ്‌ലാം കരുതുന്നില്ല. വാഗ്ദത്ത മസീഹ് (അ) പറയുന്നു: അങ്ങനെ അവൻ കൽപ്പിച്ചിരുന്നുവെങ്കിൽ സകല ജനങ്ങളും അതനുസരിച്ച് പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരാവുകയും തൽഫലമായി മനുഷ്യ വർഗത്തിന്റെ സന്താനോൽപ്പാദന ക്രിയ നശിച്ച് വളരെ മുമ്പ് തന്നെ ലോകമവസാനിച്ചുപോകുകയും ചെയ്യുമായിരുന്നു. തന്നെയുമല്ല ചാരിത്രത്തെ പാലിക്കുന്നതിന് ജനനേന്ദ്രിയത്തെ നശിപ്പിക്കുക തുടങ്ങിയ മാർഗങ്ങളെ അവലംബിക്കുകയാണെങ്കിൽ അത് ആ അവയവം പ്രദാനം ചെയ്ത സൃഷ്ടി കർത്താവിന്റെ നേരെയുള്ള ഒരെതിർപ്പുമായിരിക്കുന്നതാണ്. ശക്തിയുണ്ടായിരിക്കെ ഒരുവൻ ദൈവത്തോടുള്ള ഭക്തി നിമിത്തം ദുഷ്പ്രേരണകളേയും ദുർവികാരങ്ങളേയും ജയിച്ചടക്കുന്നതിലാണ് പുണ്യമിരിക്കുന്നത്. (ഇസ്‌ലാം മത തത്ത്വജ്ഞാനം)

മനുഷ്യന്റെ ആത്മീയ ജീവിതത്തെ പൂർണതയിലെത്തിക്കുന്ന ഒരു അനുഗൃഹീത കർമമാണ് കുടുംബ ജീവിതം. അതിൽ ഇസ്‌ലാമിക നീതിയനുസരിച്ച് ബഹുഭാര്യമാരെ സ്വീകരിച്ച് കുടുംബ ജീവിതം നയിക്കുക എന്നതുൾപ്പെടുന്നു. മതം അനുശാസിക്കുന്ന ധാർമിക നീതി പാലിച്ചുകൊണ്ട് ഭാരിച്ച ഉത്തരവാദിത്വത്തോടെ ബഹുമുഖമായി ജീവിത വ്യാപാരങ്ങളിൽ ഏർപ്പെടുക എന്നത് സന്യാസ ജീവിതത്തേക്കാൾ പ്രയാസകരവും പ്രാരംബദങ്ങൾ കൂടിയതുമാണ്. ധാർമികബദ്ധമായ ഒരു നിയമം മുറുകെ പിടിച്ചുകൊണ്ട് വൈവിധ്യ പൂർണമായ ജീവിത പ്രശ്നങ്ങളോട് മനുഷ്യൻ പ്രതികരിക്കുകയും പ്രതിപ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് അവന്റെ ആത്മീയവും ധാർമികവുമായ മുഴുവൻ കഴിവുകളും പുഷ്ക്കലമായി മനുഷ്യൻ പൂർണനായിത്തീരുന്നത്.



ഹദ്റത്ത് അഹ്മദ് (അ)

# പ്രകാശിക്കുന്ന പൂർണമനുഷ്യൻ

സൂര്യനിൽ എന്ന പോലെ മനുഷ്യാത്മാവിലും ഒരു തേജസ്സ് അഥവാ, വിവേക ബുദ്ധിയുടെയും ജ്ഞാനത്തിന്റെയും പ്രകാശം സ്ഥിതി ചെയ്യുന്നുണ്ട്. അതുമൂലം അവന് മുഴുലോകത്തെയും പ്രകാശ മാനമാക്കിത്തീർക്കുവാൻ സാധിക്കുന്നതാണ്. ചന്ദ്രനെപോലെ അവൻ സർവ തേജോകേന്ദ്രമായ ദൈവത്തിൽ നിന്നുള്ള ആത്മദർശനവും ദിവ്യവെളിപാടുമാകുന്ന പ്രകാശം സ്വീകരിക്കുകയും മനുഷ്യ പൂർണത സിദ്ധിക്കാതെ അന്ധകാരത്തിൽ വർത്തിക്കുന്നവർക്ക് തൽപ്രഭാപൂരം വിതരണം ചെയ്യുകയും ചെയ്യുന്നു. അതിനാൽ പ്രവാചക പട്ടം വെറും ഭോഷ്കാണെന്നും സർവോന്നതനായ ദൈവത്തിൽ നിന്നുള്ള ദൗത്യവും ധർമനിയമവും തത്ത്വഗ്രന്ഥവുമെല്ലാം സ്വാർഥത പുലർത്തുന്നതിനുള്ള കുതന്ത്രമാണെന്ന് പറയുന്നത് തീരെ ബുദ്ധിപൂർവകമല്ല.

പകൽ പ്രകാശ പൂർണമായിരിക്കുന്നത് കൊണ്ട് സകല മാർഗങ്ങളും പാതകളും അവയുടെ ഉയർച്ചയും താഴ്ച്ചയും കുന്നും കുഴിയുമെല്ലാം തെളിഞ്ഞു കാണുമാറാകുന്ന പ്രകാരം, അദ്ധ്യാത്മ പ്രഭയുടെ അഹസ്സാകുന്ന പരിപൂർണ മനുഷ്യന്റെ ആവിർഭാവത്താൽ എല്ലാമാർഗ്ഗവും ദൃഷ്ടി ഗോചരമായി ഭവിക്കുന്നതാണ്. ആസൽപുമാൻ സത്യത്തിന്റെയും സൽഗതിയുടെയും ഉജ്ജ്വല ദിനമായിരിക്കുന്നതിനാൽ സത്യാസത്യങ്ങളെ വേർതിരിച്ച് നേരായ മാർഗ്ഗം കാണിച്ചു തരുന്നു. ഇതേപ്രകാരം, രാത്രിയാകട്ടെ ക്ഷീണിതർക്കും ബലഹീനർക്കും വിശ്രമം നൽകുന്നു എന്നത് പ്രത്യക്ഷമാണ്. പകൽ സമയം ജോലി ചെയ്ത് ക്ഷീണിക്കുന്ന തൊഴിലാളികൾ നിശയാകുന്ന ശയ്യയിൽ വിശ്രമിക്കുകയും സുഖമായി നിദ്ര കൊള്ളുകയും ചെയ്യുന്നു. തന്നെയുമല്ല, രാത്രി എല്ലാവരുടേയും കുറ്റങ്ങളും കുറവുകളും മറയ്ക്കുന്ന ഒരാവരണം കൂടിയാണ്. ഈ വിധം തന്നെ പരിപൂർണ്ണ് ഗുണങ്ങളോടു കൂടിയ ദൈവദാസൻ ലോകത്തിന് സൗഖ്യവും ആശ്വാസവും പ്രദാനം ചെയ്യുവാനായിട്ടാണ് ആവിർഭവിക്കുന്നത്. ദൈവത്തിന്റെ പ്രേമാത്മകമായ ഭാഷണവും വെളിപാടും സിദ്ധിച്ച പുണ്യാത്മാവ് വിവേക ജ്ഞാനികളുടെ ആന്തരീയ രോഗങ്ങൾ നിഗ്രഹിച്ച് അവർക്ക് സൗഖ്യവും സമാശ്വാസവും നൽകുന്നു. മഹാബുദ്ധിമാന്മാർക്ക് പോലും കണ്ടെത്താൻ സാധിക്കാത്ത ആത്മീയ തത്ത്വങ്ങളും ജ്ഞാനരഹസ്യങ്ങളും ആ ദൈവദാസൻ മുഖേന വെളിപ്പെടുകയും സുഗ്രാഹ്യമായി ഭവിക്കുകയും ചെയ്യുന്നു. ദൈവവചനത്തിന്റെ വെളിപാട് മനുഷ്യന്റെ വിവേക ബുദ്ധിയെ തീക്ഷ്ണതരമാക്കുകയും അതിന്റെ ന്യൂനതകളെ മറച്ചുകളയുകയും അതിന്റെ വീഴ്ച്ചകൾ ലോകത്തിന് വെളിപ്പെടാതിരിക്കാൻ സൂക്ഷിക്കുകയും ചെയ്യുന്നു. വിവേകികൾ ദൈവചനത്തിന്റെ പ്രകാശം സിദ്ധിക്ക മൂലം ആന്തരീയമായ തങ്ങളുടെ തെറ്റുകൾ തിരുത്തുകയും ദൈവത്തിന്റെ വിശുദ്ധ വെളിപാടിന്റെ സഹായത്താൽ ലോകാപവാദത്തിൽ നിന്ന് സ്വയം രക്ഷിക്കുമാറാകുകയും ചെയ്യുന്നു. അതിനാലാണത്രെ ഇസ്‌ലാമിലുണ്ടായ ഒരു തത്ത്വജ്ഞാനിയും യവന ദാർശനികനായ പ്ലാറ്റോ (അഫ്‌ലാത്തൂൻ)വിനെ പോലെ വിഗ്രഹത്തിന് ബലിയർപ്പിക്കാതിരുന്നത്. ഏതാദൃശമായ പ്രകാശസിദ്ധിക്ക് ഭാഗ്യമില്ലാതിരുന്നതിനാൽ പ്ലാറ്റോ തെറ്റിദ്ധാരണകൾക്ക് വശഗതനായി ഭവിച്ചു. മഹാ തത്ത്വജ്ഞാനിയായിരുന്നിട്ടും അദ്ദേഹത്തിന് അനഭിലഷണീയമായ ഈ മൗഢ്യം പിണയുക തന്നെ ചെയ്തു. എന്നാൽ ഇസ്‌ലാമിലെ തത്ത്വജ്ഞാനികളെ ഇത്തരം വിവേക ശൂന്യമായ ക്രിയകളിൽ നിന്ന് നിരോധിച്ചത്, നബി നായകൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ ഉപദർശനമാണെന്ന കാര്യം നിസ്സന്ദേഹമത്രേ. ഇങ്ങനെ ദൈവവചനമാകുന്ന വെളിപാട് രാത്രിയെ പോലെ വിവേകികൾക്ക് ഒരാവരണമായി തീരുന്നു. (ഇസ്‌ലാംമത തത്ത്വജ്ഞാനം )




അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2016 ഏപ്രിൽ 22ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബ

# വാഗ്ദത്ത മസീഹിന്റെ കർമ്മശാസ്ത്ര വിധികളുടെ രീതി.

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) (ഖലീഫത്തുൽ മസീഹ് രണ്ടാമൻ) മനുഷ്യന് രണ്ടുകാര്യങ്ങളുടെ പവിത്രത വളരെ ആവശ്യമാണെന്ന് വിവരിക്കുകയുണ്ടായി. അവയിലൊന്ന് വിചാരവും ചിന്തയുമാണ്. രണ്ടാമത്തേത് സൂക്ഷ്മമായ വികാരങ്ങളാണ്. അതായത് നന്മ ചെയ്യാനുള്ള വികാരങ്ങൾ. മനസ്സ് തികവാർന്ന നിലയിൽ പവിത്രമായിരിക്കുമ്പോഴാണ് സ്ഥിരമായി നിലനില്ക്കുന്ന നന്മയും പരിശുദ്ധമായ വികാരങ്ങളും ഉണ്ടാകുന്നത്. ചിന്തകളുടെ വിശുദ്ധി-അതായത് ശ്രദ്ധയും വിചാരവും ചിന്തയും എപ്പോഴും സംശുദ്ധമായിരിക്കുന്നതിന് അറബിയിൽ പറയുന്നത് 'തൻവീർ' (പ്രകാശനം) എന്നാണ്- ബുദ്ധിയുടെ സംശുദ്ധിയിൽനിന്നാണ് ലഭിക്കുന്നത്. മനുഷ്യന്റെ ഉള്ളിൽ എപ്പോഴും ശരിയായ ചിന്ത ഉണ്ടാക്കുംവിധമുള്ള പ്രകാശം സൃഷ്ടിക്കുന്ന കാര്യത്തിനാണ് 'തൻവീർ' എന്നു പറയുന്നത്. അധ്വാനംകൊണ്ട് പരിശുദ്ധ ചിന്ത ഉണ്ടാക്കുക എന്നതല്ല തൻവീർ. പ്രത്യുത ഒരിക്കലും ദുഷ്ചിന്തകൾ വരാത്തവണ്ണം എപ്പോഴും ശരിയായ ചിന്തകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന കഴിവുണ്ടാകുക. ഇക്കാര്യങ്ങൾ നിരന്തരമായ ശ്രമവും അല്ലാഹുവിന്റെ അനുഗ്രഹവും ഒന്നുകൊണ്ടുമാത്രമേ ഉണ്ടാകുകയുള്ളൂ എന്നത് വ്യക്തമാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

'ഞാനിത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽനിന്ന് നേരിട്ട് കേട്ടതാണ്. ചിലപ്പോൾ ആ മഹാത്മാവിനോട് കർമശാസ്ത്രപരമായ എന്തെങ്കിലും പ്രശ്നം ചോദിക്കുമ്പോൾ- അത്തരം കാര്യങ്ങൾ അധികവും ഓർമയുണ്ടാകുന്നത് എപ്പോഴും അതേ ജോലിയിൽ വ്യാപൃതരായിരിക്കുന്നവർക്കാണ്- മിക്കപ്പോഴും അവിടന്ന് പറയുന്നത് മൗലവി നൂറുദ്ദീൻ സാഹിബിനോട് ചോദിക്കുക എന്നായിരിക്കും. അല്ലെങ്കിൽ മൗലവി അബ്ദുൽകരീം സാഹിബിനോട് ചോദിക്കാൻ നിർദേശിക്കും. അല്ലെങ്കിൽ മൗലവി സയ്യിദ് അഹ്സൻ സാഹിബിനോട് ചോദിക്കാൻ പറയും. അല്ലെങ്കിൽ മറ്റേതെങ്കിലും മൗലവിമാരുടെ പേര് പറഞ്ഞുകൊടുക്കും. ദൈവനിയോഗിതനെന്ന നിലയിൽ ലോകത്തിന് മാർഗദർശം നല്കേണ്ട അത്യാവശ്യകാര്യമാണ് അതെന്ന് കണ്ടാൽ അവിടന്ന് നേരിട്ട് അക്കാര്യം വിശദീകരിച്ചുകൊടുക്കും. എന്നാൽ, ആധുനിക സാങ്കേതിക പ്രശ്നങ്ങളുമായി ബന്ധമില്ലാത്ത കാര്യമാണെങ്കിൽ, ഇന്ന മൗലവിയോടു ചോദിക്കാൻ നിർദേശിക്കും. ആ മൗലവി സാഹിബ് സദസ്സിലിരിപ്പുണ്ടെങ്കിൽ ഇക്കാര്യം എന്താണെന്ന് അദ്ദേഹത്തോടു ചോദിക്കുകയും ചെയ്യും. ഇന്ന മൗലവിയോടു ചോദിക്കാൻ പറയുന്നതിനോടൊപ്പം, ഇക്കാര്യം ഇങ്ങനെയായിരിക്കും എന്നാണ് താൻ വിചാരിക്കുന്നതെന്ന് അവിടന്ന് പറയുകയും ചെയ്യാറുണ്ടായിരുന്നു. എന്നിട്ടു പറയും: 'ഏതെങ്കിലും കാര്യത്തെ കുറിച്ച് അറിവില്ലാതിരുന്നിട്ടും, അതിനെ സംബന്ധിച്ച് ഞാൻ എന്റെ സഹജാവബോധത്തിന്റെ അടിസ്ഥാനത്തിൽ എന്റെ അഭിപ്രായം പറഞ്ഞതിനു ശേഷം അക്കാര്യം അതേരീതിയിൽ പിന്നീട് ഹദീഥുകൊണ്ടും സുന്നത്തുകൊണ്ടും സ്ഥാപിതമായത് നാം പരീക്ഷിച്ചറിഞ്ഞിട്ടുള്ളതാണ്.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'മനുഷ്യബുദ്ധിയിൽ ഉണ്ടാകുന്ന ശരിയായ ചിന്തകൾക്ക് 'തൻവീർ' എന്നു പറയുന്നു. താനിപ്പോൾ ആരോഗ്യവാനാണെന്ന് ഒരാൾ പറയുമ്പോൾ അയാൾ ഒരു നിശ്ചിത സമയത്ത് ആരോഗ്യവാനാണ്. അപ്രകാരം അയാൾ ഭാവിയിലും ആരോഗ്യവാനായിരിക്കും. അതുപോലെ തൻവീർ എന്നത് ചിന്തകളിലും വീക്ഷണ

ത്തിലുമുള്ള ഉചിതജ്ഞതയാണ്. ഭാവിയിലും ചിന്തയിലും വീക്ഷണത്തിലും പ്രഭാവം ചെലുത്തുന്ന ഔചിത്യദീക്ഷയുമാണ്. ഇതിന്റെ ഫലമായി ഭാവിയിലുണ്ടാകുന്ന ചിന്താഗതികളും ശരിയായിട്ടുള്ളതായിരിക്കണം. അവിടന്ന് പറയുന്നു: ആത്മീയാഭിവൃദ്ധിക്ക് തൻവീറെ ഫിക്ർ- പ്രകാശിപ്പിക്കുന്ന ചിന്ത- അനിവാര്യമാകുന്നപോലെ ആത്മീയാഭിവൃദ്ധിക്ക് ഭയഭക്തിയും പരിശുദ്ധിയും അനിവാര്യമാണ്. യാഥാർഥ്യമെന്താണെന്നുവെച്ചാൽ, തൻവീർ എന്നതിന്റെ അർത്ഥം ബുദ്ധിയുമായി ബന്ധപ്പെടുത്തി പറയുന്നതുപോലെതന്നെ തഖ്‌വയുടെ അർത്ഥം ഹൃദയവുമായി ബന്ധപ്പെടുത്തിയുള്ളതാണ്. ആളുകൾ സാധാരണയായി നന്മയേയും തഖ്‌വ അഥവാ ഭക്തിയേയും ഒരേയൊരു കാര്യമായിട്ടാണ് മനസ്സിലാക്കുന്നത്. വാസ്തവത്തിൽ നന്മ എന്നു പറയുന്നത് നമ്മൾ ചെയ്തുകഴിഞ്ഞിട്ടുള്ളതോ ചെയ്യണമെന്ന് തീരുമാനിച്ചിട്ടുള്ളതോ ആയ സൽകർമമാണ്. തഖ്‌വ എന്നാൽ ഭാവിയിലുണ്ടാകുന്ന മനുഷ്യ വികാരങ്ങൾ കൂടി നല്ലതായിരിക്കുക എന്നതാണ് . അതായത് ശ്രദ്ധയും ചിന്തയും വിചാരവും ബുദ്ധിയുമായി ബന്ധപ്പെട്ടതാണ്. ഇത് തൻവീറാണ്. വികാരങ്ങൾ നന്മയിൽ എപ്പോഴും നിലകൊള്ളുക എന്നതാണ് തഖ്‌വ. അതിന്റെ കാര്യം ഹൃദയവുമായി ബന്ധപ്പെട്ടതാണ്. ഒരു മനുഷ്യന് ചിന്തകളുടെ പ്രകാശനവും മനസ്സിന്റെ ഭക്തിയും ലഭിക്കുമ്പോൾ അവൻ ദുഷ്കർമങ്ങളുടെ ആക്രമണത്തിൽനിന്ന് സുരക്ഷിതനായിരിക്കുന്നു. തിന്മയുടെ ആക്രമണങ്ങളിൽനിന്ന് സുരക്ഷിതനായിരിക്കുമ്പോൾ, അത്തരം മനുഷ്യൻ അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ കീഴെ വന്നെത്തുന്നു. സാധാരണ കാര്യങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ചില ചോദ്യകർത്താക്കളെ ജമാഅത്തിന്റെ മറ്റു ആലിംകളുടെ അടുക്കലേക്ക് പറഞ്ഞയക്കാറുണ്ടായിരുന്നു എന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞതുപോലെതന്നെ. പക്ഷേ, വളരെ ചെറുതെന്ന് തോന്നുന്ന ധാരാളം ചോദ്യങ്ങളുണ്ട്. ഇതിൽ ജമാഅത്തിന്റെ ഉലമാക്കൾക്കും അവിടന്ന് തെറ്റു തിരുത്തിക്കൊടുക്കുമായിരുന്നു.

ഇതു സംബന്ധിച്ച് ഖാളി അമീർ ഹുസയ്ൻ സാഹിബ് പറയുന്നു: സാധാരണ അവസ്ഥകളിൽ യാത്രയിലായിരിക്കുമ്പോൾ ഖസ്ർ നമസ്കാരം അനുവദനീയമല്ലെന്നും യുദ്ധാവസ്ഥയിൽ, കുഴപ്പമുണ്ടാകുമെന്ന ഭീതിയുള്ളപ്പോൾ മാത്രമേ ഖസ്ർ അനുവദനീയമാകുകയുള്ളൂവെന്നുമുള്ള അഭിപ്രായക്കാരനായിരുന്നു ഞാൻ. ഇക്കാര്യത്തിൽ ഖലീഫ അവ്വലുമായി വാദപ്രതിവാദം നടത്താറുമുണ്ടായിരുന്നു. ഖാളി സാഹിബ് പറയുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) കേസിനായി ഗുരുദാസ്പൂരിൽ വന്നപ്പോൾ ഒരു പ്രാവശ്യം ഞാനും അവിടെ പോയി. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം അവിടെ മൗലവി സാഹിബ് അതായത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലും മൗലവി അബ്ദുൽ കരീം സാഹിബും ഉണ്ടായിരുന്നു. ളുഹർ നമസ്കാരത്തിന് സമയമായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്നോട് നമസ്കരിപ്പിക്കാൻ പറഞ്ഞു. അതായത് ഖാളി സാഹിബിനോട് നമസ്കരിപ്പിക്കാൻ പറഞ്ഞു. ഇന്ന് എനിക്ക് അവസരം കിട്ടിയിരിക്കുകയാണെന്നും അതുകൊണ്ട് ഖസ്റാക്കുകയില്ലെന്നും ദൃഢമായും ഞാൻ തീരുമാനിച്ചു. അങ്ങനെ ഇതിനൊരു തീരുമാനവും ആകുമല്ലോ. ഖസ്റാക്കാതെ തികച്ചും നമസ്കരിക്കുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നേരിട്ട് വിധി കല്പിക്കുകയും ചെയ്യും. ഖാളി സാഹിബ് പറയുന്നു: ഞാൻ അങ്ങനെ തീരുമാനിച്ച് അല്ലാഹു അക്ബർ പറയാൻ കൈയുയർത്തിയതേയുള്ളൂ, ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്റെ പിന്നിൽ വലതു ഭാഗത്ത് നില്ക്കുകയായിരുന്നു, പെട്ടെന്ന് ചുവട് മുന്നോട്ടുവച്ച് എന്റെ ചെവിയോടു ചേർത്ത് വായ മുട്ടിച്ച്, 'ഖാളി സാഹിബേ! രണ്ടല്ലേ നമസ്കരിക്കുകയുള്ളൂ'വെന്ന് ചോദിച്ചു. രണ്ടേ നമസ്കരിക്കുകയുള്ളൂവെന്ന് ഞാൻ പറഞ്ഞു. ഖാളി സാഹിബ് പറയുന്നു. ആ സമയം മുതൽ നമ്മുടെ പ്രശ്നം പരിഹരിക്കപ്പെട്ടു. എന്റെ ചിന്താഗതി ഞാൻ ഉപേക്ഷിക്കുകയും ചെയ്തു.'

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഉപോൽബലകമായി ഇതുംകൂടെ പറയട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവിധ സന്ദർഭങ്ങളിൽ കർമശാസ്ത്രപരമായ കാര്യങ്ങൾ വിശദീകരിക്കുക ഉണ്ടായിട്ടുണ്ട്. അല്ലാതെ എല്ലാ കാര്യങ്ങളും ഉലമാക്കളിലേക്ക് തിരിച്ചുവിട്ടു എന്നല്ല പറഞ്ഞതിന്റെ ഉദ്ദേശ്യം. അവിടന്ന് സ്വയംതന്നെയും കാര്യങ്ങൾ വിവരിക്കാറുണ്ടായിരുന്നു. ആ വിവിധ സന്ദർഭങ്ങളിലും വിവിധ മജ്‌ലിസുകളിലും വിവരിച്ചിട്ടുള്ള കർമശാസ്ത്രപരമായ കാര്യങ്ങൾ ഇപ്പോൾ നിളാറത്ത് ഇശാഅത്ത് പാകിസ്താൻ 'ഫിഖ്ഹുൽ മസീഹ്' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ അറിയുന്നതിന് ജമാഅത്തംഗങ്ങളും ആ ഗ്രന്ഥം വാങ്ങേണ്ടതാണ്. എന്തായാലും സമയവും സന്ദർഭവും കിട്ടുമ്പോൾ ഞാനും അക്കാര്യങ്ങൾ വിവരിച്ചുകൊണ്ടിരിക്കുന്നതാണ്.

ജുമുഅ നമസ്കാരത്തോടൊപ്പം അസ്ർ നമസ്കാരം ജംആക്കി നമസ്കരിക്കുകയാണെങ്കിൽ ജുമുഅ നമസ്കാരത്തിനു മുമ്പേയുള്ള സുന്നത്ത് നമസ്കരിക്കേണ്ടതുണ്ടോ? ഇത് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഒരു സ്നേഹിതനാണ് ഇതു വിവരിച്ചത്. ഒരു യാത്രയിൽ അദ്ദേഹം എന്നോടൊപ്പമുണ്ടായിരുന്നു. ഞാൻ ജുമുഅയും അസ്റും ജംആക്കി നമസ്കരിച്ചു. ജുമുഅക്ക് മുമ്പേയുള്ള സുന്നത്തും നമസ്കരിച്ചു. ഈ രണ്ട് കാര്യങ്ങളും ശരിയാണ്. നമസ്കാരം ജംആകുന്ന അവസരത്തിൽ സുന്നത്ത് മാപ്പാക്കപ്പെടുന്നു എന്ന കാര്യവും ശരിയാണ്. നബി(സ) ജുമുഅ നമസ്കാരത്തിന് മുമ്പേയുള്ള സുന്നത്തുകൾ നമസ്കരിക്കാറുണ്ടായിരുന്നു എന്നതും ശരിയാണ്. ഞാൻ അത് യാത്രയിൽ നമസ്കരിച്ചു. നമസ്ക

രിക്കാറുമുണ്ട്. അതിനു കാരണം ജുമുഅ നമസ്കാരത്തിനുമുമ്പേ നമസ്കരിക്കുന്ന നഫ്ലുകൾ ളുഹ്ർ നമസ്കാരത്തിനു മുമ്പേയുള്ള സുന്നത്തുകളിൽനിന്ന് വ്യത്യസ്തമാണ്. അവയെ യഥാർത്ഥത്തിൽ നബി(സ) തിരുമേനി ജുമുഅയുടെ ആദരവ് പരിഗണിച്ചാണ് നിലനിറുത്തിയത്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ യാത്രാവേളയിൽ ജുമുഅ നമസ്കരിക്കുന്നതും കണ്ടിട്ടുണ്ട്. ജുമുഅ നമസ്കരിക്കാത്തതും കണ്ടിട്ടുണ്ട്. യാത്രയിൽ ജുമുഅ നമസ്കരിക്കുകയാണെങ്കിൽ ഞാൻ ആദ്യത്തെ സുന്നത്തുകൾ നമസ്കരിക്കാറുണ്ട്. എന്റെ അഭിപ്രായത്തിൽ അത് നമസ്കരിക്കേണ്ടതാണ്. പൊതുവെയുള്ള ഫത്വ ഇതാണ്. കാരണം അത് സാധാരണ സുന്നത്തിൽനിന്ന് വ്യത്യസ്തമാണ്; ജുമുഅയെ ആദരിക്കുക എന്ന നിലയ്ക്കുള്ളതാണ്.

മനുഷ്യജീവിതത്തിൽ സന്തോഷത്തിന്റെ അവസരങ്ങൾ വ്യക്തിപരമായും വരുന്നു. ജമഅത്തുപരമായ നിലയിലും വരുന്നു. ദേശീയമായ നിലയിലും വരുന്നു. സന്തോഷത്തിന്റെ അവസരങ്ങളിൽ അവയുടെ പ്രകടനങ്ങളും ഉണ്ടാകുന്നു. പക്ഷേ ചിലയാളുകൾ ഇതിൽ അതിമിതത്വത്തിനും അമിതത്വത്തിനും ഇരയാകാറുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാലത്ത് നമ്മെ ഇസ്ലാമികാധ്യാപനമനുസരിച്ച് മധ്യമ വഴികളിൽ നടത്താനാണ് വന്നിട്ടുള്ളത്. അവിടന്ന് നമുക്ക് വളരെ ചെറുതായ കാര്യങ്ങളെ സംബന്ധിച്ചും മാർഗദർശനം നല്കി; ദീനീപരമായ കാര്യങ്ങളിലും ഭൗതികമായ കാര്യങ്ങളിലും മാർഗദർശനം നല്കി. നമസ്കാരത്തെക്കുറിച്ച് ഞാൻ പറഞ്ഞുവന്നതാണ്. ഭൗതികമായൊരു സന്തോഷാവസരത്തിൽ എങ്ങനെയാണ് അത് പ്രകടിപ്പിക്കേണ്ടത് എന്നതിനെ സംബന്ധിച്ച്, ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്തു മാർഗദർശനമാണ് നമുക്ക് നല്കിയതെന്ന് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറഞ്ഞത് ഞാൻ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുകയാണ്. അവിടന്ന് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) നിന്ന്, ദീപാലങ്കാരം നടത്താമെന്ന സമ്മതിയുണ്ട്. വിക്ടോറിയ രാജ്ഞിയുടെ ജൂബിലി ആഘോഷത്തിൽ ദീപാലങ്കാരം നടത്തപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ രീതിയിൽ സന്തോഷം പ്രകടിപ്പിച്ചതിൽ ഒരു യുക്തിയുണ്ട്. മുഅ്മിന്റെ എല്ലാ ഓരോ കാര്യവും യുക്തി ഉൾക്കൊള്ളുന്നതായിരിക്കും. ദീപാലങ്കാരം വിശാലമായ നിലയിൽ നടത്തുമ്പോൾ, എല്ലാ വീടുകളിലും നടത്തേണ്ടത് നിർബന്ധമാണെന്ന് നിർദേശമുണ്ടാകുമ്പോൾ, പ്രത്യേകിച്ചും അതിന്റെ ചെലവു അനുസരിച്ച് ഫലം കാണുന്നില്ലെങ്കിലും അത് ദേശീയവും രാഷ്ട്രീയവുമായ ആവശ്യമാണെങ്കിൽ, അല്ലെങ്കിൽ കൂടുതൽ വെളിച്ചത്തിന്റെ ആവശ്യമാണെങ്കിൽ അവിടെ അത് നടത്തുന്നതുകൊണ്ട് കുറ്റമൊന്നുമില്ല; ഹദ്റത്ത് ഉമർ(റ) മസ്ജിദിൽ കൂടുതൽ വെളിച്ചത്തിനുള്ള ഏർപ്പാട് ചെയ്തിരുന്നതുപോലെ. മസ്ജിദ് കൂടുതൽ വെളിച്ചം ആവശ്യമുള്ള സ്ഥലമാണ്. കാരണം ജനങ്ങൾ അവിടെ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നു. അല്ലെങ്കിൽ മതഗ്രന്ഥങ്ങൾ വായിക്കുന്നു. അതുകൊണ്ട് ഹദ്റത്ത് ഉമർ(റ) മസ്ജിൽ കൂടുതൽ വെളിച്ചത്തിനുള്ള ഏർപ്പാടുണ്ടാക്കിയിരുന്നെങ്കിൽ, അതിൽ യുക്തി ഉണ്ടായിരുന്നു. സന്തോഷം ആഘോഷിക്കപ്പെടുന്നത്, മനുഷ്യകുലത്തിന് അതുകൊണ്ട് ഏറ്റവും കൂടുതൽ ഫലമുണ്ടാകുന്നതിനാണെന്ന് നമ്മൾ കാണുന്നു. ഉദാഹരണത്തിന് പെരുന്നാൾ, അതിൽ ബലിയറുക്കുമ്പോൾ സാധുക്കൾക്ക് മാംസം ലഭിക്കുന്നു. ഈദുൽ ഫിത്റിൽ ചെറിയപെരുന്നാളിലെ ദാനധർമം(ഫിത്റാന)കൊണ്ട് ദരിദ്രർക്ക് സഹായം ലഭിക്കുന്നു. ഇസ്ലാം എവിടെയൊക്കെ സന്തോഷം ആഘോഷിക്കാൻ കല്പിച്ചിട്ടുണ്ടോ, രാജ്യത്തിനും മനുഷ്യകുലത്തിനും ഏറ്റവും കൂടുതൽ നന്മ ചെയ്യുന്ന രീതിയിൽ അതാഘോഷിക്കാനാണ് ഊന്നി പറഞ്ഞിട്ടുള്ളത്. പക്ഷേ, ദീപാലങ്കാരത്തിന്റെ രീതി നോക്കുമ്പോൾ അത്തരം ഒരു ഫലവും ഉണ്ടാകുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) ദീപാലങ്കാരം നടത്തിയിട്ടുണ്ടെങ്കിൽ അതൊരു രാഷ്ട്രീയ ഉദ്ദേശ്യത്തിലധിഷ്ഠിതമായിട്ടായിരുന്നു. ചില സമയങ്ങളിൽ അവിടന്ന് ഞങ്ങൾക്ക് പടക്കങ്ങളും വാങ്ങിത്തന്നിരുന്നു. കുട്ടികളുടെ മനസ്സ് സന്തോഷിക്കാനായിരുന്നു അത്. ഗന്ധകം കത്തുമ്പോൾ രോഗാണുക്കൾ നശിക്കുന്നുവെന്ന് പറയാറുണ്ടായിരുന്നു. വെറും കുട്ടികളെ സന്തോഷിപ്പിക്കുന്നതിനു വേണ്ടിയല്ല, മറിച്ച് പടക്കങ്ങളിൽ ഗന്ധകമുണ്ട്. അത് കത്തുമ്പോൾ അന്തരീക്ഷം ശുദ്ധീകരിക്കപ്പെടുന്നു. അവിടന്ന് പല പ്രാവശ്യവും ഞങ്ങൾക്ക് പടക്കവും പൂത്തിരിയും വാങ്ങിപ്പിച്ചുതന്നിട്ടുണ്ട്. കുട്ടികൾ അല്പം സന്തോഷിക്കുകയാണെങ്കിൽ അതിൽ കുറ്റമൊന്നുമില്ല. അവരുടെ വികാരങ്ങൾ തികച്ചും അടിച്ചമർത്താൻ പാടില്ല. കളിച്ചും ചാടിയും നടക്കുന്ന പ്രായത്തിൽ ഇസ്ലാം അവരുടെ അനുവദനീയ ആവശ്യങ്ങൾ തടയുന്നില്ലെന്നുള്ള ബോധം കുട്ടികളിൽ നിലനില്ക്കേണ്ടതാണ്. ഉദാഹരണത്തിന് ദീപാലങ്കാരം, പടക്കം പൊട്ടിക്കൽ തുടങ്ങിയവ ദേശത്തിന്റെ മൊത്തത്തിലുള്ള സന്തോഷത്തിൽ ഉൾപ്പെടുമ്പോൾ, അതുമുഖേന രാജ്യത്തോടുള്ള ബന്ധത്തിന്റെ ഒരു പ്രകടനവും ഉണ്ടാകുന്നു. കുട്ടികൾക്ക് സന്തോഷത്തിനുള്ള വകയുമാകുന്നു. അതുകൊണ്ട് സന്ദർഭത്തിന്റേയും സാഹചര്യത്തിന്റേയും അടിസ്ഥാനത്തിലും മധ്യമനില കൈക്കൊണ്ട് ഏതെങ്കിലും പരിപാടിയിൽ പങ്കെടുത്താൽ കുറ്റമൊന്നുമില്ല. പക്ഷേ, ഇത് കുട്ടികൾക്ക് കുട്ടിക്കാലത്തുതന്നെ പറഞ്ഞുകൊടുക്കണം; ഇസ്ലാമിക അധ്യാപനത്തിന്റേയും രാജ്യത്തിന്റെ നിയമത്തിന്റേയും ഉള്ളിൽ നിന്നുകൊണ്ടാണ് നമ്മൾ ഇക്കാര്യങ്ങൾ ചെയ്യുന്നതെന്നും, ചെയ്യുകയെന്നും. ●

# ദിവ്യവെളിപാടുകളും മറ്റു മാനസിക പ്രതിഭാസങ്ങളും

ദിവ്യപാടുകൾ മനുഷ്യ ബാഹ്യമായ ഒരു കേന്ദ്രത്തിൽനിന്ന് വരുന്നതാണ്. എന്നാൽ അതേ രീതിയിൽ പ്രകടമാവുന്ന മാനസിക പ്രതിഭാസങ്ങൾ മനുഷ്യ ശരീരത്തിന്റെ അമൂർത്ത സങ്കീർണമായ അന്തർ മണ്ഡലത്തിൽ നിന്ന് ഉരുവം കൊള്ളുന്നതാണ്. അത് ചിലപ്പോൾ ശാസ്ത്രജ്ഞന്മാർക്കും ഉണ്ടാവാം. മൂസാ നബി(അ)യും മാന്ത്രികരുമായുള്ള മത്സര പരീക്ഷണത്തിൽ മാന്ത്രികർ മാനസിക മേധാശക്തിയാണ് പ്രകടിപ്പിച്ചത്.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

വെളിപാട് എന്നത് ഒരാളുടെ അന്തർ മണ്ഡലത്തിൽ ബോധ പൂർവമോ, അബോധാത്മകമോ ആയ ജ്ഞാനാന്വേഷണത്തെ വിവരിക്കുന്നതിന് ഉപയോഗിക്കുന്ന കേവലമൊരു പദം മാത്രമാണോ? മനുഷ്യനിലേക്ക് ജ്ഞാനം ഇറക്കുന്ന ബാഹ്യമായ ഒരസ്തിത്വ മാണോ അതിന്റെ ഉറവിടം?

വെളിപാടുകളിൽ വിശ്വസിക്കുന്നവർ പോലും അതിന്റെ പ്രകൃതത്തെക്കുറിച്ച് വിവിധ രൂപത്തിലാണ് മനസ്സിലാക്കിയിട്ടുള്ളത്. ഉദാഹരണത്തിന് ബുദ്ധമതം, കൺഫ്യൂഷൻ മതം, താവോമതം എന്നീ പേരിൽ ബഹുഭൂരിപക്ഷവും കരുതുന്നത് തങ്ങളുടെ മതസ്ഥാപകൻമാർക്കുണ്ടായ അനുഭവങ്ങൾ അവരുടെ ബോധമനസ്സിൽ നിന്നോ അബോധ മനസ്സിൽ നിന്നോ ആവിർഭവിച്ചതാണെന്നാണ്. നേരത്തെ പ്രതിപാദിച്ചത് പോലെ സത്യം എല്ലാ ആത്മാവിലും അതിന്റെ ഒരു ഭാഗമായി നിലകൊള്ളുന്നുവെന്ന് അവർ വിശ്വസിക്കുന്നു. അവരെ സംബന്ധിച്ച് അന്തഃപ്രചോദനം എന്നത് ഈ അനന്ത സത്യത്തിന്റെ സ്രോതസ്സുമായി ബന്ധപ്പെടാനുള്ള ഉപകരണം മാത്രമാണ്. മറ്റുള്ള മതങ്ങളുടെ വീക്ഷണ പ്രകാരം വെളിപാടുകൾ എന്നത് ബാഹ്യമായ ഒരു സ്രോതസ്സിൽ നിന്നും ഉത്ഭവിക്കുന്ന അനുഭവങ്ങളാണ്. അതായത് അനന്തനും സർവജ്ഞനുമായ ഒരു ദൈവത്തിൽ നിന്നുള്ളതാണ്.

നാം നമ്മുടെ പഠന മേഖല വിപുലീകരിക്കുകയാണെങ്കിൽ, മതത്തിന്റെ മേഖലക്ക് പുറത്ത് നിന്ന് വെളിപാടുകളുടെ ആധികാരികമായ അനേകം സംഭവങ്ങൾ, ശാസ്ത്രജ്ഞൻമാർക്ക് വളരെ സങ്കീർണ്ണമായ ചില വിവരങ്ങൾ വെളിപാടുകളിലൂടെ അറിയിക്കപ്പെട്ട കൗതുകകരമായ സംഭവങ്ങളുണ്ട്.

എല്ലാ ശാസ്ത്ര ഗവേഷകൻമാരേയും കുഴക്കിയിരുന്ന രസതന്ത്രത്തിലെ ഒരു വിഷമ പ്രശ്നം പരിഹരിക്കാൻ 1865 ൽ ജർമൻ രസതന്ത്രജ്ഞനായിരുന്ന ഫ്രെഡ്രിക്ക് ഔഗസ്റ്റ് കെക്കുല (Fredrich August Kekule) പാടുപെടുകയായിരുന്നു. ഒരു ദിവസം രാത്രി കെക്കൂലെ ഒരു സ്വപ്നം കണ്ടു. ഒരു സർപ്പം അതിന്റെ വാൽ വായിൽ വിഴുങ്ങി നിൽക്കുന്ന ദൃശ്യമായിരുന്നു സ്വപ്നത്തിൽ ദർശിച്ചത്. ഈ സ്വപ്നം അദ്ദേഹത്തിന്റെ മനസ്സിനെ മഥിച്ചിരുന്ന പ്രശ്നത്തിന് പൊടുന്നനെ ശരിയായ ദിശാബോധം നൽകുകയുണ്ടായി. ജൈവ രസതന്ത്രത്തിൽ വിപ്ലവങ്ങൾ സൃഷ്ടിച്ച ചില ജൈവ സംയുക്തങ്ങളുടെ (Organic Compounds) തൻമാത്ര സ്വഭാവത്തിന്റെ രഹസ്യങ്ങൾ ഈ സ്വപ്നത്തിലൂടെ മറനീക്കപ്പെടുകയായിരുന്നു. ബെൻസീൻ (Benzene) തൻമാത്രകളിൽ കാർബൺ ആറ്റങ്ങൾ വൃത്താകൃതിയിൽ ചേർന്നു നിൽക്കുകയാണെന്നാണ് ഈ സ്വപ്നം അർത്ഥമാക്കുന്നതെന്ന് അദ്ദേഹം വ്യാഖ്യാനിച്ചു. ഈ അറിവ് നിരവധി കൃത്രിമ വസ്തുക്കൾ ഉൽപാദിപ്പിക്കുന്ന വിപുലവും വളരെ വികസിതവുമായ കൃത്രിമ ജൈവ രസതന്ത്രത്തിന് (Synthetic Organic Chemistry) ജന്മം നൽകുകയുണ്ടായി. ഇപ്പോഴത്തെ ഔഷധ വ്യവസായം അധികമധികമായി കൃത്രിമ മരുന്നുകളെ ആശ്രയിക്കുന്നു. കെക്കുലയെ മഥിച്ചിരുന്ന പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയ ആ സ്വപ്നത്തിന് തീർച്ചയായും മാനവരാശി കടപ്പെട്ടിരിക്കു

ന്നു.

തയ്യൽ വേല ആദ്യമായി യന്ത്രവത്ക്കരിച്ച വ്യക്തിയാണ് ഏലിയാസ് ഹോവി. (Elias Howe) ദീർഘകാലമായി ഹോവിയുടെ മനസ്സിനെ അലട്ടിയിരുന്ന ഒരു പ്രശ്നത്തിന് പ്രതിവിധി കണ്ടെത്തിയതും ഒരു സ്വപ്നത്തിലൂടെയായിരുന്നു. അദ്ദേഹത്തിനുണ്ടായ സ്വപ്നത്തിൽ കുറേ കാട്ടാളൻമാരാൽ അദ്ദേഹം വലയം ചെയ്യപ്പെട്ടതായും തങ്ങൾക്കൊരു തയ്യൽ യന്ത്രം ഉണ്ടാക്കി തന്നില്ലെങ്കിൽ അദ്ദേഹത്തെ കൊന്നുകളയുമെന്ന് കാട്ടാളൻമാർ ഭീഷണിപ്പെടുത്തുന്നതുമായിരുന്നു കണ്ടത്. കാട്ടാളൻമാരുടെ ഈ ആവശ്യത്തോട് പ്രതികരിക്കാൻ കഴിയാതിരുന്ന ഹോവിയെ അവർ ഒരു മരത്തിൽ ബന്ധിച്ചു. എന്നിട്ട് കാട്ടാളൻമാർ അദ്ദേഹത്തെ അമ്പു കൊണ്ടും കുന്തം കൊണ്ടും ആക്രമിക്കാൻ ആരംഭിച്ചു. അവരുടെ കുന്തമുനകളിൽ കണ്ട ദ്വാരം അദ്ദേഹത്തെ അത്ഭുതപ്പെടുത്തുകയും ചെയ്തു. സ്വപ്നത്തിൽ നിന്ന് ഉണർന്ന ഹോവി തന്റെ മനസ്സിനെ മഥിച്ചു കൊണ്ടിരുന്ന ഒരു പ്രശ്നത്തിന് ഉടൻ തന്നെ പരിഹാരം കണ്ടെത്തുകയായിരുന്നു. ആ സ്വപ്നം അദ്ദേഹത്തെ തയ്യൽ യന്ത്രത്തിന്റെ പ്രാകൃത രൂപം കണ്ടെത്തുന്നതിലേക്ക് നയിച്ചു. പിന്നീട് വസ്ത്രനിർമ്മാണ വ്യവസായത്തെ നാടകീയമായി മാറ്റിമറിച്ച തയ്യൽ സൂചിയുടെ ദ്വാരം ഉണ്ടാക്കേണ്ട സ്ഥലം ഏതായിരിക്കണമെന്ന് ഈ സ്വപ്നത്തിലൂടെ മനസ്സിലാക്കാൻ അദ്ദേഹത്തിന് സാധ്യമായി.

പ്രത്യക്ഷത്തിൽ അസാധ്യം എന്ന് തോന്നുന്ന ഒരു പ്രവൃത്തി സാധ്യമാക്കിത്തീർക്കാൻ സ്വപ്നത്തിൽ നിന്ന് ലഭിച്ച ഈ ആശയത്തിനു കഴിഞ്ഞു. ഈ സ്വപ്നത്തിന്റെ സഹായമില്ലെങ്കിൽ മനുഷ്യന് ഇന്ന് അനുഭവപ്പെട്ടേക്കാവുന്ന പരിതാപകരമായ അവസ്ഥ ഊഹിക്കാൻ സാധ്യമല്ല. തീർച്ചയായും ഈ വെളിപാടു മുഖേന എത്രമാത്രം വിപ്ലവകരമായ പരിവർത്തനമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്!

ഇത്തരത്തിലുള്ള നിരവധി അനുഭവങ്ങളുടെ വെളിച്ചത്തിൽ വെളിപാടുകൾക്ക് നൽകാൻ കഴിയുന്ന സാധ്യമായ വിശദീകരണമിതാണ്, ഉപബോധ മനസ്സിൽ നിന്ന് ഉത്ഭവം കൊള്ളുന്ന പ്രതിഭാസമാണ് വെളിപാടുകൾ. അതായത് ഉറങ്ങാൻ പോകുന്നതിന് മുമ്പേ മനസ്സിനെ അലട്ടിക്കൊണ്ടിരിക്കെ ഒരാൾ വ്യാപൃതനാവുന്നു. ബോധമനസ്സിന് ക്ഷീണം ബാധിക്കുന്ന അത്തരം പ്രശ്നചിന്തകൾ ഉപബോധ മനസ്സിലേക്ക് മാറ്റപ്പെടുന്നു. ഉറക്ക സമയത്ത് ഉപബോധ മനസ്സ് അതിലേക്ക് കുത്തി നിറച്ച കാര്യങ്ങളെ സംബന്ധിച്ച് ചിന്തിക്കുകയും അവസാനം ഏറ്റവും ഉചിതമായ പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു. ചിലപ്പോൾ ഈ പരിഹാരം ദർശനങ്ങളായി അനുഭവപ്പെടുന്നു. മറ്റ് ചിലപ്പോൾ ശാബ്ദിക സന്ദേശങ്ങളായി കേൾക്കുകയും ചെയ്യുന്നു. ഇതെല്ലാം അങ്ങനെ തന്നെയാണെന്നിരിക്കട്ടെ. എന്നാലും ഏത് രീതിയിലും അനുഭവവേദ്യമാകുന്ന എല്ലാ വെളിപാടുകളും യഥാർത്ഥത്തിൽ അബോധമനസ്സിൽ നിന്നുള്ള സന്ദേശങ്ങളാണെന്ന് കരുതാമോ? ഇങ്ങനെയല്ലാതെ മറ്റൊരു വിധത്തിലും ഇത് സംഭവിക്കാൻ സാധ്യതയില്ലേ?

മേൽ വിവരിച്ച സംഭവത്തിൽ, പ്രശ്നപരിഹാരത്തിനു വേണ്ട എല്ലാ അവശ്യവിവരങ്ങളും ബോധമനസ്സിൽ നിഗൂഢമായ രീതിയിൽ അപ്പോൾ തന്നെ ഉണ്ടായിരുന്നുവെന്നും, ആ വിവരങ്ങൾ സ്വാംശീകരിച്ചെടുക്കാൻ കഴിയുന്ന ശക്തമായ ഒരുപകരണമായി ഉപബോധമനസ്സ് വർത്തിക്കുകയായിരുന്നു എന്നും തെളിയിക്കപ്പെടുക മാത്രമാണ് ചെയ്യുന്നത്, എന്ന വാദവും ഉന്നയിക്കാവുന്നതാണ്. അങ്ങനെയാണെങ്കിൽ ഇതാണോ പ്രചോദനാത്മകമായ വെളിപാടിന്റെ സമസ്താനുഭവങ്ങളുടെയും ആകത്തുക.? അതല്ല ഈ ഒരേയൊരു മാനസിക പ്രക്രിയക്ക് പുറമെ മറ്റു വല്ല രൂപങ്ങൾക്കും സാധ്യതയുണ്ടോ?

ലോകത്തിലെ പ്രബലമതങ്ങൾ അവരുടെ പ്രവാചകൻമാർക്കും മറ്റു പല വിശുദ്ധർക്കും ദൈവമെന്ന് വിളിക്കപ്പെടുന്ന ബാഹ്യമായ ഒരു സ്രോതസ്സിൽ നിന്നാണ് വെളിപാടുകൾ ലഭിക്കുന്നത് എന്ന് വിശ്വസിക്കുന്നു. ഈ വിശ്വാസം അവരുടെ ഒരു തെറ്റായ ധാരണയായിരിക്കണം എന്ന് മറ്റുള്ളവരും കരുതുന്നു. എങ്കിലും ഇങ്ങനെ വെളിപാട് ലഭിക്കുന്നവർ കരുതിക്കൂട്ടി കള്ളം പറയുന്നവരാണ് എന്ന് അവർ ആരോപിക്കുന്നില്ല. കാരണം തികച്ചും ഉള്ളിൽ നിന്നു തന്നെയുള്ള ഒരു അനുഭവം പുറമെയുള്ള ഒരു സ്രോതസ്സിൽ നിന്ന് വരുന്നതായി യഥാർത്ഥത്തിൽ അനുഭവസ്ഥർ തെറ്റിദ്ധരിക്കുകയാണെന്നാണ് ഇക്കൂട്ടർ പറയുന്നത്. എന്നാൽ, ഇത് അവർ പറയുന്നത് പോലെ ഒരു തെറ്റുധാരണയായിരുന്നുവെങ്കിൽ വെളിപാടുമതങ്ങളുടെയെല്ലാം ആധികാരികത ശിഥിലമായ അടിത്തറയിലായിരിക്കും പ്രതിഷ്ഠിക്കപ്പെടുക. അത്തരം അവകാശവാദങ്ങളുടെ സത്യം തെളിയിക്കാൻ പുറമെ നിന്നുള്ള മതിയായ തെളിവുകളുടെ സഹായം കൊണ്ട് മാത്രമേ സാധിക്കൂ.

അത്തരത്തിൽ വാദം ഉന്നയിക്കുന്ന എല്ലാവരുടെയും അവകാശവാദത്തിലെ സത്യം വ്യക്തിപരമായി പരിശോധിക്കുക എന്നത് പ്രയാസകരവും വിപുലവുമായ ഒരു ശ്രമമായതിനാൽ നാം ഈ മാനദണ്ഡം വിശുദ്ധ ഖുർആനിൽ മാത്രം ആരോപിക്കുവാൻ ശ്രമിക്കുന്നതാണ്. മനുഷ്യനെ സൃഷ്ടിക്കുകയും അവനെ ഉപേക്ഷിക്കാതെ തുടർന്നും അവന്റെ എല്ലാ കാര്യത്തിലും തൽപരനായിരിക്കുകയും ചെയ്യുന്ന പരമോന്നതനായ ഒരു സ്രഷ്ടാവ് ഉണ്ട് എന്ന വിശ്വാസത്തിന്റെ അസ്തിവാരത്തിലാണ് എല്ലാ മുഖ്യ മതങ്ങളുടെയും അടി

സ്ഥാനം നിലകൊള്ളുന്നത്. എപ്പോഴാണോ ഏതൊരു കൂട്ടരിൽ ദൈവം ഇച്ഛിക്കുന്നത് അപ്പോഴെല്ലാം അവന്റെ ദൂതൻമാരിലൂടെ ദൈവം അവർക്ക് മാർഗ്ഗദർശനം നൽകുന്നു. അവന്റെ അസ്തിത്വത്തെക്കുറിച്ചുള്ള ജ്ഞാനം അവൻ വെളിപ്പെടുത്തുകയും, അവന്റെ ആജ്ഞപ്രകാരം മനുഷ്യ വംശത്തെ രൂപപ്പെടുത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഇത് സത്യമാണെങ്കിൽ വെളിപാടുകൾ സ്വതന്ത്രമായ ഒരു ജ്ഞാന സ്രോതസ്സിൽ നിന്നാണ് വരുന്നതെന്ന് കരുതണം. അതാകട്ടെ വെറും മാനസിക പ്രചോദനത്തിൽ നിന്ന് വിഭിന്നവുമായ ജ്ഞാനം രണ്ടാം സ്ഥാനത്താണ് വരുന്നത്.

മനുഷ്യ മനസ്സിന്റെ ഒരു ബിന്ദുവിൽ നിന്നു നോക്കുമ്പോൾ വെളിപാടുകൾ മനുഷ്യന്റെ മാനസികമായ അന്തർ മണ്ഡലത്തിൽ നിന്നു തന്നെ സംഭവിക്കുന്ന ഒരു അനുഭവമായാണ് തോന്നുന്നത്. ഈ കാരണത്താൽ ദിവ്യ സന്ദേശങ്ങളും ഉപബോധ മനസ്സിന്റെ സമാന സ്വഭാവമുള്ള അനുഭവങ്ങളാണോ എന്ന ആശയക്കുഴപ്പം ഉണ്ടായേക്കാം. എല്ലാ ആളുകൾക്കും അവരുടെ ജീവിതത്തിൽ ഒരു ഘട്ടത്തിലോ അല്ലെങ്കിൽ മറ്റൊരു ഘട്ടത്തിലോ മനസ്സിന്റെ ചില നിഗൂഢ പ്രവർത്തനങ്ങൾ അനുഭവപ്പെട്ടിട്ടുണ്ടാകാം. മനുഷ്യ മനസ്സ് മനുഷ്യന്റെ ഉള്ളിൽ തന്നെയുള്ള ഒരു സംവിധാനമാണ്. അത് സൃഷ്ടിക്കുന്ന മായാക്കാഴ്ചകളും ദർശനങ്ങളും ചിലപ്പോൾ യഥാർത്ഥത്തിൽ സംഭവിക്കുന്നത് പോലെ വ്യക്തമായി വ്യക്തികൾക്ക് അനുഭവപ്പെടുന്നു.

വിപുലമായ തോതിലുള്ള അത്തരം അനുഭവങ്ങളെ സ്വപ്നങ്ങൾ, വാമൊഴികൾ, സംഗീതാത്മക ശബ്ദങ്ങൾ, രൂപങ്ങൾ, മുദ്രകൾ എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്. താളം തെറ്റിയതും പ്രക്ഷുബ്ധവുമായ മനസ്സുള്ളവർക്ക് അവരുടെ അനുഭവങ്ങൾ വളരെ തീവ്രമായിരിക്കും. അത് സൃഷ്ടിക്കുന്ന സംഭീതാത്മകമായ മിഥ്യാഭ്രമങ്ങൾ അവരെ ഭ്രാന്തിലേക്ക് നയിച്ചേക്കാം. കഠിനമായ പനിമൂലവും ഇത്തരം മാനസിക വിഭ്രാന്തിക്കു സമാനമായ അവസ്ഥ സൃഷ്ടിക്കപ്പെടുന്നു. ഇത് കൂടാതെ തികച്ചും വ്യത്യസ്തമായതും ചിട്ടയോടുകൂടിയതും സമാശ്വാസം നൽകുന്നതും സാന്ത്വനാത്മകവുമായ സ്വപ്നങ്ങളുടെയും ദർശനങ്ങളുടെയും അനുഭവങ്ങൾ ഉണ്ടാവുന്നു. ചിലപ്പോൾ അകാരണമായി പലർക്കുമുണ്ടാകുന്ന ഉൾഭയത്തിൽ നിന്നും അപകട ഭീതിയിൽ നിന്നും അത് മനസ്സിന് മോചനം നൽകുന്നു. മാത്രമല്ല, ചിലപ്പോൾ വ്യക്തമായി കേൾക്കാവുന്ന വ്യതിരിക്തമായ ശബ്ദത്തിൽ ചില സന്ദേശങ്ങൾ നൽകപ്പെടുന്നു. അത്തരം സന്ദേശങ്ങളുടെ വാഹകർ മനുഷ്യന്റെയോ, മാലാഖയുടെയോ രൂപങ്ങളായിരിക്കും. അല്ലെങ്കിൽ അദൃശ്യരായ വ്യക്തികളുടെ ശബ്ദത്തിലായിരിക്കും. അവയും മനുഷ്യന്റെ മനസ്സിന്റെയും ചിന്തയുടെയും ഉൽപന്നമാണ് എന്ന് വിശദീകരിക്കപ്പെടുകയാണെങ്കിൽ ആത്മീയമായ അനുഭവങ്ങളെല്ലാം തന്നെ മാനസിക പ്രതിഭാസങ്ങളുടെ മേഖലയിലേക്ക് തരം താഴ്ത്തപ്പെടും.

അപ്പോൾ പിന്നെ വെളിപാടുകൾക്കും ദീർഘ ദർശനങ്ങൾക്കും എവിടെയാണ് സ്ഥാനം? വ്യക്തമായി അഭിമുഖീകരിക്കുകയും ഉത്തരം നൽകപ്പെടേണ്ടതുമായ സുപ്രധാന ചോദ്യമാണിത്. മനുഷ്യ മനസ്സ് അത്തരം പ്രതിഭാസങ്ങൾ സ്വീകരിക്കാനും സൃഷ്ടിക്കാനുമുള്ള സവിശേഷതകൾ കൊണ്ട് സജ്ജീകരിക്കപ്പെട്ടതാണ്. എന്നാൽ ഈ മാനസിക സംവിധാനം ദൈവം ഇച്ഛിക്കുമ്പോൾ ഉചിതമായ സമയത്ത് നേരിട്ട് തന്നെ പ്രവർത്തന സജ്ജമാവുന്നു. പ്രധാനപ്പെട്ട ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ഇക്കാര്യം വളരെ വിശദമായി പരിശോധിക്കേണ്ടതുണ്ട്. ഈ മാനസിക പ്രതിഭാസങ്ങളെ ഉപവിഭാഗങ്ങളായി തിരിച്ചു കൊണ്ട് ഈ പരിശോധന എളുപ്പമാക്കാവുന്നതാണ്.

### അന്തഃപ്രചോദനം (Inspiration)

ഉപബോധമനസ്സിന് മതിഭ്രമവും വെളിവ് കേടും ഉദ്ദീപിപ്പിക്കാമെങ്കിൽ അതിന് വ്യവസ്ഥാപിതവും അർത്ഥവത്തായതുമായ ദർശനങ്ങളും സന്ദേശങ്ങളും സൃഷ്ടിക്കാനും കഴിയും. മനസ്സിന്റെ നിഗൂഢകോണുകളിൽ ബോധപൂർവമല്ലാതെ തന്നെ ഒരു വിഷയത്തെക്കുറിച്ച് അയവെട്ടിക്കൊണ്ടിരിക്കും. ഒടുവിൽ ഒരു ഉത്തരത്തിൽ എത്തിച്ചേരുകയും ചെയ്യും. അതാകട്ടെ അതിനു മുമ്പേ ബോധമനസ്സിന് അജ്ഞാതവുമായിരിക്കും. ഉത്തരം ലഭിക്കുന്നത് വരെ ഒരു പ്രശ്നത്തിൽ ഉപബോധമനസ്സ് പ്രവർത്തന നിരതമായിക്കൊണ്ടിരിക്കും. പിന്നീട് അത് സ്വപ്നദർശനം മുതലായവയിലൂടെ ബോധമനസ്സിലേക്ക് കൊണ്ടുവരപ്പെടുകയും ചെയ്യുന്നു. അതിന് മുമ്പേ മനസ്സിലേക്ക് നൽകപ്പെട്ട വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ പ്രക്രിയയിൽ ഫലം ലഭിക്കുന്നത്. ഈ പ്രക്രിയ പ്രാവർത്തികമാക്കാൻ പുറത്ത് നിന്നുള്ള ഒരു ഏജൻസിയുടെ സ്വാധീനം ആവശ്യമില്ല. ഒരു കുറ്റവാളിക്ക് പോലും ഒരു കുറ്റകൃത്യം ചെയ്യുവാനുള്ള സമർഥമായ ഒരു പ്ലാൻ, ഉപബോധ മനസ്സിന്റെ അന്തഃപ്രചോദന പ്രക്രിയ മുഖേന തയ്യാറാക്കാൻ സാധിച്ചേക്കും. പക്ഷേ ഒരു കാര്യം മറന്നു പോകരുത്. അന്തഃപ്രചോദനം എപ്പോഴും മനുഷ്യമനസ്സിന് ലഭ്യമായ ഡാറ്റകളുമായി ബന്ധപ്പെട്ടതായിരിക്കും. അതിനപ്പുറം അതിന് പോകാൻ സാധ്യമല്ല.

### മിഥ്യാഭ്രമമല്ലാത്ത മാനസികാനുഭവങ്ങൾ

ഭ്രാന്തിന്റെ ഫലമായോ, ലഹരി വസ്തക്കളുടെ ഉപയോഗം കൊണ്ടോ മിഥ്യാഭ്രമം (Hallucination) ഉണ്ടാവാറുണ്ട്. അപ്പോൾ മനുഷ്യ മനസ്സ് അത്യധികമായി ഉത്തേജിക്കപ്പെടുകയും, മനുഷ്യനിലെ ഉപബോധ സംവിധാനം പ്രവർത്തനക്ഷമമാവുകയും ചെയ്യുന്നത് കൊണ്ടാണ് ഇത് സംഭവിക്കുന്നത്. അത്തരം സന്ദർഭങ്ങളിലുണ്ടാവുന്ന

ബോധ പ്രതികരണങ്ങൾ പരസ്പര ബന്ധമില്ലാത്തവയായിരിക്കും. അവർ കാണുന്ന ദർശനങ്ങൾ പൊരുത്തമില്ലാത്ത മതിഭ്രമങ്ങളോ ഭീതിജനകമായ ഭ്രമകൽപനകളോ ഉൾക്കൊള്ളുന്ന മാനസിക ചാപല്യങ്ങളുടെ ശിഥില ശകലങ്ങളാണെന്ന് ഒരു നിരീക്ഷകന് എളുപ്പത്തിൽ പറയാൻ സാധിക്കും. സാധാരണഗതിയിൽ അത്തരം ക്രമരഹിതാവസ്ഥയെ തുടർന്ന് വരുന്ന ആശയക്കുഴപ്പവും ഇച്ഛാഭംഗങ്ങളും പുറമെയുള്ള നിരീക്ഷകന് അനായാസം തിരിച്ചറിയാൻ സാധിക്കും. എന്നാൽ, ഇത് കൂടാതെ അർത്ഥവത്തായതും ഗാഢമായി ക്രമീകൃതവുമായ രൂപങ്ങൾ ഒരു സന്ദേശത്തോടൊപ്പം പ്രദാനം ചെയ്യുവാനും ഉപബോധമനസ്സിന് സാധ്യമാവും. ഉപബോധമനസ്സിന് ബോധമനസ്സുമായി അർത്ഥ പൂർണ്ണമായും ഉദ്ദേശ്യലക്ഷ്യത്തോടെയെന്നവണ്ണം വിനിമയം ചെയ്യാനും സാധിക്കും. ഇനി തീരുമാനിക്കാനുള്ളത് മനുഷ്യ മനസ്സിനെ അതിന്റെ ആന്തരിക സംവിധാനമുപയോഗിച്ച് സ്വാധീനിക്കാൻ ഏതെങ്കിലും ബാഹ്യ ഏജൻസികൾക്ക് സാധിക്കുമോ എന്നാണ്.

അതീന്ദ്രിയ വിജ്ഞാനികളുടെ (Parapsychologist) ശാസ്ത്രീയാടിസ്ഥാനത്തിലുള്ള വിപുലമായ ഗവേഷണങ്ങളും പരീക്ഷണങ്ങളും ഇത് സാധ്യമാണെന്ന് തെളിയിച്ചിട്ടുണ്ട്. ഒരാളുടെ മനസ്സിനെ മറ്റൊരാളുടെ മനസ്സിന്റെ ആജ്ഞയിൽ പ്രവർത്തിപ്പിക്കാൻ സാധിക്കും. അപ്രകാരം അയാളുടെ നിർദേശങ്ങൾക്കൊത്ത് ചിന്തിപ്പിക്കാനും സാധിക്കും. അത്തരം പ്രതിഭാസങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾ പല യൂണിവേഴ്സിറ്റികളിലും നടന്നുവരുന്നു. ഈ ഗവേഷണ പഠനങ്ങളുടെ ഫലങ്ങൾ തെളിയിക്കുന്നത് ഒരാളുടെ ആശയങ്ങൾ യാതൊരു ഭൗതികോപാധികളുമില്ലാതെ മറ്റൊരാളുടെ മനസ്സിലേക്ക് പകരുവാൻ സാധിക്കുമെന്നാണ്. അത് സാധ്യമാണെന്ന് മാത്രമല്ല, അത് ദൈനംദിന ജീവിതത്തിൽ സംഭവിക്കുന്ന ഒരു പ്രതിഭാസവുമാണ്. ചിലപ്പോൾ അത് യാന്ത്രികമായും ചിലപ്പോൾ ബോധപൂർവ്വമുള്ള ശ്രമങ്ങളിലൂടെയും സാധ്യമാവും.

### ഹിപ്നോട്ടിസം

ഒരു ഹിപ്നോട്ടിസ്റ്റിന് മറ്റൊരാളുടെ മനസ്സിനെ കേന്ദ്രീകരിച്ചു കൊണ്ട് പ്രതീതികൾ സൃഷ്ടിക്കാൻ സാധിക്കും. വാസ്തവത്തിൽ ആ പ്രതീതി ഹിപ്നോട്ടിസ്റ്റ് താൻ ഹിപ്നോട്ടിസത്തിന് വിധേയനാക്കിയ വ്യക്തിയിൽ സൃഷ്ടിച്ചതാണ്. മനോരോഗ ചികിത്സയിൽ (Psychic healing) സാധാരണ കണ്ടു വരുന്നത് പോലെ ഹിപ്നോട്ടിസത്തിലൂടെ ചികിത്സക്ക് വിധേയനാകുന്ന ആളുടെ മനസ്സിലെ രഹസ്യങ്ങൾ മനസ്സിന്റെ മുകൾപരപ്പിലേക്ക് കൊണ്ടു വരികയാണ് ചെയ്യുന്നത്. അല്ലെങ്കിൽ വിധേയന്റെ മനഃശക്തിയെ ഉദ്ദീപിപ്പിച്ചു കൊണ്ട് അയാളെ ചികിത്സിക്കുകയാണ്. മനോ രോഗികൾക്ക് അവരെ അലോസരപ്പെടുത്തിക്കൊണ്ടിരുന്ന ചിന്തകളെ അഭിമുഖീകരിക്കാനുള്ള ധൈര്യമില്ലാത്തതാണ്. ആ ചിന്തകളെ അയാൾ മനസ്സിന്റെ അഗാധതയിൽ കുഴിച്ചിടാൻ ശ്രമിക്കുന്നു. പക്ഷേ, അവ മതിയായ ആഴത്തിൽ ആവുന്നില്ല. അവ ബോധമനസ്സിനും ഉപബോധ മനസ്സിനും മദ്ധ്യേ ഒരിടത്ത് അസ്വസ്ഥമായി നിൽക്കുന്നു. പുറമെ നിന്നുള്ള ചെറിയ ഒരു സഹായം വഴി അയാൾക്ക് ആ ചിന്തകളെ മനസ്സിന്റെ ഉപരിതലത്തിലേക്ക് കൊണ്ടു വരാൻ സാധ്യമാകുകയും, അങ്ങനെ അയാൾക്ക് ആ അസ്വസ്ഥതയിൽ നിന്ന് മോചനം ലഭിക്കുകയും ചെയ്യുന്നു. തൊലിക്കുള്ളിൽ എന്തെങ്കിലും ഒരു ചെറിയ വസ്തു അകപ്പെട്ടാൽ അത് അവിടെ നിന്ന് നീക്കം ചെയ്യുവോളം നമുക്ക് അത് അസഹനീയമായ വേദനയും അസ്വസ്ഥതയും ഉളവാക്കുമല്ലോ. ഒരു ശസ്ത്രക്രിയാ വിദഗ്ധൻ തന്റെ കത്തികൊണ്ട് ചെയ്യുന്ന പ്രവൃത്തിയാണ് ഒരു ഹിപ്നോട്ടിസ്റ്റ് തന്റെ പ്രേരണ കൊണ്ട് ഒരു മനോരോഗിയിൽ നിർവ്വഹിക്കുന്നത്.

### ടെലിപതി (Telepathy)

ആജ്ഞാ നിർദ്ദേശ(Suggessions)ങ്ങളില്ലാതെ നിർവഹിക്കപ്പെടുന്ന അതീന്ദ്രീയമായ ആശ യവിനിമയമാണ് ടെലിപതി. അറിയപ്പെടുന്ന യാതൊരു ഭൗതിക മാധ്യമവും ഇല്ലാതെ ഒരാളുടെ ചിന്തകളെ മറ്റൊരാളിലേക്ക് പ്രേഷണം ചെയ്യപ്പെടുന്നു. ഈ വിനിമയത്തിൽ ശബ്ദങ്ങളുടേയോ, ചിത്രങ്ങളുടേയോ സമ്പർക്കമോ ഉപാധിയോ ഉണ്ടാവുന്നില്ല. ഒരേ ആവൃത്തിയിൽ (Frequency) കമ്പനം ചെയ്യുന്ന രണ്ട് ട്യൂണിങ്ങ് ഫോർക്കുകളിൽ സംഭവിക്കുന്നത് പോലെയുള്ള ഒരു പ്രതിഭാസമാണിത്. ഒന്ന് കമ്പനം ചെയ്യുമ്പോൾ മറ്റേതും അനുകമ്പനം (Resonate) ചെയ്യപ്പെടുന്നു.

ഹിപ്നോട്ടിസവും ടെലിപതിയും ഒരു യാഥാർത്ഥ്യമാണെങ്കിൽ (അവ രണ്ടും പ്രാവർത്തികമാണെന്നതിന് ധാരാളം തെളിവുണ്ട്) ദൈവത്തിന് എന്തുകൊണ്ട് തന്റെ ആജ്ഞകൾ മനുഷ്യനിലേക്ക് അതേ പോലെയുള്ള പ്രവർത്തനം വഴി, വിനിമയം ചെയ്തുകൂടാ?

### ഉപബോധ മനസ്സിന്റെ മറ്റു ചില അനുഭവങ്ങൾ

സ്വപ്നം എന്നത് യഥാർത്ഥത്തിൽ എക്കാലത്തും എല്ലാ ദേശക്കാരും പങ്കുവെക്കുന്ന ഒരു സാർവ്വലൗകിക പ്രതിഭാസമാണ്. എങ്കിലും സ്വപ്നങ്ങൾ ഒരേ വിഭാഗത്തിൽ മാത്രം പെട്ടതല്ല. പലപ്പോഴും സ്വപ്നങ്ങൾ മനുഷ്യ മനസ്സിന്റെ ഉൽപന്നമാണ്. ഒരു മനുഷ്യൻ അഭിമുഖീകരിക്കുന്നതും അവന്റെ ആശങ്കകളും പ്രശ്നങ്ങളും പ്രതിഫലിക്കുന്നതുമായ വിവര ശകലങ്ങളുടെ ദിനംപ്രതിയെന്നോണമുള്ള ഉപബോധ മനസ്സിലേക്കുള്ള ഒഴുക്ക് ഉപബോധ മനസ്സിൽ പ്രതികരണങ്ങൾ ഉണ്ടാക്കുന്നു. ഇന്ന് സ്വപ്നങ്ങളെ പറ്റിയുള്ള പഠനം ഫ്രോയിഡിയൻ കാലഘട്ടത്തിലെ സിദ്ധാന്തവത്ക്കരണത്തേക്കാൾ വളരെയേറെ മുന്നോട്ടു പോയിരിക്കുന്നു. അത്യന്താധുനികമായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടെ

സ്വപ്നങ്ങളെപ്പറ്റി ധാരാളം ഗവേഷണങ്ങൾ നടന്നു വരുന്നു.

മതപരമായ വീക്ഷണത്തിൽ സ്വപ്നങ്ങൾ രണ്ട് വിധത്തിലുണ്ട്. ഒന്ന് മാനസികാവസ്ഥകൾ സൃഷ്ടിക്കുന്ന സ്വപ്നം. മറ്റൊന്ന് അഗാധമായ ഗർഭിതാർത്ഥങ്ങളുള്ള ദിവ്യമായ ഉറവിടത്തിൽ നിന്നുള്ള സ്വപ്നങ്ങൾ. അത്തരം സ്വപ്നങ്ങൾ ഒരുപക്ഷേ, ഭാവിയുടെ ഗർഭത്തിലുള്ള ദുരന്തങ്ങളെ സംബന്ധിച്ച സൂചനകളോ സന്തോഷകരമായ സുവിശേഷങ്ങളോ ആയിരിക്കും. അത്തരം സ്വപ്നദർശകന് ആ പ്രത്യേക സ്വപ്നത്തിൽ വെളിവാക്കപ്പെട്ട അറിവിനെ പറ്റി അതിനു മുമ്പേ യാതൊരറിവും ഉണ്ടാകുന്നില്ല. അങ്ങനെയുള്ള സ്വപ്നങ്ങൾ അദൃശ്യവാനും, ബോധാത്മനും, സർവാതിശായിയും ബാഹ്യസ്ഥനുമായ ഒരു അസ്തിത്വത്തിന്റെ സാധ്യതയെ സംബന്ധിച്ച തീക്ഷ്ണമായ കേന്ദ്രീകരണം ക്കുന്നുവെങ്കിൽ അവനുദ്ദേശിക്കുന്ന വിഷയങ്ങൾ മനുഷ്യനിലേക്ക് വിനിമയം ചെയ്യപ്പെടുന്നതാണ്.

ഈ കാര്യം തെളിയിക്കാൻ മതപരമായ അനുഭവങ്ങളിൽ നിന്ന് മതിയായ തെളിവുകൾ ഉദ്ധരിക്കാവുന്നതാണ്. പക്ഷേ, മതത്തിൽ വിശ്വസിക്കാത്ത ആളുകൾക്ക് അത്തരം തെളിവുകളുടെ സാധുത അംഗീകരിക്കാൻ പ്രയാസമായിരിക്കും. ഒരു അതിമാനുഷമായ ബോധശക്തിക്ക് മനുഷ്യമനസ്സിനെ ഉണർത്താൻ സാധിക്കുമെന്ന കാര്യം ഒരാൾ അംഗീകരി ക്കുന്നുവെങ്കിൽ അത് ദൈവാസ്തിത്വത്തിൽ വിശ്വസിക്കുന്നതിന് സമാനമായിരിക്കും. ഇതിനോട് വലിയൊരു സംഘം സെക്കുലർ ചിന്തകൻമാർക്കും ശാസ്ത്രജ്ഞന്മാർക്കും തീവ്രമായ അലർജിയായിരിക്കാം എന്നതാണ് വാസ്തവം.

രണ്ടാമത്തെ പ്രശ്നം, മിക്ക മതങ്ങളിലും ഈയൊരു പ്രതിഭാസം പ്രകൃത്യാതീതവും വിചിത്രവും അത്ഭുതകരവുമായ ഒരു രീതിയിലാണ് പറഞ്ഞു വെച്ചിട്ടുള്ളത്. അതിന്റെ വിശ്വാസ്യത ഉൾക്കൊള്ളാൻ ശാസ്ത്രജ്ഞൻമാർക്ക് പ്രയാസമായിരിക്കും. ഭൂതകാലത്തെ വിശുദ്ധൻമാരുടെയും പ്രവാചകൻമാരുടെയും ആത്മീയാനുഭവങ്ങളിലെ നാടകീയത അവരുടെ അനുയായികളുടെ ഭാഗത്തു നിന്നുള്ളതാണ്. അത് അവരുടെ സ്വീകാര്യതക്കോ അക്കാര്യത്തിലുള്ള സത്യത്തിന്റെ സ്വീകാര്യതക്കോ നിദാനമാകുന്നില്ല. ദിവ്യാത്മാക്കളുടെ ദൈവികമായ വിനിമയങ്ങളെ ഇത്തരം നാടകീയവത്ക്കരണം അസ്പഷ്ടവും അവ്യക്തവുമാക്കി മാറ്റിയിരിക്കുന്നു. എത്രത്തോളമെന്നാൽ മനുഷ്യ നിർമിതമായ വിചിത്ര ഭാവനയും ദിവ്യമായ ആത്മീയാനുഭവവും തമ്മിൽ വ്യക്തമായി വേർതിരിച്ചറിയാൻ ഇത് മൂലം കഴിയാതെ പോവുന്നു.

ദിവ്യഗ്രന്ഥങ്ങളിൽ വെച്ച് പ്രക്ഷിപ്തങ്ങൾക്കും കലർപ്പുകൾക്കും വിധേയമല്ലാത്ത വിശുദ്ധ ഖുർആൻ ആത്മീയാനുഭവങ്ങളെക്കുറിച്ചും ആത്മീയ കാര്യങ്ങളെക്കുറിച്ചും പറയുന്നു. പ്രകൃത്യാതീതമായ രീതിയിൽ അത്ഭുതങ്ങൾ ഉണ്ടാവണമെന്ന അവിശ്വാസികളുടെ ആവശ്യങ്ങൾ നിരാകരിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ ആത്മീയതയുടെ പ്രകൃതിയെക്കുറിച്ചും അതിന്റെ യുക്തിപരതയെക്കുറിച്ചും വിവരിക്കുന്നു. ഖുർആനിക വചനങ്ങളുടെ വെളിച്ചത്തിൽ ഇത് പഠിക്കുമ്പോൾ ദിവ്യാത്ഭുതങ്ങളും (Miracles) ദൃഷ്ടാന്തങ്ങളും (Signs) ഒരിക്കലും തന്നെ പ്രകൃതി നിയമങ്ങളെ ലംഘിക്കുന്നില്ലെന്ന് കാണാം.

ഉദാഹരണത്തിന് ഏറെ അറിയപ്പെടുന്ന മോസസി(അ) ന്റെ ദിവ്യാത്ഭുതം തന്നെയെടുക്കാം. പ്രകൃത്യാതീത സംഭവമായി ഗ്രന്ഥാനുസാരികൾ വിശ്വസിക്കുന്ന ഈ പ്രതിഭാസം ഖുർആൻ വളരെ ലളിതമായും യുക്തിപരമായും വസ്തുനിഷ്ഠാപരവുമായ രീതിയിലുമാണ് പ്രതിപാദിച്ചിട്ടുള്ളത്. എങ്കിലും അതിനടിയിലെ അത്യഗാധമായ അർത്ഥതലം ഗ്രഹിക്കണമെങ്കിൽ ബഹിർഭാഗസ്ഥമായ ഒരു ഉപരിവീക്ഷണത്തേക്കാൾ കവിഞ്ഞ ഒരു ഉൾക്കാഴ്ച്ച ആവശ്യമാണ്. അതൊരു ഗൂഢാർത്ഥ ഭാഷാ പ്രയോഗമല്ല. എങ്കിലും അതൊരു പ്രകൃത്യാതീതമായ അത്ഭുതമാണെന്ന മുൻധാരണയോടു കൂടി വായിക്കുന്നവർക്ക് യഥാർത്ഥ അർത്ഥം പിടികിട്ടാതെ പോവും. ഈ ദിവ്യാത്ഭുതത്തെ കുറിച്ചുള്ള ഖുർആനിക പ്രതിപാദനം എന്താണെന്ന് നോക്കാം.

> ***അദ്ദേഹം പറഞ്ഞു: നിങ്ങൾ എറിയുക. അങ്ങനെ അവർ എറിഞ്ഞപ്പോൾ ജനങ്ങളുടെകണ്ണുകളെ അവർ മയക്കുകയും അവരെ സംഭീതരാക്കുകയും ചെയ്തു. അവർ വലിയൊരു മാന്ത്രിക വിദ്യയാണ് കൊണ്ടു വന്നത്. നാം മൂസക്ക് ബോധനം നൽകി: നിന്റെ വടി എറിയുക എന്ന്. അപ്പോൾ അതാ അവർ കൃത്രിമമായി ചമയ്ക്കുന്നതിനെ അത് വിഴുങ്ങി. അങ്ങനെ സത്യം സ്ഥാപിക്കപ്പെടുകയും അവരുടെ പ്രവർത്തനം വ്യർത്ഥമാക്കപ്പെടുകയും ചെയ്തു.***
> *(7: 117 119)*

ഫറോവയുടെ മാന്ത്രികർ തങ്ങളുടെ മാന്ത്രിക വിദ്യ പ്രയോഗിച്ച ഒരു സംഭവത്തെയാണ് ഇവിടെ ഖുർആൻ പ്രതിപാദിക്കുന്നത്. അവർ എറിഞ്ഞത് കയറിലേക്കല്ല പ്രേക്ഷകരുടെ കണ്ണിലേക്കാണ് . മെസ്മറിസത്തിന്റെ വളരെ വ്യക്തമായ ഒരു വിവരണമാണിത്. പ്രകൃതി നിയമങ്ങളുടെ ഒരു ലംഘനവും ഇതിലില്ല. ഈ മാസ്മരികമായ കണ്ണിന്റെ മതിഭ്രമത്തെ നേരിടാൻ അവരുടെ മായാവിദ്യയെ തകർത്തുകൊണ്ട് ദൈവം അത്യുന്നതമായ തന്റെ ഇച്ഛാശക്തി മൂസാനബി(അ)ലൂടെ പ്രകടമാക്കുകയുണ്ടായി. മൂസാനബി(അ)ന്റെ വടി

യഥാർത്ഥത്തിൽ കയറിനെ വിഴുങ്ങിയെന്ന് ഖുർആൻ പറയുന്നില്ല. ഖുർആൻ പറയുന്നത് മൂസ (അ) യുടെ വടി മാന്ത്രികർ കൃത്രിമമായി ചമച്ചതിനെ വിഴുങ്ങി എന്നാണ്. അതായത് കയറിനെ സർപ്പമാക്കി മാറ്റിയ വ്യാജ പ്രതീതിയെയാണ് മൂസാനബി(അ)യുടെ വടി വിഴുങ്ങിയതെന്നാണ് ഖുർആൻ പറയുന്നത്.

ഇതേ സംഭവം ഖുർആനിലെ മറ്റൊരു അദ്ധ്യായത്തിലും പ്രതിപാദിക്കുന്നത് ഇക്കാര്യത്തിലേക്ക് കൂടുതൽ വെളിച്ചം വീശുന്നു.

***അദ്ദേഹം (മൂസാനബി) പറഞ്ഞു: നിങ്ങൾ ആദ്യം എറിയുക, അപ്പോഴതാ അവരുടെ വശ്യവിദ്യാ പ്രയോഗ സ്വാധീനത്താൽ അവരുടെ കയറുകളും വടികളും ഇഴഞ്ഞോടുകയാണെന്ന് അദ്ദേഹത്തിന് തോന്നുന്നു. അപ്പോൾ മൂസ(അ) തന്റെ ഭയം ഉള്ളിൽ മറച്ചു വെച്ചു. നാം പറഞ്ഞു: ഭയപ്പെടേണ്ട നീ തന്നെയാണ് വിജയം പ്രാപിക്കുന്നവൻ.20 : 67*** **69)**

മൂസാനബി (അ) സ്വയം തന്നെ, മാന്ത്രികരുടെ വശ്യമേധാശക്തിയുടെ സ്വാധീനത്തിൽപെട്ടു പോയി എന്ന് ഈ ഖുർആൻ വചനം സൂചിപ്പിക്കുന്നു. മൂസാനബി(അ) വടിയെറിയുമ്പോൾ അദ്ദേഹത്തിന് സ്വന്തമായി മാന്ത്രികരുടെ വശ്യമേധാശക്തിയെ അതിലംഘിക്കാൻ സാധിച്ചിട്ടില്ലായിരുന്നു എന്ന വസ്തുത ഇതിലടങ്ങിയിരിക്കുന്നു. ഒരു മാസ്മരികൻ തന്റെ മനോശക്തിക്ക് ഒരാളെ വിധേയനാക്കി കീഴ്പ്പെടുത്തുന്നതിൽ വിജയിച്ചാൽ മനഃശാസ്ത്രപരമായി അയാളുടെ മേധാശക്തിയെ തകർക്കാൻ വിധേയനായവന് കഴിയില്ല. മൂസാനബി(അ)ക്ക് തന്റെ ഇച്ഛാശക്തികൊണ്ട് മാന്ത്രികരുടെ, മനോ മേധാശക്തിയെ അതിജയിക്കാൻ സാധിക്കുമായിരുന്നില്ല.

മുഴുവൻ സംഭവങ്ങളുടേയും ഈയൊരു വശമാണ് അതിനെ ഒരു ദിവ്യാത്ഭുതമാക്കി മാറ്റുന്നത്. ശക്തമായ ഇച്ഛാശക്തിയുള്ള ഒരാൾക്ക് നേരിട്ട് തന്നെ മാന്ത്രികരുടെ ശ്രമങ്ങളെ നിർവീര്യമാക്കാൻ സാധിക്കുന്നതാണ്. മൂസാനബി (അ)യുടെ പക്ഷത്ത് നിന്നുകൊണ്ട് ദൈവത്തിന്റെ കരങ്ങളാണ് പ്രവർത്തിച്ചതെന്ന യാഥാർത്ഥ്യത്തെപ്പറ്റി മറ്റാരേക്കാളും നന്നായി വിധി പറയാൻ യോഗ്യർ മാന്ത്രികർ തന്നെയാണ്. മറ്റെല്ലാ പ്രേക്ഷകരെയും പോലെ മൂസാനബി(അ)യും അവരുടെ മനോവശീകരണത്തിന് വിധേയനായി എന്ന വസ്തുതക്ക് മാന്ത്രികർ സാക്ഷ്യം വഹിച്ചതാണ്. പിന്നെയെങ്ങനെ മൂസാനബി(അ)തന്റെ സ്വന്തം മനസ്സും അപ്രകാരം അവിടെ കൂടിയിരുന്ന പ്രേക്ഷകരുടെ മനസ്സും മാന്ത്രികരുടെവശ്യമേധാശക്തിയിൽ നിന്ന് മോചിപ്പിച്ചെടുത്തു. സാന്ദർഭികമായി മാന്ത്രികവിദ്യയുടെ മായിക നിഗൂഢതയും ഇവിടെ മറനീക്കപ്പെടുകയാണ്. മാന്ത്രികർ കയറിൽ നിന്നും വടിയിൽ നിന്നും പടച്ചു വിട്ട സർപ്പങ്ങൾ യഥാർത്ഥ സർപ്പങ്ങളല്ലായിരുന്നു. അതെല്ലാം അവരുടെ മനഃശക്തിയാൽ സൃഷ്ടിക്കപ്പെട്ട മതിഭ്രമങ്ങളായിരുന്നു.

വെളിപാടുകൾ എന്നത് മനുഷ്യ മനസ്സിന്റെ തന്നെ മറ്റൊരു ഉൽപന്നത്തിന്റെ പേരാണ്. പക്ഷേ, ദൈവം സ്വയം തന്നെ അത്യുന്നത സ്ഥാനത്ത് നിന്ന് ആജ്ഞാപിക്കുമ്പോഴും നിയന്ത്രിക്കപ്പെടുമ്പോഴും മാത്രമേ അത് സംജാതമാവുകയുള്ളൂ. ആയതിനാൽ ദൈവത്തിന് മനുഷ്യനുമായി ആശയവിനിമയം നടത്തണമെന്ന ആത്യന്തികമായ ഉദ്ദേശ്യത്തോടുകൂടി മനുഷ്യനുള്ളിൽ തന്നെ അതിസങ്കീർണ്ണവും ഉന്നതവുമായ ഒരു സ്വീകരണ വ്യവസ്ഥ സ്ഥാപിച്ചിട്ടുണ്ടായിരിക്കണം എന്ന് നമുക്ക് ന്യായമായും അനുമാനിക്കാവുന്നതാണ്. അതുകൊണ്ട് ദൈവിക വെളിപാടുകളിൽ പ്രകൃതി നിയമത്തിനെതിരായതായോ വിചിത്രമായതായോ യാതൊന്നും തന്നെയില്ല.

അതീന്ദ്രിയമായ സംവേദനാവയവങ്ങളിലൂടെ ഒരാൾക്ക് മറ്റൊരാളുമായി ആശയവിനിമയം നടത്താനുള്ള കഴിവ് ഓരോ മനുഷ്യ മനസ്സിനുമുണ്ട്. മനുഷ്യന്റെ ആന്തരാത്മാവിൽ സ്ഫുടം ചെയ്തെടുത്ത നിർമലമായ ഒരു ആന്തരിക ഉപകരണത്തെ കുറിച്ചാണ് നാം സംസാരിക്കുന്നതെന്ന കാര്യം വായനക്കാരനെ പ്രാധാന്യപൂർവം ഓർമ്മിപ്പിക്കുന്നു. ഇതിന്റെ വിശ്വാസ്യതയും ആശ്രിതത്വവും അതിൽ ഉൾപ്പെട്ട വ്യക്തിയുടെ സത്യസന്ധതയുമായി ബന്ധപ്പെട്ടതാണ്. ഒരു വ്യാജമനുഷ്യന്റെ ഭാവനകൾ അയഥാർത്ഥവും അന്തസ്സാരശൂന്യവും ലക്കും ലഗാനുമില്ലാത്തതുമായിരിക്കും. അയാളുടെ ഭാവനാ വിലാസങ്ങൾ അയാളിൽ സ്വപ്നങ്ങൾ സൃഷ്ടിച്ചേക്കാം. അത് വെറും മനസ്സിന്റെ ഉത്പന്നങ്ങൾ മാത്രമാണ്. എന്നാൽ, സ്വാഭാവികമായും ഋജുമാനസനും സത്യസന്ധനും നിഷ്കളങ്കനുമായ ഒരാളുടെ ഭാവന; കലാപകലുഷിതമായിരിക്കില്ല. അത് അയാളിൽ അലങ്കോലപ്പെട്ട ദർശനങ്ങളോ ശബ്ദങ്ങളോ ഉൽപാദിപ്പിക്കില്ല. അതുകൊണ്ടാണ് ദൈവം തന്റെ സന്ദേശങ്ങൾ ജനങ്ങൾക്കെത്തിക്കാൻ വേണ്ടി തിരഞ്ഞെടുക്കപ്പെടുന്ന ദൂതൻമാർ തികച്ചും സത്യസന്ധരും നിർവ്യാജരും വിശ്വസ്തരുമായിരിക്കുന്നത്. ദൈവസന്ദേശത്തിന്റെ നിർമലമായ പരിശുദ്ധതക്കുള്ള ഉറപ്പ് ആ ദൈവദൂതന്റെ ആർജവമാണ്. അതുകൊണ്ട് വെളിപാടിന്റെ പരിശുദ്ധത സംരക്ഷിക്കപ്പെടുന്നതിൽ അതിന്റെ സ്വീകർത്താവിന്റെ സത്യതക്ക് നിർണ്ണായകമായ പങ്കുണ്ട്. ആയതിനാൽ എല്ലാ വെളിപാടു ഗ്രന്ഥങ്ങളിലും പ്രവാചകൻമാർ സത്യത്തിന്റെ ആൾരൂപമായി വിവരിക്കപ്പെടുന്നതിൽ അത്ഭുതമില്ല. സത്യസന്ധതയാണ് അവരുടെ അവകാശവാദത്തിന്റെയും അവർ നൽകുന്ന സന്ദേശത്തി

ന്റെയും ഏറ്റവും ആധികാരികമായ തെളിവ്.

ചിലപ്പോൾ ശബ്ദവും ദർശനവുമില്ലാതെ ബാഹ്യമായ വെളിപാടിന്റെ ഇനത്തിൽപ്പെട്ട അന്തർജ്ഞാനാത്മകമായ അനുഭവങ്ങൾ ചിലർക്ക് ഉണ്ടാവാറുണ്ട്. ചുറ്റുമുള്ള ലോകത്തെ പറ്റിയുള്ള ജാഗ്രതാവസ്ഥ നഷ്ടപ്പെട്ട് തങ്ങളുടെ അന്തർബോധ മണ്ഡലത്തിലേക്ക് ആഴ്ന്നിറങ്ങുന്ന അനുഭവങ്ങളെ പറ്റി പല വിശുദ്ധന്മാരും വിവരിച്ചിട്ടുണ്ട്. അവസാനം മുത്തിന് വേണ്ടി തിരയുന്ന മുങ്ങാംകുഴിക്കാരൻ ജലോപരിതലത്തിലേക്ക് കൈനിറയെ മുത്തുമായി വരുന്നത് പോലെ ചില സന്ദേശങ്ങളും വഹിച്ചു കൊണ്ട് അവർ ബാഹ്യയാഥാർത്ഥ്യത്തിലേക്ക് തിരിച്ചു വരുന്നു. അതിന്റെ ഉറവിടത്തിൽ നിന്ന് വാക്കുകളോ രൂപങ്ങളോ ഇല്ലാത്ത ആത്മാനുഭവങ്ങൾ ഇത്തരം അനുഭവസ്ഥർക്കുണ്ടാകുന്നതായി കാണാം. രൂപം കൊള്ളുന്ന മുറക്കനുസരിച്ച് വാക്കുകളുടെ തിരുവസ്ത്രങ്ങൾ അണിയാൻ ആരംഭിക്കുന്ന തീവ്രവും ഹർഷോന്മാദകവുമായ കേവലാനുഭവം മാത്രമാണത്. എങ്കിലും അത് അയാളിലുണ്ടാക്കുന്ന ആഘാതം അതിശക്തമായിരിക്കും. ഉണർന്നിരിക്കുന്ന ജാഗ്രതാവസ്ഥയിൽ ഒരാൾ നേരിട്ട് വ്യക്തമായി അയാളോട് സംസാരിച്ചത് പോലെ അയാൾ കേൾക്കുന്നു. ബാഹ്യമായ വെളിപാടുകൾ സ്വീകർത്താവിൽ അത് ഉണ്ടാക്കിയ പ്രതീതി കൊണ്ട് മാത്രം തിരിച്ചറിയപ്പെടുന്നില്ല. അല്ലെങ്കിൽ അയാൾ അത് വിവരിച്ച രീതിയിൽ നിന്ന് അതിനെ തിരിച്ചറിയാൻ സാധ്യമല്ല. അതിനായി ആശ്രയിക്കാവുന്ന ഏക മാനദണ്ഡം വെളിപാട് ലഭിച്ച വ്യക്തിയെ കൂടാതെ, വെളിപാടിൽ അടങ്ങിയിരിക്കുന്ന ഉള്ളടക്കം കൂടിയാണ്. വെളിപാടുകളുടെ സ്വീകർത്താവ് സത്യസന്ധനായിരുന്നാൽ മാത്രം പോര. വെളിപാടിന്റെ ഉള്ളടക്കവും അവരുടെ സത്യതയിലേക്കുള്ള ഒരു ആഭ്യന്തര സാക്ഷ്യമായിരിക്കണം.

മാനസികാനുഭവങ്ങളും ഉപരിലോകത്ത് നിന്നുള്ള യഥാർത്ഥ വെളിപാടുകളും തമ്മിലുള്ള വ്യത്യാസങ്ങൾ ഒരുപക്ഷേ അത് അനുഭവമില്ലാത്തയാൾക്ക് വ്യക്തമായി തിരിച്ചറിയാൻ സാധിച്ചെന്ന് വരില്ല.എന്നാൽ അനുഭവപ്പെടുന്ന വ്യക്തി അത് ഉപരിലോകത്ത് നിന്നുള്ളതാണെന്ന് പലപ്പോഴും തിരിച്ചറിയുന്നു. കാരണം ആ സന്ദേശത്തിന്റെ പ്രകൃതം സ്വീകർത്താവിന്റെ വ്യക്തിപരമായ ജ്ഞാനത്തിൽ നിന്നും മാനസികാനുഭവങ്ങളിൽ നിന്നും തികച്ചും വിഭിന്നമാണ്.

എന്നാൽ വെളിപാടുകളുടെ സത്യത ബാഹ്യമായ തെളിവുകളുടെ സഹായത്തോടെ പുറമെയുള്ള ഒരാൾക്ക് കൂടുതൽ വിശ്വസനീയമായ വിധത്തിൽ തിരിച്ചറിയാവുന്നതാണ്. അത്തരം വെളിപാടുകളുടെ സത്യതയെ സംബന്ധിച്ച ബാഹ്യമായ തെളിവുകൾ സമകാലീനരായ ആളുകൾക്ക് ലഭ്യമായിരിക്കാം. അല്ലെങ്കിൽ ലഭ്യമാകാതെയും വരാം. കാരണം പ്രവചിക്കപ്പെട്ട കാര്യങ്ങളോടൊപ്പം അത്തരം തെളിവുകൾ പിൽക്കാലത്ത് വെളിപ്പെടുന്നതാകാം. ഭാവിലോകത്ത് സംഭവിക്കുന്ന ജ്ഞാനത്തിന്റെയും കണ്ടുപിടിത്തങ്ങളുടെയും കാലഘട്ടവുമായി ബന്ധപ്പെട്ടതാണത്. അതുകൊണ്ട് ആർക്കും തന്നെ അത്തരം കാര്യങ്ങളെ സംബന്ധിച്ച് ഊഹിക്കാൻ പോലും സാധ്യമല്ല. പിന്നീട് വരുന്ന അത്തരം വെളിപാടുകളിലെ സത്യങ്ങൾ വൈജ്ഞാനികമായി പുരോഗമിച്ച ജനതക്ക് ബോധ്യപ്പെടുത്താൻ വേണ്ടിയുള്ളതാണ്. ഭൂതകാലത്തിലെ ദിവ്യവെളിപാടുകളിലെ സത്യത്തിന് പിൽക്കാലത്തെ ജനതകൾ അങ്ങനെ സാക്ഷ്യം വഹിക്കുന്നു. അതിനാൽ ഒരു നിരീക്ഷകനെ സംബന്ധിച്ചിടത്തോളം മാനസികാനുഭവങ്ങളും ദൈവത്തിൽ നിന്നുള്ള യഥാർത്ഥ വെളിപാടുകളും തിരിച്ചറിയാൻ വലിയ വിഷമമുണ്ടാവില്ല. സമകാലീന ജനതയെ അഭിമുഖീകരിച്ചു കൊണ്ടുള്ളതും ഭാവിയിലെ ആളുകളെ അത്ഭുതപ്പെടുത്തുന്നതുമായ പ്രവചനങ്ങളടങ്ങിയ ഒരു ദിവ്യവെളിപാടിലേക്ക് നാം ശ്രദ്ധതിരിക്കുകയാണ്.

ഈജിപ്തിലെ രാജാവ് ദർശിച്ചതും പിന്നീട് യുസുഫ് നബി(അ) വ്യാഖ്യാനിച്ചതുമായ സുപ്രസിദ്ധമായ ഒരു സ്വപ്നദർശനമാണ് നാം വിശദീകരിക്കാൻ വേണ്ടി തിരഞ്ഞെടുക്കുന്നത്. വിശുദ്ധ ഖുർആന്റെ വിവരണപ്രകാരം രാജാവ് കണ്ട ഈ സ്വപ്നം യൂസുഫ് നബി(അ) യോട് വിവരിക്കപ്പെടുകയുണ്ടായി. അദ്ദേഹമപ്പോൾ ഒരു വ്യാജാരോപണത്തെത്തുടർന്ന് ജയിൽവാസമനുഭവിക്കുകയായിരുന്നു. രാജധാനിയിലെ മഹാജ്ഞാനികളെ കുഴക്കിയ ഒരു വിചിത്ര സ്വപ്നമായിരുന്നു അത്. പക്ഷേ ആ സ്വപ്നത്തിന്റെ ശരിയായ ആന്തരാർത്ഥം ഗ്രഹിച്ച യൂസുഫിന്(അ) അത് ഒട്ടും പ്രയാസം സൃഷ്ടിച്ചില്ല. അദ്ദേഹത്തിന്റെ ജ്ഞാനപരവും സമർത്ഥവുമായ സ്വപ്നവ്യാഖ്യാനം തുടർന്നുവന്ന വർഷങ്ങളിലെ സംഭവ പരമ്പരകൾ പൂർണ്ണമായും സത്യപ്പെടുത്തുന്നതായിരുന്നു. രാജാവ് തന്റെ സ്വപ്നത്തിൽ ഏഴ് ആരോഗ്യമുള്ള പച്ചക്കതിരുകളും ഏഴ് ഉണങ്ങിയ ധാന്യമണികളില്ലാത്ത കതിരുകളും കാണുന്നു. മാത്രമല്ല ഏഴ് മെലിഞ്ഞ പശുക്കൾ ഏഴ് തടിച്ച പശുക്കളെ വിഴുങ്ങുന്നതായും കണ്ടു. തന്റെ കൊട്ടാര സദസ്സിനോട് ഈ സ്വപ്നത്തിന്റെ വ്യാഖ്യാനം പറയുവാൻ രാജാവ് ആവശ്യപ്പെട്ടു. ഈ സ്വപ്നം യാതൊരു അർത്ഥവുമില്ലാത്ത ഉപബോധമനസ്സിന്റെ പേക്കിനാവുകളാണെന്ന് പറഞ്ഞ് അവർ തള്ളി.

യൂസുഫ്(അ)ന്റെ കൂടെ കുറച്ചു നാൾ ജയിലിലുണ്ടായിരുന്ന ഒരു രാജസേവകൻ ഈ സന്ദർഭത്തിൽ രാജകൊട്ടാരത്തിലുണ്ടായിരുന്നു. അയാളും ഇതുപോലെ വിചിത്രമായൊരു സ്വപ്നം ജയിലിൽ വെച്ച് കണ്ടിരുന്നു. ആ സ്വപ്നത്തെ യൂസുഫ്(അ) ശരിയായി വ്യാഖ്യാനിക്കുകയുണ്ടായി. സ്വപ്ന ദർശകൻ ഉടൻതന്നെ ജയിൽ മോചിതനാ

കുമെന്നും വീണ്ടും തന്റെ യജമാനനായ രാജാവിന്റെ സേവകനാകുമെന്നും പറഞ്ഞിരുന്നു. രാജാവ് ഇപ്പോൾ കണ്ട ഈ സ്വപ്നത്തെ യൂസുഫ്(അ) ശരിയായ നിലയിൽ വ്യാഖ്യാനിക്കുമെന്ന പ്രതീക്ഷയിൽ അദ്ദേഹത്തെ കാണാൻ തന്നെ അനുവദിക്കണമെന്ന് രാജസേവകൻ രാജാവിനോട് അഭ്യർത്ഥിച്ചു. രാജാവിന്റെ അനുമതി ലഭിച്ചപ്പോൾ അദ്ദേഹം യൂസുഫിനെ(അ) ജയിലിൽ ചെന്ന് സന്ദർശിച്ചു. രാജാവ് കണ്ട സ്വപ്നത്തെപ്പറ്റി പറഞ്ഞു. യൂസുഫ്(അ) ഉടൻ തന്നെ സ്വപ്നത്തിന്റെ അർത്ഥം ഗ്രഹിക്കുകയും യാതൊരു സംശയവും അവശേഷിക്കാത്ത രീതിയിൽ അത് യുക്തിപരമായി വിവരിച്ചു കൊടുക്കുകയും ചെയ്തു.

രാജാവിന്റെയടുത്ത് മടങ്ങിച്ചെന്ന രാജസേവകൻ താഴെ പറയുന്ന വിധം യൂസുഫ്(അ)ന്റെ സ്വപ്ന വ്യാഖ്യാനം കേൾപ്പിക്കുകയുണ്ടായി.

സ്വപ്നം കണ്ടത് മുതൽക്കുള്ള ഏഴ് വർഷക്കാലം ദൈവം തന്റെ അനുഗ്രഹം ഈജിപ്തിനു മേൽ മഴയായി നൽകുകയും അതിന്റെ ഫലമായി ധാന്യങ്ങളും പഴങ്ങളും സമൃദ്ധമായി ഉണ്ടാവുകയും ചെയ്യും. ഏഴ് വർഷത്തെ സമൃദ്ധമായ കൊയ്ത്തിന് പിന്നാലെ വരൾച്ചയുടെ ഏഴ് വർഷം സമാഗതമാവുകയും വരൾച്ചയുടെ വർഷങ്ങളെ നേരിടാൻ സമൃദ്ധിയുടെ കാലഘട്ടത്തിലെ ധാന്യങ്ങൾ ശേഖരിച്ചുവെച്ചില്ലെങ്കിൽ കടുത്ത ക്ഷാമം അനുഭവപ്പെടുന്നതായിരിക്കുമെന്നും പറഞ്ഞു.

ഈ സ്വപ്ന വ്യാഖ്യാനം രാജാവിനെ അഗാധമായി സ്വാധീനിച്ചു. രാജാവ് ഉടൻ തന്നെ യൂസുഫ് നബി(അ)യെ മോചിപ്പിക്കാൻ ആജ്ഞ നൽകി. അദ്ദേഹത്തിനെതിരെയുണ്ടായിരുന്ന ദുരാരോപണത്തിന്റെ നിജസ്ഥിതിയറിയാൻ വേണ്ടി ന്യായമായ ഒരന്വേഷണം നടത്തുന്നത് വരെ യൂസുഫിനെ ജയിലിലടച്ചതായിരുന്നു. അദ്ദേഹത്തിനെതിരെയുള്ള ആരോപണം പിൻവലിക്കപ്പെട്ടു. അദ്ദേഹം പിന്നീട് ബഹുമാനിതനായിക്കൊണ്ട് കുറ്റവിമുക്തനാക്കപ്പെടുകയും യഥാർത്ഥ കുറ്റവാളി പശ്ചാത്തപിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം ജയിൽ വിമോചിതനായി. അദ്ദേഹം രാജാവിനാൽ അസാധാരണമാം വിധം ബഹുമാനിതനായി. രാജാവ് തന്റെ ഭരണസമിതിയിൽ അദ്ദേഹത്തെ ധനകാര്യ മന്ത്രിയായി നിയമിക്കുകയും ചെയ്തു.

എല്ലാവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് സ്വപ്നത്തിന്റെ വ്യാഖ്യാനം യൂസുഫ് നബി(അ) പറഞ്ഞത് പ്രകാരം കണിശമായും പുലർന്നു. അത് വലിയൊരു ദുരിതത്തിൽ നിന്ന് ഈജിപ്തിലെ ജനതയെ മാത്രമല്ല രക്ഷിച്ചത്. നാടോടികളായ ജനതകൾക്കും അയൽ പ്രദേശത്തെ ജനതകൾക്കും അത് ഗുണകരമായി തീർന്നു. അതേ സംഭവം തന്നെ യൂസുഫ് നബി (അ)ക്ക് നഷ്ടപ്പെട്ട തന്റെ കുടുംബവുമായി വീണ്ടും കൂടിച്ചേരാനും സഹായകമായി.

ഇത് പോലെയുള്ള സ്വപ്നങ്ങളും തുടർന്നുള്ള അതിന്റെ പൂർത്തീകരണവും തികഞ്ഞ അസംബന്ധമെന്ന് പറഞ്ഞ് നമുക്ക് തള്ളുവാൻ കഴിയില്ല. പക്ഷേ, അത് വ്യാഖ്യാനിക്കാൻ യൂസുഫ് നബി (അ)വേണ്ടി വന്നു. ഈയൊരു സംഭവം മനുഷ്യനിൽ അന്തർലീനമായ ഈ മാനസിക സംവിധാനം ഒരു നിശ്ചിത ഉദ്ദേശ്യാർത്ഥം ദൈവം എങ്ങനെ പ്രവർത്തിപ്പിക്കുന്നു എന്നതിന് മതിയായ ഉദാഹരണമാണ്. ഇങ്ങനെ അർത്ഥഗർഭിതമായ ഒരു സുനിശ്ചിത സന്ദേശം ദൈവത്താൽ നൽകപ്പെടുന്നു. അങ്ങനെ അദൃശ്യമായ മണ്ഡ ലത്തിൽ നിന്ന് ഒരു ഭാഗം ദൃശ്യ മണ്ഡലത്തിലേക്ക് മാറ്റപ്പെടുകയും ചെയ്യുന്നു. എന്തായിരുന്നാലും നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന മനഃസംവിധാനം പൂർണ്ണമായും ദൈവത്താലോ അതല്ലെങ്കിൽ പൂർണ്ണമായും ഉപബോധ മനസ്സിനാലോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നില്ല എന്ന കാര്യം ഓർക്കേണ്ടതുണ്ട്.

മൂന്നാമത്തെ മറ്റൊരു സാധ്യതയിലേക്കും ഖുർആൻ വെളിച്ചം വീശുന്നു.

***ആരുടെ മേലാണോ പിശാചുക്കൾ ഇറങ്ങുന്നതെന്ന് ഞാൻ നിങ്ങൾക്ക് വിവരിച്ചു തരട്ടെയോ? പെരുങ്കള്ളം പറയുന്ന കൊടുംപാപിയായ എല്ലാ ഓരോരുത്തരുടേയും മേൽ (പിശാചുക്കൾ) ഇറങ്ങുന്നു. അവർ ചെവി കൊടുത്ത് കേൾക്കും. അവരിൽ അധികപേരും കള്ളം പറയുന്നവരാണ്. 26: 22 2 224)***

ഈ വചന പ്രകാരം വ്യാജന്മാർക്കും, കള്ളം പറയുന്നത് സ്വഭാവമായി സ്വീകരിച്ചവർക്കും, അവരുടെ പൈശാചികമായ സഹജാവബോധത്താലായിരിക്കാം ഈ മനഃസംവിധാനം പ്രവർത്തനക്ഷമമാകുന്നത്. അവരുടെ വ്യാജത്വം വെളിപാടുകൾ എന്ന പോലെ അവരേയും അവരെ പിന്തുടരുന്നവരേയും വഴിതെറ്റിക്കുന്നു. ഇത് മൂന്നാമത്തെ രീതിയിൽ പ്രവർത്തിക്കുന്ന മനഃസംവിധാനമാണ്. നിർണ്ണായകമായിട്ടുള്ള കാര്യം അത്തരം അനുഭവങ്ങൾക്ക് വിധേയമാവുന്ന വ്യക്തിയുടെ സത്യസന്ധതയും വ്യാജത്വവുമാണ്. വ്യാജരായ വ്യക്തികൾക്ക് വ്യാജ വെളിപാടുകൾ ലഭിക്കുന്നു. അതുകൊണ്ട് അന്തിമ വിശകലനത്തിൽ വ്യാജവെളിപാടുകൾ അതിലടങ്ങിയിരിക്കുന്ന പൈശാചിക ഘടകങ്ങൾ കൊണ്ടും അത് നൽകുന്ന വ്യാജവാഗ്ദാനങ്ങൾ കൊണ്ടും തിരിച്ചറിയപ്പെടുന്നതാണ്.

## REFERENCES


1. Translation of The Holy Quran, Verse, 7:117–119
2. Translation of The Holy Quran, Verse,20:67–69
3. Translation of The Holy Quran, Verse,26:222–224

# ആകാശത്ത് വെളിപ്പെട്ട ദൈവികദൃഷ്ടാന്തം

**വാഗ്ദത്ത മസീഹിന്റെ അടയാളമായി റസൂൽ തിരുമേനി(സ) പ്രവചിച്ച സൂര്യചന്ദ്ര ഗ്രഹണങ്ങൾ ഗോളഗണിതത്തിന്റെ അത്ഭുതകരമായ കണിശതയിൽ ഹദ്റത്ത് അഹ്മദ് (അ)ന് സാക്ഷ്യമായി പുലരുകയുണ്ടായി. വിസ്മയകരമായ ആ ആകാശ ദൃഷ്ടാന്തത്തിന്റെ നാനാ വശങ്ങളും ലോക പ്രശസ്ത ജ്യോതി ശാസ്ത്ര പണ്ഡിതനായിരുന്ന ലേഖകൻ വിശദീകരിക്കുന്നു.**

ഡോ. ഹാഫിസ് സാലിഹ് മുഹമ്മദ് അലാവുദ്ദീൻ

**അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.**

**ശപ്തനായ പിശാചിൽ നിന്നും അല്ലാഹുവിൽ ഞാൻ ശരണം പ്രാപിക്കുന്നു. അല്ലാഹുവിന്റെ തിരുനാമത്തിൽ. പരമ കാരുണികനായുള്ളവൻ. കരുണാനിധി! വിധിനാളിന്റെ അധിപതി!. നിന്നെമാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോട് മാത്രം സഹായമർഥിക്കുകയും ചെയ്യുന്നു. നീ ഋജു മാർഗത്തിൽ ഞങ്ങളെ നയിച്ചാലും! നീ അനു ഗ്രഹം ചൊരിഞ്ഞവരുടെ മാർഗത്തിൽ! നിന്റെ കോപം പതിച്ചവരുടെ മാർഗത്തിലല്ല.**

**ഓ നാഥാ നിന്റെ അനുഗ്രഹ വർഷങ്ങൾ മുഹമ്മദ് നബി (സ) യിലും അവിടുത്തെ സന്തതി പരമ്പരകളിലും ഉണ്ടാവേണമേ! ഇബ്രാഹിമിലും അദ്ദേഹത്തിന്റെ സന്തതി പരമ്പരകളിലും വർഷിച്ചത് പ്രകാരം! നിശ്ചയം നീ സ്തുത്യർഹനും മഹത്വമുടയവനു മാകുന്നു.**

## 2. സൂര്യ ചന്ദ്ര ഗ്രഹണങ്ങളെ സംബന്ധിച്ച പ്രവചനങ്ങൾ

അവസാന കാലത്ത് ആവിർഭവിക്കുന്ന യുഗപ്രഭാവനായ ഒരു ആത്മീയ പരിഷ്ക്കർത്താവിനെക്കുറിച്ച് വിവിധ മതഗ്രന്ഥങ്ങളിൽ പ്രവചനമുണ്ട്. ഇത് സംബന്ധിച്ച് നമ്മുടെ യജമാനനും പ്രവാചക വരേണ്യനുമായ നബിതിരുമേനി (സ) യുടെ ചില പ്രധാനപ്പെട്ട പ്രവചനങ്ങൾ മാത്രം ചർച്ചചെയ്യാനാണ് ഞാൻ ഉദ്ദേശിക്കു ന്നത്. ഒരു സത്യാന്വേഷകന് അദ്ദേഹത്തെ കണ്ടെത്താൻ ഇത് സഹായകമാണ്. തിരുനബി(സ) യുടെ പ്രവചന പ്രകാരം റമദാൻ മാസത്തിലെ നിർണിത ദിവസ ങ്ങളിൽ സംഭവിച്ച സൂര്യചന്ദ്ര ഗ്രഹണങ്ങൾ വാഗ്ദത്ത പരിഷ്ക്കർത്താവിന്റെ ആഗമനത്തിനുള്ള അനിഷേധ്യമായ അടയാളമാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു



***അവൻ അദൃശ്യ കാര്യങ്ങൾ അറിയുന്നവനാണ്. അവന്റെ ഗോപ്യമായ അറിവ് ആർക്കും വെളിപ്പെടുത്തിക്കൊടുക്കുന്നതല്ല. അവൻ തിരഞ്ഞെടുത്ത ഒരു ദൂതനല്ലാതെ (72:27,28വി. ഖുർആൻ)***

ദൈവദുതന്മാർ ദൈവവുമായി അടുത്ത ബന്ധം പുലർത്തുന്നവരാണെന്നും അദൃശ്യജ്ഞാനത്തെ കുറിച്ച് അറിവ് അവർക്ക് മാത്രമേ നൽകപ്പെടുകയുള്ളൂവെന്നും അതിനാൽ അവർക്ക് സ്പഷ്ടമായ പ്രവചനങ്ങൾ നടത്താൻ കഴിയുമെന്നും ഈ വചനങ്ങൾ വ്യക്തമാക്കുന്നു.

അല്ലാഹുവിൽ നിന്ന് അതിസമൃദ്ധമായ അദൃശ്യജ്ഞാനങ്ങളുടെ വരലബ്ദികൊണ്ടനുഗൃഹീതനായിരുന്നു തിരുനബി (സ). അവസാന കാലത്ത് ലോകം ദൈവമാർഗത്തിൽ നിന്ന് വ്യതിചലിക്കുമ്പോൾ ഒരു മഹ്ദി മസീഹിന്റെ (ദിവ്യപരിഷ്ക്കർത്താവിന്റെ) ആവിർഭാവമുണ്ടാവുമെന്നും ആ മഹാത്മാവിലൂടെ സത്യവിശ്വാസം പുനസ്ഥാപിക്കപ്പെടുമെന്നും അങ്ങനെ ഇസ്‌ലാം പുനരുജ്ജീവിപ്പിക്കപ്പെടു മെന്നും തിരുമേനി (സ) പ്രവചിക്കുകയുണ്ടായി. മഹ്ദി മസീഹിന്റെ ആവിർഭാവത്തെ കുറിക്കുന്ന പല അടയാളങ്ങൾ സംബന്ധിച്ചും നബി തിരുമേനി (സ) അരുളുകയുണ്ടായി. വാഗ്ദത്ത മസീഹിന്റെ രണ്ടാം

ഖലീഫ ഹദ്റത്ത് മിർസാ മഹ്മൂദ് അഹ്മദ് (റ) രചിച്ച അഹ്മദിയ്യത്തിലേക്ക് ഒരു ക്ഷണം (Invitation to Ahmadiyyath) എന്ന പുസ്തകത്തിൽ വ്യക്തമായി ഇക്കാര്യങ്ങൾ വിവരിച്ചിട്ടുണ്ട്. എന്റെ ഈ പ്രബന്ധത്തിൽ ആകാശത്ത് പ്രത്യക്ഷമായ സൂര്യ ചന്ദ്രഗ്രഹണങ്ങളുടെ അടയാളങ്ങളെ പറ്റി മാത്രം വിശദീകരിക്കാനാണ് ആഗ്രഹിക്കുന്നത്.

ഹദ്റത്ത് ഇമാം മുഹമ്മദ് ബാഖിർ (റ) നിവേദനം ചെയ്ത ഒരു ഹദീസ് ആധികാരിക ഹദീസ് പണ്ഡിതനായ അലി ഇബ്നു ഉമർ അൽ ബാഗ്ദാദി അദ്ദാറുഖുത്നി (lnPvd 306-385) രേഖപ്പെടുത്തിയത് ഇപ്രകാരമാണ്.

നമ്മുടെ മഹ്ദിക്ക് രണ്ട് അടയാളങ്ങളുണ്ട്. ആകാശ ഭൂമികൾ സൃഷ്ടിക്കപ്പെട്ടതിന് ശേഷം ഈ അടയാളങ്ങൾ ഉണ്ടായിട്ടില്ല. അതായത് റമദാനിലെ ആദ്യ രാവിൽ ചന്ദ്രഗ്രഹണവും (ചന്ദ്രഗ്രഹണം സംഭവിക്കാവുന്ന രാവുകളിൽ ആദ്യരാത്രി) റമദാനിലെ മദ്ധ്യദിനത്തിൽ സൂര്യഗ്രഹണവും (സൂര്യഗ്രഹണം സംഭവിക്കാവുന്ന ദിനങ്ങളിലെ മദ്ധ്യദിനം) ഉണ്ടാവുന്നതാണ് (സുനൻ ദാറുഖുത്നി, വാല്യം1 പുറം188)

ഈ അടയാളങ്ങൾ വിവരിച്ച ഹദീസ് സുന്നികളുടെയും ശിയാക്കളുടെയും ഹദീസ് ശേഖരത്തിൽ ഉൾപ്പെട്ടതാണ്.

ഹിജ്റ 560 ൽ ഡൽഹിയുടെ പ്രാന്തപ്രദേശത്ത് ജീവിച്ച ഒരു വലിയ്യ് ഇപ്രകാരം എഴുതുകയുണ്ടായി.

*അദ്ദേഹം കാലഘട്ടത്തിന്റെ മഹ്ദിയും ഈസായും ആയിരിക്കും. രണ്ട് ഗുണങ്ങളെ കൊണ്ട് അനുഗ്രഹിക്കപ്പെട്ടവനായി അദ്ദേഹത്തെ കാണുന്നു. സൂര്യചന്ദ്രന്മാരുടെ പ്രകാശം മങ്ങിപ്പോയതായും ഞാൻ കാണുന്നു. (മുസ്ലിഹ് ആഖിറുസ്സമാൻ മൗലവി ബശീറുദ്ദീൻ അഹ്മദ്, ഡൽഹി)*

അഹ്ലെ ഹദീസ് പണ്ഡിതനായ മൗലാന ഹാഫിസ് മുഹമ്മദ് ബിൻ ബാറക്കല്ലാഹു ലാക്കോവെ **'അഹ്വാലുൽ ആഖിറത്ത്'** എന്ന ഗ്രന്ഥത്തിൽ എഴുതുന്നു:

*ഈ വചനത്തിലെ സൂര്യ ചന്ദ്രഗ്രഹണങ്ങൾ റമദാനിലെ 13, 17 ദിവസങ്ങളിലാണ് സംഭവിക്കുക. എന്ന് സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. പിൽക്കാലത്ത് ഹദീസിന്റേയും പ്രകൃതി നിയമങ്ങളുടെയും വെളിച്ചത്തിൽ ഗ്രഹണത്തിന്റെ യഥാർഥ തീയതികൾ റമദാൻ 13നും 28നുമാണെന്ന് വിശദീകരിക്കപ്പെടുന്നതാണ്.*

ഗ്രഹണത്തെ സംബന്ധിച്ച് ഇസ്ലാമിന്റെ പുനരുത്ഥാന കാലത്തിന്റെ സമാഗമം കുറിക്കുന്ന അതി പ്രധാന അടയാളമായി വിശുദ്ധ ഖുർആൻ ചൂണ്ടിക്കാട്ടു ന്നു. ഈ വസ്തുത പ്രസ്തുത ഹദീസിനെ ബലപ്പെടുത്തുകയാണ്. ചെയ്യുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു:

***പുനരുത്ഥാന നാൾ എപ്പോഴാണെന്ന് അവൻ ചോദിക്കുന്നു. എന്നാൽ ദൃഷ്ടികൾ സ്തംഭിച്ചു പോകുകയും ചന്ദ്രന് ഗ്രഹണം ബാധിക്കുകയും, സൂര്യനും ചന്ദ്രനും ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്താൽ ആ നാളിൽ ഓടിരക്ഷപ്പെടാനുള്ള സ്ഥലം എവിടെയെന്ന് മനുഷ്യൻ ചോദിക്കും (75: 711 വിശുദ്ധ ഖുർആൻ)***

ഈ പ്രവചനത്തിന്റെ അടിവേര് വിശുദ്ധ ഖുർആനിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഹദീസ് ഈ വചനത്തെ വിശദീകരിക്കുകയും സുപ്രധാന വിവരങ്ങൾ നൽകുകയുമാണ് ചെയ്യുന്നത്.

ബൈബിൾ പുതിയ നിയമത്തിൽ യേശുവിന്റെ രണ്ടാം വരവിന്റെ അടയാളങ്ങൾ വിവരിക്കുന്നത് കാണുക. ***ആ കാലത്തിന്റെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടു പോകും. ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും. (മത്തായി: 24: 29)***

മഹാത്മാ സൂർദാസ്ജി കൽക്കി അവതരിക്കുന്ന കാലത്ത് ചന്ദ്രനും സൂര്യനും ഗ്രഹണം ബാധിക്കുമെന്ന പ്രവചനത്തെ പറ്റി പ്രതിപാദിച്ചിട്ടുണ്ട്.

***ചന്ദ്രനും സൂര്യനും ഗ്രഹണം ബാധിക്കും. മരണവും കുഴപ്പവും മൂലം ഭൂമി കലാപ കലുഷിതമാവും. (സൂർ സാഗർ)***

സിഖുകാരുടെ പുണ്യഗ്രന്ഥമായ ഗുരു ഗ്രന്ഥസാഹിബിൽ ഇങ്ങനെ കാണാം.

***മഹാരാജ് നിഷ്ക്കളങ്കാവതാരമായി പ്രത്യക്ഷപ്പെടുമ്പോൾ സൂര്യനും ചന്ദ്രനും അദ്ദേഹത്തിന് സഹായകമാവും*** (ഗുരു ഗ്രന്ഥസാഹബ്)

ചുരുക്കത്തിൽ സൂര്യ ചന്ദ്രന്മാരുടെ ഗ്രഹണത്തെ പറ്റി മറ്റു മതഗ്രന്ഥങ്ങളിലും പ്രതിപാദിക്കുന്നുണ്ട്. മുകളിൽ കൊടുത്ത ദാറുഖുത്നിയുടെ ഹദീസിൽ ഈ പ്രതി ഭാസത്തെ പറ്റി കൂടുതൽ സൂക്ഷ്മമായ വിവരണങ്ങൾ നൽകിയിരിക്കുന്നു. ഇതിനെ പറ്റി വിശദീകരിക്കാം.

**3. സൂര്യ ചന്ദ്രഗ്രഹണം പ്രകൃതി നിയമങ്ങളുടെ വെളിച്ചത്തിൽ**

സൂര്യചന്ദ്ര ഗ്രഹണങ്ങൾ പ്രകൃതി നിയമങ്ങളുടെ അടിസ്ഥാനത്തിൽ നടക്കുന്ന ഖഗോള പ്രതിഭാസങ്ങളാണ്. വിശുദ്ധ ഖുർആൻ പ്രകൃതി പ്രതിഭാസങ്ങളിലേക്ക് നമ്മുടെ ശ്രദ്ധയെ നിരന്തരം ക്ഷണിക്കുന്നു. ജ്യോതി ശാസ്ത്രത്തെ സംബന്ധിച്ച ചില അടിസ്ഥാന വസ്തുതകൾ വിശകലനം ചെയ്യുന്നത് ഇവിടെ പ്രസക്തമാണെന്ന് തോന്നുന്നു. ഈ ഹദീസിനെ സംബന്ധിച്ച് കൂടുതൽ അവബോധം ആർജിക്കാൻ സഹായകമായിരിക്കും.

ഭൂമിയും സൂര്യനും ചന്ദ്രനും മൂന്നും ചേർന്ന് ഒരു ത്രികോണ വ്യവസ്ഥ രൂപപ്പെടുന്നു. വിശുദ്ധ ഖുർആൻ ഈ വ്യവസ്ഥയെ വളരെ മനോഹരമായി ഇപ്രകാരം വിവരിക്കുന്നു:

***ഭൂമിയിൽ അങ്കുരിക്കുന്നതിൽ നിന്നും അവരുടെ വർഗത്തിൽ നിന്നും സകല ഇണകളേയും സൃഷ്ടിച്ച അല്ലാഹു പരിശുദ്ധനാകുന്നു. രാവ് അവർക്കൊരു ദൃഷ്ടാന്തമാണ്. അതിൽ നിന്നും***

***പകലിനെ നാം ഊരിയെടുത്തു. അപ്പോൾ അവരതാ അന്ധകാരത്തി ലായിരുന്നു. സൂര്യൻ അതിന് നിർണയിക്കപ്പെട്ട സഞ്ചാരപഥ ത്തിൽ ചരിച്ചുകൊണ്ടിരിക്കുന്നു. അത് പ്രതാപവാനും സർവജ്ഞനു മായ അല്ലാഹുവിന്റെ ആസൂത്രണ മത്രെ. ചന്ദ്രന് നാം ചില പതനങ്ങൾ നിർണയിച്ചിട്ടുണ്ട്. അങ്ങനെ അത് പഴകി വരണ്ട ഈത്തപഴക്കുല ത്തണ്ടു പോലെ വീണ്ടും ആയിതീരുന്നു. സൂര്യന് ചന്ദ്രനെ മുൻ കടക്കാനാകില്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. അവയെല്ലാം അതിന്റെ സഞ്ചാര പഥങ്ങളിൽ നീന്തിക്കൊണ്ടിരി ക്കുന്നു. (38: 37 42 വിശുദ്ധ ഖുർആൻ)***

വിശുദ്ധ ഖുർആനിലെ അഞ്ച് സൂക്തങ്ങൾ ഇവിടെ ഉദ്ധരിച്ചിരിക്കുന്നു. ആദ്യത്തെ വചനത്തിൽ എല്ലാ വസ്തുക്കളും ഇണകളായിട്ടാണ് അഥവാ യുഗ്മങ്ങളായിട്ടാണ് സൃഷ്ടി ക്കപ്പെട്ടിട്ടുള്ളതെന്ന മൗലികമായ വസ്തുത ചൂണ്ടിക്കാണിക്കപ്പെടു ന്നു. രണ്ടാമത്തെ വചനത്തിൽ ഭൂമിയുടെ ഭ്രമണം കൊണ്ടാണ് രാവും പകലും ഉണ്ടാവുന്നതെന്ന് പ്രസ്താവിക്കുന്നു. മൂന്നാം വചനം സൂര്യന്റെ ചലനത്തെപറ്റി പ്രതിപാദി ക്കുന്നു. നാലാം വചനം ചന്ദ്രന്റെ ചലനത്തെപറ്റി പറയുന്നു. അഞ്ചാം വചനത്തിൽ സൂര്യനും ചന്ദ്രനും പകലും രാവും എല്ലാറ്റിനെ പറ്റിയും ഒന്നായി പ്രതിപാദിക്കുകയും സുര്യന്റേയും ചന്ദ്രന്റേയും ചലന ങ്ങൾക്ക് അതിന്റേതായ ചില നിർണയങ്ങളുണ്ടെന്ന വസ്തുത യിലേക്ക് ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു.

ഭൂമിയും ചന്ദ്രനും പരസ്പ രം പ്രദക്ഷിണം ചെയ്യുന്നുവെന്നും അവ ഒരു പരിക്രമണം (Revolution) പൂർത്തിയാക്കാൻ ഒരു മാസം എടുക്കുന്നുവെന്നും ശാസ്ത്രം നമുക്ക് മനസ്സിലാക്കിത്ത രുന്നു. അവ രണ്ടും ചേർന്ന് ഒരു യുഗ്മ വ്യവസ്ഥ ( Pair System) രൂപപ്പെടുത്തിയിരിക്കുന്നു. ഭൂമിയും ചന്ദ്രനും സമയുക്തമായി സൂര്യനെ വലം വെക്കുകയും ഒരു വർഷം കൊണ്ട് ഒരു പരിക്രമണം പൂർത്തിയാക്കുകയും ചെയ്യുന്നു. അതായത് സൂര്യനും ഭൂമിചന്ദ്ര യുഗ്മവും ചേർന്ന് മറ്റൊരു യുഗ്മ വ്യവസ്ഥ സൃഷ്ടിച്ചിരിക്കുന്നു. ഇങ്ങനെ സൗരയൂഥത്തിൽ തന്നെ ജോഡികൾക്കുള്ളിൽ ജോഡി കളായി കൊണ്ട് നിരവധി യുഗ്മ വ്യവസ്ഥകൾ കാണാവുന്നതാണ്. സൂര്യനും അതിന്റെ ഗ്രഹങ്ങളും ഉപഗ്രഹങ്ങളും ചേർന്ന് ഈ ക്ഷീരപഥത്തിന്റെ കേന്ദ്രത്തെ പ്രദക്ഷിണം ചെയ്യുന്നു. 100 ദശലക്ഷം വർഷങ്ങൾ കൊണ്ടാണ് ഈ പ്രദക്ഷിണം പൂർത്തിയാക്കു ന്നത്. നമ്മുടെ ക്ഷീരപഥത്തിൽ തന്നെ കോടാനു കോടി നക്ഷത്ര ങ്ങൾ ക്ഷീര പഥത്തിന്റെ കേന്ദ്രത്തെ വിവിധ അകല ഭേദങ്ങളോടെ പരിക്രമണം ചെയ്തുകൊണ്ടിരിക്കു ന്നു.

എല്ലാ വസ്തുക്കളും ഇണ കളായിട്ട് സൃഷ്ടിച്ച നാഥൻ എത്ര പരിശുദ്ധൻ (വിശുദ്ധ ഖുർആൻ)

ചന്ദ്രൻ ഭൂമിയെ പ്രദക്ഷി ണം ചെയ്യുമ്പോൾ സൂര്യന്റേയും ഭൂമിയുടേയും ഇടയിൽ അവ ഒരു നേർരേഖയിൽ വരുന്നു. അപ്പോൾ ചന്ദ്രൻ സൂര്യ ബിംബത്തെ മറയ്ക്കുകയും ഭൂമിയിലേക്കുള്ള സൂര്യ പ്രകാശത്തെ മറയ്ക്കുകയും ചെയ്യുന്നു. ഇതാണ് സൂര്യഗ്രഹണം. സൂര്യനും ചന്ദ്രനുമിടയിൽ ഒരു നേർരേഖയിൽ ഭൂമി വരുമ്പോൾ ഭൂമിയുടെ നിഴൽ ചന്ദ്രനിൽ പതിയുകയും ചന്ദ്രഗ്രഹണം സംഭവിക്കുകയും ചെയ്യുന്നു. ജ്യോതിശാസ്ത്രത്തിൽ സാങ്കേതിക മായി സൂര്യഗ്രഹണം അമാവാസി ദിവസവും ചന്ദ്രഗ്രഹണം പൗർണമി ദിവസവും സംഭവിക്കുന്നു എന്നാ ണ് നാം പറയാറുള്ളത്. അമാവാസി ദിനത്തിൽ സൂര്യനും ചന്ദ്രനും രേഖാംശത്തിൽ വരുന്നു. അപ്പോൾ ചന്ദ്രനും സൂര്യനും യുതി (Conjunction) യിലാണെന്ന് പറയുന്നു. ഇങ്ങനെയാണെങ്കിലും എല്ലാ അമാവാസിയിലും അതുപോലെ വെളുത്ത വാവിലും ഗ്രഹണം സംഭവിക്കണമെന്നില്ല. ഗ്രഹണം നടക്കണമെങ്കിൽ സൂര്യനും ചന്ദ്രനും ഭൂമിയും ഒരേ നേർ രേഖയിൽ വരേണ്ടതുണ്ട്. ഭൂമിയുടെ സൂര്യന് ചുറ്റുമുള്ള ഭ്രമണ പഥവും ഒരേ തലത്തിലായിരുന്നെങ്കിൽ മാസത്തിൽ രണ്ട് തവണ ഒരേ രേഖാംശത്തിൽ വരുമായിരുന്നു. അങ്ങനെയെങ്കിൽ എല്ലാ മാസവും ഒരു ചന്ദ്രഗ്രഹണവും ഒരു സൂര്യഗ്ര ഹണവും സംഭവിക്കുമായിരുന്നു. യഥാർഥത്തിൽ അങ്ങനെയല്ല. പ്രസ്തുത രണ്ട് ഗോളങ്ങളുടെയും ഭ്രമണപഥങ്ങളുടെ തലങ്ങൾ (Orbital plane) തമ്മിൽ 5 ഡിഗ്രിയുടെ വ്യത്യാസമുണ്ട്. ഈ വ്യത്യാസം കാരണം ഒരു വർഷത്തിൽ പരമാവധി ഏഴു ഗ്രഹണങ്ങൾ മാത്രമേ സംഭവിക്കാൻ സാധ്യത യുള്ളു. (നാലോ അഞ്ചോ സൂര്യഗ്രഹണവും രണ്ടോ മൂന്നോ ചന്ദ്രഹ്രണവും) ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് രണ്ട് സൂര്യഗ്ര ഹണങ്ങൾ സംഭവിക്കുന്നു. സൂര്യഗ്രഹണമാണ് ചന്ദ്രഗ്രഹണ ത്തേക്കാൾ കൂടുതൽ സംഭവിക്കു ന്നത്. പക്ഷേ ചന്ദ്രഗ്രഹണം ദൃശ്യമാകുന്നതിനേക്കാൾ കുറഞ്ഞ അളവിൽ മാത്രമേ ഭൂമിയിൽ നിന്ന് സൂര്യഗ്രഹണം ദൃശ്യമാവുക യുള്ളൂ. അതിനാൽ ഭൂമിയിലെ ഏതെങ്കിലും ഒരു നിർദിഷ്ട സ്ഥലത്ത് സൂര്യഗ്രഹണത്തേക്കാൾ കൂടുതൽ ചന്ദ്രഗ്രഹണമാണ് അനു ഭവപ്പെടുന്നത്. കൂടുതൽ വി വരങ്ങൾക്ക് ഗോളശാസ്ത്രം സംബന്ധിച്ച ഗ്രന്ഥങ്ങൾ കാണുക.

ചന്ദ്രന്റെ ചലനം തികച്ചും സങ്കീർണമാണ്. ചന്ദ്രൻ ഭൂമിയെ ഒരു ദീർഘവൃത്ത ഭ്രമണ പഥത്തിലൂടെ യാണ് ഭ്രമണം ചെയ്യുന്നതെന്നാണ് ഏകദേശമായി കണക്കാക്കപ്പെടുന്ന ത്. ഈ ദീർഘ വൃത്ത ഭ്രമണപഥ ത്തിലൂടെയാണ് വലംവെക്കുന്നത്. ഈ ദീർഘ വൃത്ത പഥത്തിലൂടെ ചന്ദ്രൻ സഞ്ചരിക്കുമ്പോൾ ഭൂമിയു മായുള്ള അകലത്തിനനുസരിച്ച് ചന്ദ്രന്റെ ഭ്രമണ വേഗതക്കനുസരിച്ച് വ്യതിയാനം സംഭവിച്ചുകൊണ്ടിരി

ക്കും. ചന്ദ്രൻ ഭൂമിയുമായുള്ള അകലം ഏറ്റവും കുറഞ്ഞിരിക്കുന്ന സ്ഥാനത്തെ ഉപഭൂസ്ഥാനം എന്നറിയപ്പെടുന്നു. ചന്ദ്രൻ ഉപഭൂസ്ഥാനത്തെത്തുമ്പോൾ ഭ്രമണ വേഗത ഭൂമിയെ അപേക്ഷിച്ച് ഏറ്റവും കൂടുതലാവുന്നു. സൂര്യന്റെ ആകർഷണ ഫലമായി ഈ ഉപഭൂസ്ഥാനം മാറിക്കൊണ്ടിരി ക്കും. ഈ കാരണത്താൽ ചന്ദ്രന്റെ ഭ്രമണ വേഗത മാസത്തിന്റെ ആദ്യ ഘട്ടത്തിൽ അന്ത്യഘട്ടത്തിലും ചിലപ്പോൾ അതിശീഘ്രമാവുന്നു. അപ്രകാരം ഭൂചന്ദ്ര ജോഡികളുടെ സൂര്യനുമായുള്ള അകലവും ഭ്രമണ വേഗതയും കാരണം ഒരു പരിധിവരെ ആകർഷണ ശക്തിക്ക് വിധേയമായി മാറി ക്കൊണ്ടിരിക്കുകയും ചെയ്യുന്നു. വിശുദ്ധ ഖുർആൻ പറയുകയാണ്

***സൂര്യനും ചന്ദ്രനും ഒരു നിശ്ചിത കണക്കനുസരിച്ച് സഞ്ചരിച്ച് കൊണ്ടിരിക്കുന്നു. (55: 6)***

അകലത്തിലും വേഗതയിലുമുള്ള വ്യതിയാനമനുസരിച്ച് ഗ്രഹണങ്ങളുടെ തീയതികളിലും മാറ്റം സംഭവിക്കുന്നു. അതുകൊണ്ട് ചില പരിമിതികൾക്ക് വിധേയമായിക്കൊണ്ടുള്ള തീയതികളിലാണ് സൂര്യ ചന്ദ്ര ഗ്രഹണങ്ങൾ സംഭവിക്കുന്നത്.

ഖഗോള ശാസ്ത്രജ്ഞന്മാർ ഗോളശാസ്ത്ര പരമായി യുതി (Cojunction) മുതൽക്കാണ് ചന്ദ്രമാസാരംഭം കണക്കാക്കുക. യുതി എന്നാൽ രണ്ടോ അതിലധികമോ ഗോളങ്ങൾ ഒരു ഋജു രേഖയിൽ വരുന്നതിനെയാണ് യുതി എന്ന് പറയുന്നത്. അതായത് സൂര്യനും ഭൂമിയും ചന്ദ്രനും യുതിയിലാണെങ്കിൽ ആ സമയം കറുത്തവാവായിരിക്കും അഥവാ അമാവാസിയായിരിക്കും. എന്നാൽ ഇസ്‌ലാമിക വർഷ ഗണനയനുസരിച്ച് ചന്ദ്രക്കല ദൃശ്യമാവുന്നത് മുതൽക്കാണ് മാസം ആരംഭിക്കുന്നത്. അതായത് ചന്ദ്രക്കല നഗ്ന ദൃഷ്ടി കൊണ്ട് കാണുവാൻ പാകത്തിൽ ദൃശ്യമാവണം. ഗോളശാസ്ത്ര പരമായ മാസം (Astronomical Lunar Month Modern Guide to Astronomical Calculations of Islamic Calandar, Time and Qibla) എന്ന പുസ്തകം ആരംഭിക്കുന്നത് അമാവാസി മുതൽക്കാണ്. അമാവാസി കഴിഞ്ഞ് 24 മണിക്കൂർ കഴിഞ്ഞതിന് ശേഷമേ ചന്ദ്രക്കല കാണാൻ കഴിയൂ. കൂടുതൽ വിവരങ്ങൾക്ക് മാസപ്പിറവി സംബന്ധിച്ച് ഡോ. മുഹമ്മദ് ഇൽയാസ് എഴുതിയ Modern Guide to Astronomical Calculations of Islamic Calandar, Time and Qibla എന്ന പുസ്തകം കാണുക.

ചന്ദ്രമാസം അനുസരിച്ചുള്ള ഹിജ്റ വർഷം അനുസരിച്ചാണെങ്കിൽ ചന്ദ്രഗ്രഹണം മാസത്തിന്റെ 13,14,15 രാവുകളിലായിരിക്കണം സംഭവിക്കുക. സൂര്യഗ്രഹണം മാസത്തിന്റെ 27, 28, 29 ദിനങ്ങളിലുമാണ് സംഭവിക്കുക. പ്രവചനമനുസരിച്ച് ചന്ദ്രഗ്രഹണം പ്രസ്തുത തീയതികളിൽ ആദ്യരാത്രിയിലും സൂര്യഗ്രഹണം മദ്ധ്യദിനത്തിലുമാണ് സംഭവിക്കുക. ഇത് പ്രകാരം റമദാനിലെ 13 ാം രാവിൽ ചന്ദ്രഗ്രഹണവും 28 ാം ദിനത്തിൽ സൂര്യഗ്രഹണവും ഉണ്ടാകുമെന്ന് നിർണയിക്കപ്പെടുന്നു. ഈ ഹദീസിൽ ഖമർ എന്ന പദമാണ് ചന്ദ്രനെ പറ്റി പ്രയോഗിച്ചിരിക്കുന്നത് 1, 2, 3 രാവുകളിലെ ചന്ദ്രക്കലയെ ഹിലാൽ എന്നാണ് വിളിക്കുക. ഖമർ എന്ന പദം നാലാം രാവു മുതൽ വികസിച്ചു വരുന്ന ചന്ദ്രനെക്കുറിക്കാനാണ് പ്രയോഗിക്കപ്പെടുന്നത്. (അഖ്ബുൽ മവാരിദ് വാല്യം 2) ചുരുക്കത്തിൽ റമദാനിലെ ഒന്നാം രാവ് എന്നത് കൊണ്ട് വിവക്ഷിക്കപ്പെടുന്നത് 13 ാം രാവാണ്. അല്ലാതെ മാസാരംഭത്തിലെ ഒന്നാം രാവല്ല. ഹദീസിൽ പ്രയുക്തമായ ഖമർ എന്ന പദം ഈ വസ്തുത അനിഷേധ്യമാം വിധം ബലപ്പെടുത്തുന്നു.

**4. വാഗ്ദത്ത മസീഹിന്റെ ആവിർഭാവവും പ്രവചന പുലർച്ചയും**

ഹദീസുകളിലെ പ്രവചനം എപ്രകാരം പൂർത്തിയായി എന്ന് പരിശോധിക്കാം:

ഭാരതത്തിലെ അജ്ഞാത വിദൂരസ്ഥമായ ഖാദിയാൻ എന്ന ഗ്രാമത്തിൽ ക്രിസ്തു വർഷം 1835 ൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) ഭൂജാതനായി. അനിതര സാധാരണമായ സദ്ഗുണ നിഷ്ഠ, തിരുമേനി(സ) യോടുള്ള അതിരറ്റ അനുരക്തി ഇവയായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മുഗ്ദഭാവങ്ങൾ. ഇസ്‌ലാമിനെതിരെയുള്ള വിമർശകരുടെ നിശിതമായ കടന്നാക്രമണവും മുസ്‌ലിംകളുടെ ജീർണമായ ആത്മീയ സ്ഥിതിയും അദ്ദേഹത്തെ വ്രണിതചിത്തനാക്കി. ഇസ്‌ലാംമത സേവനത്തിനായി സ്വയം സമർപ്പിതനായ അദ്ദേഹം ലോകത്തിന്റെ ആത്മീയ പുനർജനിക്ക് വേണ്ടി തീക്ഷ്ണമായ ഹൃദയ വേദനയോടെ നിതാന്തമായ പ്രാർഥനകളിൽ മുഴുകി, ചരിത്രം സൃഷ്ടിച്ച അദ്ദേഹത്തിന്റെ വിഖ്യാതമായ കൃതി ബറാഹീനെ അഹ്മദിയ്യാ 1880 മുതൽ 1884 വരെയുള്ള കാലയളവിൽ നാലു വാല്യങ്ങളിലായി പ്രസിദ്ധീകരിച്ചു. ഇസ്‌ലാമിന്റെ സത്യം, വിശുദ്ധ ഖുർആന്റെയും തിരുനബി (സ) യുടെയും വൈശിഷ്ട്യങ്ങൾ എന്നിവ ഈ വിശിഷ്ട കൃതിയിൽ ചർച്ച ചെയ്യുന്നുണ്ട്.

ഹദ്റത്ത് അഹ്മദ് (അ) 1876 മുതൽ അദ്ദേഹത്തിന്റെ വിയോഗം വരെ (1908) ദൈവിക വെളിപാടുകൾ കൊണ്ടനുഗൃഹീതനായിരുന്നു. 1882 ൽ അദ്ദേഹത്തിന് ദൈവത്തിൽ നിന്ന് താഴെക്കാണുന്ന വചനങ്ങളിൽ ദൈവിക പരിഷ്ക്കർത്താവായി നിയോഗിച്ചു കൊണ്ടുള്ള ദിവ്യബോധനം ലഭിച്ചു.

***ഓ അഹ്മദ്! അല്ലാഹു താങ്കളെ അനുഗ്രഹിച്ചിരിക്കുന്നു. നീ എറിഞ്ഞതെന്തോ അത് നീയല്ല എറിഞ്ഞത്. നിനക്ക് ഖുർആൻ പഠിപ്പിച്ച കരുണാനിധി. ആരുടെ പൂർവ പിതാക്കൾക്ക് താക്കീത് ലഭിച്ചില്ലയോ അവരെ ജാഗരിപ്പിക്കാനും വഴിപിഴപ്പിച്ചവരുടെ***

***മാർഗം പ്രകടമാക്കുവാനും വേണ്ടി പ്രഖ്യാപിക്കുക. ഞാൻ ദൈവത്താൽ നിയോഗിതനാകുന്നു. ഞാൻ വിശ്വാസികളിൽ പ്രഥമ സ്ഥാനീയനത്രെ (ബറാഹീനെ അഹ്മദിയ്യ)***

അദ്ദേഹത്തിന് ഇപ്രകാരം വീണ്ടും വെളിപാട് ലഭിച്ചു.

***അവരോട് പറയുക, എന്റെ മേൽ അല്ലാഹുവിൽ നിന്നുള്ള സാക്ഷ്യമുണ്ട്. അപ്പോൾ നിങ്ങൾ വിശ്വസിക്കുമോ? അവരോട് പറയുക, എന്റെ മേൽ അല്ലാഹുവിന്റെ സാക്ഷ്യമുണ്ട്. അപ്പോൾ നിങ്ങൾ സമർപ്പണം ചെയ്യുമോ? (ബറാഹീനെ അഹ്മദിയ്യാ)***

ദൈവിക നിർദേശ പ്രകാരം 14 ാംനൂറ്റാണ്ടിലെ മുജദ്ദിദ് താനാണെന്ന് ഹദ്റത്ത് അഹ്മദ് (അ) പ്രഖ്യാപിക്കുകയുണ്ടായി. ദൈവാജ്ഞയാൽ 1889 മാർച്ച് 23 ന് ലുധിയാനയിൽ വെച്ച് ശിഷ്യന്മാരിൽ നിന്ന് ആദ്യത്തെ ബൈഅത്ത് സ്വീകരിക്കുകയും അഹ്മദിയ്യാ ജമാഅത്ത് രൂപവത്ക്കരിക്കുകയും ചെയ്തു. അഹ്മദിയ്യാ ജമാഅത്തിന്റെ പ്രഥമ ഖലീഫയായ ഹദ്റത്ത് അൽ ഹാജ് ഹാഫിസ് മൗലവി ഹക്കീം നൂറുദ്ദീൻ (റ) ആയിരുന്നു ആദ്യമായി ബൈഅത്ത് സ്വീകരിച്ച ശിഷ്യപ്രമുഖൻ. അതേ ദിവസം 40 പേർ ഹദ്റത്ത് അഹ്മദ് (അ)ന് ബൈഅത്ത് ചെയ്യുകയുണ്ടായി. ലൗകിക കാര്യങ്ങളേക്കാൾ മതകാര്യങ്ങളിൽ ജീവിതത്തിൽ മുൻതൂക്കം കൽപ്പിക്കുമെന്ന് ശിഷ്യന്മാർ പ്രതിജ്ഞ ചെയ്തു. ക്രി. വ. 1890 ന്റെ അവസാനത്തിൽ, ഈസാ നബി (അ) മരിച്ചു പോയിരിക്കുന്നു എന്ന് അദ്ദേഹത്തിന് ദിവ്യബോധനം ലഭിക്കുകയുണ്ടായി. അതായത് ഈസാ നബി (അ) വാഗ്ദാനം ചെയ്യപ്പെട്ട ഒരു മസീഹായിരുന്നുവെന്നും അദ്ദേഹത്തിന്റെ രണ്ടാം വരവിനെ സംബന്ധിച്ച പ്രവചനം അദ്ദേഹത്തോട് സദൃശ്യമുള്ള മറ്റൊരു വ്യക്തിയിൽ പുലരുമെന്നും ദൈവം ഹദ്റത്ത് അഹ്മദി(അ) നെ അറിയിച്ചു. അദ്ദേഹത്തിന് ലഭിച്ച ദിവ്യബോധനം ഇപ്രകാരമായിരുന്നു:

***മറിയമിന്റെ മകനായ മസീഹ് മരണപ്പെട്ട് പോയിരിക്കുന്നു. അദ്ദേഹത്തിന്റെ ഗുണങ്ങൾ വാഗ്ദാന പ്രകാരം നിന്നിൽ പുലർന്നിരിക്കുന്നു. അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തീകരിക്കപ്പെടുക തന്നെ ചെയ്യും. (തദ്കിറ)***

അല്ലാഹുവിൽ നിന്നുള്ള ഈ വിശദീകരണം ലഭിച്ചതിന് ശേഷം തിരുനബി (സ) പ്രവചിച്ച വാഗ്ദത്ത മഹ്ദിയും മസീഹും താനാണെന്ന് ഹദ്റത്ത് അഹ്മദ് (അ) വാദിക്കുകയുണ്ടായി. തന്റെ ഈ വാദത്തിന് ഉപോൽ ബലകമായി അദ്ദേഹം ന്യായ വാദങ്ങളുന്നയിക്കുകയും ഗ്രന്ഥങ്ങൾ രചിക്കുകയുമുണ്ടായി. ഫത്ഹെ ഇസ്ലാം (ഇസ്ലാമിന്റെ വിജയം) തൗതീഹെ മറാം (ലക്ഷ്യങ്ങളുടെ വിവരണം) ഇസാലെ ഔഹാം (സന്ദേഹ നിവാരണം) എന്നീ ഗ്രന്ഥങ്ങൾ അവയിൽ ചിലതാണ്. ജനങ്ങൾക്ക് ആത്മീയ ജീവനം നൽകാൻ ദൈവം തന്നെ നിയോഗിച്ചിരിക്കുകയാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. മതപൗരോഹിത്യം അദ്ദേഹത്തിന്റെ വാദത്തെ നിഷേധിക്കുകയും എതിർപ്പിന്റെ തീക്ഷ്ണമായ കൊടുങ്കാറ്റ് ഉയർത്തി വിടുകയുമുണ്ടായി.

ഹദ്റത്ത് അഹ്മദ്(അ) 1894 ൽ അറബിയിൽ രചിച്ച നൂറുൽ ഹഖ് (സത്യത്തിന്റെ പ്രകാശം) എന്ന ഗ്രന്ഥത്തിൽ ദൈവത്തോടുള്ള തന്റെ ഹൃദയ നൊമ്പരത്തോട് കൂടിയുള്ള ആത്മീയ വിലാപം രേഖപ്പെടുത്തിയിരിക്കുന്നു.

***ഓ നാഥാ ഞാൻ നിന്നിൽ നിന്നുള്ളവൻ തന്നെയല്ലയോ? എനിക്കെതിരെയുള്ള ശാപവചസ്സുകളും നിഷേധവും എല്ലാ സീമകളേയും അതിലംഘിച്ചിരിക്കുന്നു! ഞങ്ങളുടേയും ഞങ്ങളുടെ ജനതയുടെയും ഇടയിൽ വിധികൽപ്പിക്കേണമേ! നിശ്ചയം നീ തന്നെയാണ് ഏറ്റവും നല്ല വിധികർത്താവ്. ഓ നാഥാ ആകാശത്ത് നിന്ന് നീ എനിക്ക് ഒരു സഹായിയെ നൽകേണമേ. ഞാനിതാ ഒരു ബലഹീനനെ പോലെ അപമാനിതനായിരിക്കുന്നു. ആളുകൾ എന്നെ നിഷേധിക്കുകയും പരിഹാസത്തിന്റെ കോട്ടയിൽ തള്ളുകയും ചെയ്തിരിക്കുന്നു. ബദർ ദിനത്തിൽ തിരുനബി (സ) തുണയേകിയത് പോലെ നീ എന്റെ സഹായത്തിന് വന്നണയേണമേ! കനിവ് കാട്ടേണമേ, ഞങ്ങളുടെ നേരെ അനുതാപ പൂർവം ചായേണമേ! കനിവ് കാട്ടുന്ന പരമകാരുണികൻ നീയാണല്ലോ? (റൂഹാനീ ഖസായിൻ വാ. 8 ഭാ 6)***

അദ്ദേഹത്തിനെതിരെ ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങളിലൊന്ന് സൂര്യചന്ദ്രഗ്രഹണങ്ങളെപറ്റിയുള്ള പ്രവചനം പൂർത്തീകരിക്കപെട്ടില്ല എന്നായിരുന്നു. ഹിജ്റ 1311 (ക്രി. വ. 1994) ൽ തിരുനബി (സ) യുടെ മഹത്തായ പ്രവചന പ്രകാരമുള്ള സൂര്യചന്ദ്ര ഗ്രഹണങ്ങൾ നിശ്ചിത ദിവസങ്ങളിൽ ഖാദിയാന് മുകളിൽ ദൃശ്യമാക്കിക്കൊണ്ട് അല്ലാഹു ജ്യോതിർ മണ്ഡലത്തിലെ ദൃഷ്ടാന്തം പ്രകടമാക്കി. റമദാൻ 13ന് അസ്തമിച്ച രാത്രി ചന്ദ്രഗ്രഹണവും (മാർച്ച്21) റമദാൻ 28ന് ( ഏപ്രിൽ 6) സൂര്യഗ്രഹണവും സംഭവിച്ചു. പഞ്ചാംഗങ്ങളിൽ പ്രതിപാദിക്കപ്പെട്ടത് കൂടാതെ ഈ ഗ്രഹണത്തെ സംബന്ധിച്ച് ഇന്ത്യയിലെ ആസാദ്, സിവിൽ ആന്റ് മിലിറ്ററി ഗസറ്റ് മുതലായ പ്രമുഖ പത്രങ്ങളും വാർത്ത പ്രസിദ്ധീകരിക്കുകയുണ്ടായി. ഓപോൾസറുടെ ഗ്രഹണത്തിന്റെ സാമാന്യ നിയമം. (Canon of Eclips by Opposlzer) എന്ന പുസ്തകത്തിലും 1894 ൽ പ്രസിദ്ധീകരിച്ച നാവിക പഞ്ചാംഗത്തിലും ( Nautical Almanac, London) ഇത് സ്ഥിരീകരിച്ചിട്ടുണ്ട്. മാത്രമല്ല, ചന്ദ്രന്റെ ഇപ്പോഴത്തെ സ്ഥാനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള കണക്കുകളിൽ നിന്ന് റമദാനിലെ 13ഉം 28ഉം ദിവസങ്ങളിലാണ് സൂര്യചന്ദ്ര ഗ്രഹണങ്ങൾ സംഭവിച്ചതെന്ന് വ്യക്തമാവുന്നു.

**5. ഹിജ്റ 1311 റമദാൻ മാസത്തിൽ (ക്രി.വ. 1894 മാർച്ച്, ഏപ്രിൽ) സംഭവിച്ച ഗ്രഹണങ്ങളുടെ പ്രത്യേകത**

കൾ

ആകാശത്തിലെ അത്ഭുത കരമായ ദൃഷ്ടാന്തം നോക്കിക്കണ്ട ശേഷം വാഗ്ദത്ത മസീഹ് തിരുനബി (സ)യുടെ മഹത്തായ ഈ പ്രവചനം അത്യാഗാധമായ അവബോധം ജനിപ്പിക്കുമാറ് സസൂക്ഷ്മമായ വിശകലനം നടത്തി ക്കൊണ്ട് നൂറുൽ ഹഖ് (സത്യത്തിന്റെ പ്രകാശം) എന്ന ഗ്രന്ഥം രചിക്കുകയുണ്ടയി. മഹ്ദിയുടെ ആഗമന കാലത്ത് സംഭവിക്കുന്ന ഗ്രഹണത്തെ സംബന്ധിച്ച് ഈ ഹദീസ് ദൈവിക വെളിപാടുകളെ അടിസ്ഥാനമാക്കി ഈ ഗ്രന്ഥത്തിൽ ഹദ്റത്ത് അഹ്മദ് (അ) വ്യാഖ്യാനിക്കുകയുണ്ടായി. ചന്ദ്രഗ്രഹണം സംഭവിക്കാൻ സാദ്ധ്യതയുള്ള മൂന്ന് രാവുകളിൽ ആദ്യത്തെ രാവിൽ ചന്ദ്രഗ്രഹണം സംഭവിക്കുകയും സൂര്യഗ്രഹണം നിർദിഷ്ടമായ മൂന്നു ദിനങ്ങളുടെ മധ്യത്തിലും സംഭവിക്കുകയും ചെയ്യുമെന്നാണ് ഈ ഹദീസിന്റെ യഥാർഥ വിവക്ഷയെന്ന് അ ദ്ദേഹം വിശദീകരിക്കുകയുണ്ടായി. അതായത് റമദാൻ 13 ാം രാവിൽ ചന്ദ്ര ഗ്രഹണവും 28 ാം രാവിൽ സൂര്യഗ്രഹണവും സംഭവിക്കും.

അത്ഭുതകരമാം വിധം ദൃഷ്ടാന്തീകരിക്കപ്പെട്ട ഈ ഗ്രഹണങ്ങളുടെ സവിശേഷത കളിലേക്ക് വാഗ്ദത്ത മസീഹ് നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയുണ്ടാ യി. ആദ്യത്തിലും മദ്ധ്യത്തിലും എന്ന പ്രയോഗം രണ്ട് രീതിയിൽ പൂർത്തീകരിക്കപ്പെടുകയുണ്ടായി. അതായത് തീയതിയെ സംബന്ധി ച്ചും സമയത്തെ സംബന്ധിച്ചും. മൂന്നു രാവുകളിലെ ആദ്യത്തെ രാവിൽ ചന്ദ്രഗ്രഹണം സംഭവിക്കു കമാത്രമല്ല രാത്രിയുടെ ആദ്യ യാമങ്ങളിൽ തന്നെ ഖാദിയാനിൽ അത് ദൃശ്യമാവുകയും ചെയ്തു. അത്പോലെ സൂര്യഗ്രഹണം നിർദിഷ്ടമായ മൂന്നു ദിവസങ്ങളി ലെ മദ്ധ്യ ദിവസത്തിൽ സംഭവിക്കു ക മാത്രമല്ല പൂർവാഹ്നത്തിൽ തന്നെ ഖാദിയാനിൽ അത് ദൃശ്യമാവുകയും ചെയ്തു. പ്രഭാതത്തിലല്ല സൂര്യഗ്രഹണം സംഭവിച്ചത് മദ്ധ്യാഹ്നത്തിന് തൊട്ടു മുമ്പാണ് ഖാദിയാനിൽ അത് ദൃശ്യ മായത്. ഹദീസിൽ പ്രയോഗിച്ച **'നിസ്ഫ്'** എന്ന പദത്തിന് പകുതി എന്നാണർഥം. കൽക്കത്ത സ്റ്റാന്റേർഡ് സമയ പ്രകാരം ചന്ദ്രഗ്രഹണം വൈകുന്നേരം 7 **(P.M)** മണിക്കും 9:30 **(A.M)** മണിക്കും ഇടയിലും സൂര്യഗ്രഹണം പൂർവാഹ്നത്തിൽ 9 **(A.M)** മണിക്കും 11 മണിക്കും ഇടയിലാണ് സംഭവിച്ചത്.

ദൈവിക വെളിപാടുകളു ടെ സഹായത്താൽ ഹദ്റത്ത് അഹ്മദ്(അ) ഹദീസിന്റെ അതി ഗഹനമായ അർഥതലങ്ങളെ വ്യാഖ്യാനിക്കുകയുണ്ടായി.

***ചന്ദ്രഗ്രഹണം റമദാൻ ആദ്യരാത്രിയിൽ സംഭവിക്കുമെന്ന പ്രസ്താവനയുടെ അർഥം ഇതാണ്. പൗർണ്ണമി മാസികൾ എന്നറിയ പ്പെടുന്ന മൂന്നു പൂർണ ചന്ദ്രരാവു കളിൽ ആദ്യരാത്രിയിൽ ചന്ദ്ര ഗ്രഹണമുണ്ടാകും. വെളുത്ത രാത്രികൾ എന്നതിന്റെ അർഥം നി ങ്ങൾക്കറിയാമല്ലോ. കൂടാതെ പൂർണചന്ദ്രരാവുകളിൽ ആദ്യത്തെ രാത്രി ഇവിടെ ആരംഭത്തിൽ തന്നെ ഗ്രഹണം സംഭവിക്കുമെന്ന സൂചന ഇതിലടങ്ങിയിരിക്കുന്നു. രാത്രിയുടെ അവസാന യാമങ്ങളി ലല്ല. അറിവുള്ളവർക്ക് ഇക്കാര്യം എളുപ്പം മനസ്സിലാവും. ഈ രാജ്യത്തെ അനേകം പേരുടെ ദൃക്സാക്ഷ്യത്തോടെയാണ് ചന്ദ്രഗ്രഹണം സംഭവിച്ചത്. (നുറുൽ ഹഖ്, വാല്യം 2)***

സൂര്യ ഗ്രഹണത്തെ സംബന്ധിച്ച് അദ്ദേഹം ഇപ്രകാരം എഴുതുക യുണ്ടായി.

***സൂര്യ ഗ്രഹണം മദ്ധ്യത്തിൽ ഉണ്ടാവുമെന്ന് പറഞ്ഞതിന്റെ അർഥം സൂര്യഗ്രഹണങ്ങൾ സംഭവിക്കാവുന്ന ദിനങ്ങളെ പകുതിയാക്കുക. പകുതിയാക്കു മ്പോൾ രണ്ടാമത്തെ പകുതിയി ലാണ് ഗ്രഹണം സംഭവിക്കേണ്ടത്. ഇത് രണ്ടാമത്തെ ദിവസത്തെ മദ്ധ്യാഹ്നത്തിന് അപ്പുറം കടക്കാൻ പാടില്ല. കാരണം മദ്ധ്യാഹ്നമാണല്ലോ പകുതിയുടെ അതിർത്തി. അതായത് അല്ലാഹു വിധിച്ച പ്രകാരം ചന്ദ്രഗ്രഹണം സംഭവിക്കാവുന്ന മൂന്നു രാത്രി യിലെ ആദ്യരാത്രിയിൽ ചന്ദ്രഗ്രഹ ണവും സൂര്യഗ്രഹണം സംഭവിക്കാ വുന്ന പകൽ ദിനങ്ങളിലെ മദ്ധ്യ നേരത്ത് സൂര്യഗ്രഹണവും പ്രവചന പ്രകാരം നടക്കുകയുണ്ടാ യി. ലോക പരിഷ്ക്കരണത്തിനായി നിയുക്തരാവുന്ന അല്ലാഹുവിന്റെ വരിഷ്ഠദാസർക്കല്ലാതെ പരോക്ഷ ജ്ഞാനങ്ങൾ വെളിപ്പെടുത്തു കയില്ല. ചുരുക്കത്തിൽ ഈ ഹദീസ് അല്ലാഹുവിന്റെ ദൂതനിൽ നിന്നുള്ളത് തന്നെയെന്നതിന് യാതൊരു സംശയവുമില്ല. (നൂറുൽഹഖ് രണ്ടാം വാല്യം)***

അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ ഈ വിഷയത്തെ സംബന്ധിച്ച് വിനീതനായ എനിക്ക് പഠിക്കാനവസരം ലഭിക്കുകയുണ്ടാ യി. അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് അവർകളിൽ നിന്നും നിർലോഭമായ പ്രോത്സാ ഹനവും ശ്രദ്ധയും പ്രാർഥനയും ഇക്കാര്യത്തിൽ എനിക്ക് ലഭിച്ചിട്ടുണ്ട്. ലണ്ടനിൽ വെച്ച് ഹുസൂറു മായി നടന്ന സംഭാഷണത്തിൽ ഞാൻ പറയുകയുണ്ടായി **'നിഫ്സും മിൻഹു'** എന്ന പദം രണ്ട് വിധത്തിൽ പുലർന്നിട്ടുണ്ട്. തീയതി യെ സംബന്ധിച്ചും സമയത്തെ സംബന്ധിച്ചും. ആ സന്ദർഭത്തിൽ മൂന്നാമതൊരു രീതിയിലും ഈ പ്രവചനം സാക്ഷാത്ക്കരിക്കപ്പെട്ടിട്ടു ണ്ട് എന്ന് ഹുസൂർ എന്നോട് പറഞ്ഞു. അതായത് ഗ്രഹണം ഭൂമിയുടെ ഒരു അർധഗോളം മുഴുക്കെ ദൃശ്യമായി എന്നുള്ളതാ ണ്. ഹുസൂർ തുടർന്നു പറഞ്ഞു: ഈ പ്രവചനം തിരുനബി (സ) യുടെ മഹത്വത്തെ കാണിക്കുന്നു. അതുപോലെ തന്നെ വാഗ്ദത്ത മഹ്ദി(അ)യുടെ സത്യതക്കുള്ള ഉത്തമ നിദർശനവുമത്രേ ഇത്.

മുകളിൽ പറഞ്ഞത് പോലെ വിശുദ്ധ ഖുർആൻ ചന്ദ്ര



ഗ്രഹണത്തേയും സൂര്യഗ്രഹണത്തേയും പറ്റി പ്രതിപാദിച്ചിട്ടുണ്ട്. ഖുർആൻ ഇവിടെ ചന്ദ്രഗ്രഹണത്തിന് **'കസഫ'** എന്ന പദമാണ് ഉപയോഗിച്ചത്. ഇതിനെ വ്യാഖ്യാനിച്ചു കൊണ്ട് വാഗ്ദത്ത മസീഹ്(അ) പറഞ്ഞു:

ഖുർആൻ സൂര്യഗ്രഹണത്തെ പ്രതിപാദിക്കാൻ കസൂഫ് എന്ന പദം പ്രയോഗിക്കാത്തത് മറ്റൊരു കാര്യത്തിലേക്ക് സൂചന നൽകുന്നു. അതായത് ചന്ദ്രഗ്രഹണത്തിന് ശേഷം സംഭവിച്ച ഈ സൂര്യഗ്രഹണം അസാധാരണവും അപൂർവവുമായ ഒന്നാണ്. നിങ്ങൾ ഇതിലേക്ക് ദൃക്സാക്ഷികളെ അന്വേഷിക്കുകയോ നിരീക്ഷിക്കുകയോ ചെയ്യുകയാണെങ്കിൽ വിചിത്രവും അസാധാരണവുമായ സവിശേഷതകൾ ഈ ഗ്രഹണത്തിനുള്ളതായി കാണാം. പയനീർ (Pioneer), സിവിൽ ആന്റ് മിലിറ്ററി ഗസറ്റ് (Civil and Military Gazette) എന്നീ പത്രങ്ങൾ ഇത് വ്യക്തമാക്കിയിട്ടുണ്ട്. 1894 മാർച്ചിലാണ് ഈ രണ്ട് പത്രങ്ങളും ഈ വാർത്ത പ്രസിദ്ധീകരിച്ചത്. (നൂറുൽ ഹഖ് വാല്യം 2 )

ഗ്രഹണങ്ങൾ രണ്ട് വിധത്തിലുണ്ട്. ഒന്ന് വ്യക്തമായി കാണുന്നതും മറ്റൊന്ന് അവ്യക്തമായവയും. പ്രൊഫ. മിച്ചൽ (J. A.Mitchell) ഗ്രഹണങ്ങളെ നാലായി വർഗീകരിക്കുകയുണ്ടായി. 1) അപൂർണം(Partial) 2. വലയാകാരം (Annular) 3.സമ്പൂർണം(Totel) 4. വലയാകാര സമ്പൂർണം (Annular Totel) അപൂർണ ഗ്രഹണ സമയത്ത് സൂര്യൻ പൂർണമായും മറക്കപ്പെടുന്നില്ല. വലയാകാര ഗ്രഹണമെന്നാൽ സൂര്യന്റെ മദ്ധ്യഭാഗം കറുത്തതായി കാണാം അതിന് ചുറ്റും പ്രകാശം ഒരു വലയം പോലെ ജ്വലിച്ചു നിൽക്കും. സമ്പൂർണം സൂര്യഗ്രഹണത്തിൽ സൂര്യൻ പൂർണമായും മറയ്ക്കപ്പെടും. വലയാകാര സമ്പൂർണ സൂര്യഗ്രഹണം എന്നാൽ ഈ പദം സൂചിപ്പിക്കുന്നത് പോലെ വലയാകാരത്തിനും സമ്പൂർണതക്കും മദ്ധ്യേയുള്ള ഗ്രഹണമാണ്. അതായത് ഇത്തരം ഗ്രഹണങ്ങളിൽ ചന്ദ്രന്റെ നിഴലിന്റെ ശീർഷ ബിന്ദു (Vertex) ഭൂമിയിൽ തൊട്ടു നിൽക്കുന്ന മേൽ വിവരിച്ച നാല് ഗ്രഹണങ്ങളിൽ വെച്ച് വലയാകാര സമ്പൂർണ സൂര്യഗ്രഹണം വളരെ അപൂർവമാണ്. പ്രൊഫ. മിച്ചൽ കഴിഞ്ഞ കാലത്ത് സംഭവിച്ച ഗ്രഹണങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. ഒരു നൂറ്റണ്ടിൽ ഏകദേശം 237 ഗ്രഹണങ്ങളാണ് സംഭവിക്കുക. അതിൽ പത്തെണ്ണം മാത്രമേ വലയാകാര സമ്പൂർണം (Annular Totel) ആകാറുള്ളൂ. ഹിജ്റ വർഷം 1311 ലെ റമദാൻ 28ന് സംഭവിച്ച സൂര്യഗ്രഹണം ഇത്തരത്തിലുള്ള വലയാകാര സമ്പൂർണ ഗ്രഹണമാണ്. ഇത് സാധാരണ സംഭവിക്കുന്ന മറ്റു ഗ്രഹണങ്ങളിൽ നിന്ന് വാഗ്ദത്ത മസീഹിന് അടയാളമായി സംഭവിച്ച ഗ്രഹണത്തെ വേർതിരിച്ചു നിർത്തുന്നു.

മറ്റൊരു പ്രത്യേകത ഈ സൂര്യഗ്രഹണങ്ങൾ രണ്ടും ഇന്ത്യയിൽ ദൃശ്യമായിരുന്നു. ചന്ദ്രഗ്രഹണം ഭൂമിയുടെ ഒരർധ ഗോളം മുഴുവൻ ദൃശ്യമാവുന്നതാണ്. എന്നാൽ സൂര്യഗ്രഹണം ചന്ദ്രഗ്രഹണത്തെ അപേക്ഷിച്ച് ചുരുങ്ങിയ മേഖലയിൽ മാത്രമേ ദൃശ്യമാവുകയുള്ളൂ. സൂര്യഗ്രഹണം ചിലപ്പോൾ ജനസാന്ദ്രത കുറഞ്ഞ പ്രദേശത്തോ സമുദ്ര മേഖലയിലോ ദൃശ്യമാകാറുണ്ട്. എന്നാൽ 1894 ഏപ്രിൽ 6 ാം തീയതി സംഭവിച്ച ഗ്രഹണം ഇന്ത്യയടക്കം ഏഷ്യയിലെ വിശാലമായ ഭൂമേഖലയിൽ കാണപ്പെടുകയുണ്ടായി. പ്രൊഫ. ടി ആർ വോൺ ഒപ്പോൾസർ, സംഭവിച്ചു കഴിഞ്ഞതും ഭാവിയിൽ സംഭവിക്കാൻ പോകുന്നതുമായ ഗ്രഹണങ്ങളും ബി. സി 1208 മുതൽ എഡി 2161 വരെയുള്ള കാലയളവിലെ പട്ടിക, ഗ്രഹണത്തിന്റെ സാമാന്യ നിയമങ്ങൾ (Canon of Eclipse) എന്ന പുസ്തകത്തിൽ പ്രതിപാദി ച്ചിട്ടുണ്ട്. മേപ്പുകളുടെ സഹായത്തോടെ വ്യക്തമായ ഗ്രഹണ പഥങ്ങൾ അദ്ദേഹം ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപൂർണം, സമ്പൂർണം, വലയാകാരം, സമ്പൂർണ വലയാകാരം എന്നീ രീതിയിൽ ഈ ഗ്രഹണങ്ങളെ വർഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 1894 ഏപ്രിൽ 6-ാം തീയതി (ഹിജ്റ വർഷം 1311 റമദാൻ 28) നടന്ന ഗ്രഹണത്തിന്റെ വിവരണവും ഈ പുസ്തകത്തിലുണ്ട്. 1894 ൽ ലണ്ടനിൽ പ്രസിദ്ധീകരിച്ച നാവിക പഞ്ചാംഗത്തിലും ഈ സൂര്യഗ്രഹണപഥം രേഖപ്പെടുത്തിയിട്ടുണ്ട്. (Nautical Almanac, London 1894)

വാഗ്ദത്ത മസീഹും അനുചര സംഘവും ഈ ഗ്രഹണങ്ങൾ ഖാദിയാനിൽ ദർശിക്കുകയുണ്ടായി. ഈ മഹത്തായ ദൃഷ്ടാന്തം ഈ രാജ്യത്ത് പ്രത്യക്ഷീഭവിച്ചതിന്റെ യാഥാർഥ്യം ജനങ്ങൾ ചിന്തിക്കട്ടെ എന്ന് വാഗ്ദത്ത മസീഹ് (അ) പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം തുടരുന്നു:

അല്ലയോ ദൈവദാസരെ, നിങ്ങൾ ആലോചിക്കുകയും ചിന്തിക്കുകയും ചെയ്യുക. മഹ്ദി അറേബ്യയിലോ സിറിയയിലോ പ്രത്യക്ഷമാവുകയും അദ്ദേഹത്തിനുള്ള അടയാളം നമ്മുടെ നാട്ടിൽ പ്രകടമാവുകയും ചെയ്യുക എന്നത് വിഹിതമാണെന്ന് നിങ്ങൾ ധരിക്കുന്നുണ്ടോ?. അടയാളങ്ങൾ സാക്ഷ്യം വഹിക്കേണ്ട വ്യക്തിയിൽ നിന്നും അടയാളങ്ങൾ വേർപ്പെടുത്തുക എന്നത് ദൈവജ്ഞാനത്തിന് ചേർന്നതല്ല. മഹ്ദി പൂർവ ദിക്കിൽ പ്രത്യക്ഷമാകുകയും അടയാളം പശ്ചിമ ദിക്കിൽ പ്രത്യക്ഷമാകു

ശേഷം പേജ് 42ൽ

# മുഹമ്മദ് നബി(സ)യും ബഹുഭാര്യാത്വവും

ഏറ്റവും മഹത്തായ സ്വഭാവഗുണത്തിനുടമയായ വിശ്വമാതൃകയാണ് റസൂൽ തിരുമേനി(സ). ഉച്ചസൂര്യനെ പോലെ ജ്വലിച്ചു നിൽക്കുന്ന ഈ വിശ്വജ്യോതിസ്സിന്റെ പ്രഭ തടയാൻ ദുഷ്ടമാനസർ നിരന്തരം ആവർത്തിക്കുന്ന ആരോപണമാണ് അവിടുത്തെ ബഹുഭാര്യാത്വം. വാസ്തവത്തിൽ റസൂൽ തിരുമേനി(സ) യുടെ സ്വഭാവ വൈശിഷ്ട്യം വെളിവാക്കുന്നതാണ് അവിടുത്തെ വിവാഹങ്ങൾ.

## എ. എം. മുഹമ്മദ് സലീം

റസൂൽ തിരുമേനി(സ) യെ പറ്റി വിശുദ്ധ ഖുർആൻ നൽകുന്ന വിശേഷണം ***നാം നിന്നെ പ്രപഞ്ചങ്ങൾക്ക് ഒരു കാരുണ്യമായിട്ടല്ലാതെ അയച്ചിട്ടില്ല*** എന്നാണ്. വീണ്ടും ഖുർആൻ പറയുന്നു: ***നീ മഹത്തായ സ്വഭാവഗുണമുള്ളവനാണ്.*** എല്ലാ മതങ്ങളും ദൈവപ്രോക്തവും എല്ലാ മതപുരുഷന്മാരും ദൈവത്തിൽ നിന്നും വന്നവരാണെന്നാണ് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനം. പക്ഷേ റസൂൽ തിരുമേനി (സ) ഒഴികെ മറ്റു മതപുരുഷന്മാരുടെ ജീവിതം വ്യക്തമായും എവിടെയും പ്രകാശിപ്പിക്കപ്പെട്ടിട്ടില്ല എന്നത് ഒരു യാഥാർഥ്യമാണ്. ഇതിഹാസങ്ങളുടെയും മിത്തിന്റെയും പരിവേഷത്തിൽ അവ്യക്തതകളും അയുക്തികളും അതിശയങ്ങളും നിറഞ്ഞതാണ് അവരുടെ ജീവിതം. അവരെല്ലാം ദൈവങ്ങളോ ദൈവാവതാരങ്ങളോ പാതിദൈവങ്ങളോ അമാനുഷരോ അതിമാനുഷരോ ആയിട്ടാണ് വിശ്വസിക്കപ്പെടുന്നത്. അങ്ങനെയാണെങ്കിൽ വളരെ ലളിതവും യുക്തിസഹവുമായ ഒരു ചോദ്യം ഇതാണ്. മനുഷ്യേതരമായ അത്തരം അസ്തിത്വങ്ങളെ മനുഷ്യന് മാതൃകയാക്കുവാനോ മനുഷ്യരായ നമുക്ക് അവരെ അനു കരിക്കാനോ സാധ്യമല്ല. ഈ അമാനുഷർക്ക് ദിവ്യാസ്ത്രങ്ങൾ ഉപയോഗിച്ച് യുദ്ധങ്ങൾ ജയിക്കാനാവും, മഴവരുമ്പോൾ പർവതം കുടയാക്കി പിടിക്കാൻ സാധിക്കും, ആയിരക്കണക്കിന് സ്ത്രീകളെ ഭാര്യമാരാക്കി കുടുംബ ജീവിതം നയിക്കാം, ആകാശത്ത് രണ്ടായിരം വർഷമായി ജീവിക്കാം, വെള്ളത്തിന് മീതെക്കൂടി നടക്കാം, മരിച്ചവരെ ജീവിപ്പിക്കാം, വിവാഹം കഴിക്കാതെ കാമവിചാരമില്ലാതെ പരിശുദ്ധന്മാരായി ജീവിക്കാം!!. വിശ്വാസികൾ അവരുടെ ജീവിതം ഇത്തരം ഭാവനകൾ കൊണ്ട് നിറം പിടിപ്പിച്ചിരിക്കുകയാണ്. വാസ്തവത്തിൽ ഈ മതപുരുഷന്മാരുടെ വിശ്വാസ കഥകൾക്ക് നമ്മെ അതിശയിപ്പിക്കാനും അമ്പരപ്പിക്കാനും സാധിച്ചേക്കാം. പക്ഷേ ആ മതപുഷന്മാരെ അനുകരിക്കാനോ മാതൃകയാക്കാനോ നമുക്ക് സാദ്ധ്യമല്ല എന്നത് വ്യക്തമാണ്. ഈ ലളിത യാഥാർഥ്യമാണ് മതലോകത്തെ വിശ്വാസികൾ മറക്കുന്നത്.

എന്നാൽ റസൂൽ തിരുമേനി (സ) മനുഷ്യനായ പ്രവാചകനാണ്. ദൈവത്തിന്റെ യാതൊരംശവും അദ്ദേഹത്തിലില്ല എന്ന് ഏറ്റവും അസന്ദിഗ്ധമായി മനുഷ്യ കുലത്തിന് ബോദ്ധ്യം വരുത്തുകയും അദ്ദേഹം ആവർത്തിച്ച് പ്രഖ്യാപിച്ചും അനു യായികളെ പഠിപ്പിച്ചു. ഏകദൈവ തത്ത്വത്തിന്റെ ഭൂമിയിൽ ജനിച്ച ഏറ്റവും ശക്തനായ വക്താവ് അദ്ദേഹമായിരുന്നു. മനുഷ്യൻ അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായുള്ള ജീവിത മാതൃകകൾ അവിടുന്ന് കാഴ്ച്ച വെച്ചു. മത പുരുഷന്മാരുടെ അമാനുഷതകളെ പറ്റി ഇത്തരം വികല ധാരണകളുള്ള ഒരു ജനതയുമായി റസൂൽ തിരുമേനി (സ) നടത്തിയ സംഭാഷണം വിശുദ്ധ ഖുർആൻ രേഖപ്പെടുത്തുന്നു.

***അവർ പറഞ്ഞു: നീ ഞങ്ങൾക്ക് വേണ്ടി ഭൂമിയിൽ നിന്ന് ഒരു ഉറവ ഒഴുക്കി കാണിച്ചുതരുന്നത് വരെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയേയില്ല. അല്ലെങ്കിൽ നിനക്ക് ഈത്തപ്പനയുടെയും മുന്തിരിങ്ങയുടെയും ഒരു തോട്ടം ഉണ്ടാവണം. എന്നിട്ട് അതിന്റെ മധ്യത്തിലൂടെ നീ അരുവികൾ ഒഴുക്കുക. അല്ലെങ്കിൽ നീ വാദിച്ചത് പോലെ ഞങ്ങളുടെ മേൽ ആകാശത്തെ കഷണം കഷണമായി വീഴ്ത്തുക. അല്ലെങ്കിൽ നിനക്ക് സ്വർണം കൊണ്ടുള്ള ഒരു ഭവനമുണ്ടായിരിക്കുക. അല്ലെങ്കിൽ നീ ആകാശത്തേക്ക് കയറിപ്പോവുക.*** (17: 91 93)

മനുഷ്യന് അസാദ്ധ്യമായ ഈ കാര്യങ്ങളെല്ലാം ചോദിച്ചപ്പോൾ റസൂൽ തിരുമേനി(സ)യുടെ മറുപടി ഖുർആൻ ഇപ്രകാരം രേഖപ്പെടു ത്തുന്നു.

***പറയുക അല്ലാഹു പരിശുദ്ധനാണ്. ഞാൻ പരിശുദ്ധനായ ഒരു പ്രവാചകനാണ്. (17:94)***

ജീവിത യാഥാർഥ്യങ്ങളോട് സത്യസന്ധമായും യുക്തിപരമായും പ്രതികരിച്ച റസൂൽ തിരുമേനി(സ) യുടെ ഓരോ അടക്കവും അനക്കവും മനുഷ്യന് അനുകരിക്കാവുന്ന ധാർമിക പാഠങ്ങൾ ഉള്ളടങ്ങിയതും മാർഗദർശന മാതൃകകളുമാണ്. വ്യാജ ആത്മീയതയുടെ പരിവേഷങ്ങളില്ലാതെ അതിശയങ്ങളുടെയും അത്ഭുതങ്ങളുടെയും അവകാശവാദങ്ങളില്ലാതെ മനുഷ്യജീവിതത്തെ അവിടുന്ന് ആത്മീയ പൂരിതവും ലളിത സുന്ദരവുമാക്കി.

മനുഷ്യന്റെ മാർഗദർശിയായ മനുഷ്യ പ്രവാചകനായിരുന്ന റസൂൽ തിരുമേനി (സ) മൃഗങ്ങളേക്കാൾ അധ:സ്ഥിതരായ ഒരു

ജനതയെ മാലഖമാരെ പോലെ വിശുദ്ധന്മാരാക്കി മാറ്റിയ ദിവ്യാത്ഭുതമായിരുന്നു ലോകത്തിന് കാഴ്ച്ചവെച്ചത്. റസൂൽ തിരുമേനി (സ) യുടെ വിനീത ശിഷ്യനും സേവകനുമായ ഹദ്റത്ത് അഹ്മദ് (അ) അവിടത്തെ പറ്റി പറയുന്നു:

***ലക്ഷക്കണക്കിന് മൃതന്മാർ ഏതാനും ദിവസംകൊണ്ട് ജീവനുള്ളവരായി മാറുകയും തലമുറ തലമുറയായി വഴിപിഴച്ചു പോയവർ ദിവ്യവർണം സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്കയെന്ന അത്ഭുത പ്രതിഭാസം അറേബ്യൻ മരുഭൂമിയിൽ സംഭവിച്ചു. കുരുടന്മാർ കാണുവാൻ തുടങ്ങുകയും ഊമകളുടെ നാവിൽ നിന്നും ദിവ്യജ്ഞാനം പ്രവഹിക്കുകയും ചെയ്തു. മുമ്പൊരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതുമായ വിപ്ലവമാണ് സംഭവിച്ചത്. ഇതെന്തായിരുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? ഇതെല്ലാം ഇരുൾ മുറ്റിയ രാത്രികളിൽ അല്ലാഹുവിൽ പൂർണമായി ലയിച്ച ഒരാളുയർത്തിയ ഉള്ളുരുകിയ പ്രാർഥനയുടെ ഫലമായിരുന്നു. (ബറക്കാത്തു ദുആ)***

അത്തരത്തിൽ മനുഷ്യന്റെ സമസ്ത മണ്ഡലങ്ങളിലും വഴികാട്ടുകയും ദൈവ ഭാഷണം ലഭിക്കുകയും ചെയ്ത മാനുഷതയുടെ ഉത്തുംഗസോപാനം പൂകിയ പുണ്യാത്മാവാണ് റസൂൽ തിരുമേനി(സ). പക്ഷേ ആത്മാവിൽ ദാരിദ്ര്യം ബാധിച്ച് അധമ പ്രകൃതിയുള്ള മനുഷ്യർ സമൂഹത്തിൽ ധാരാളമുണ്ട്. ഉച്ച സൂര്യനെ പോലെ ജ്വലിച്ചു നിൽക്കുന്ന റസൂൽ തിരുമേനി(സ) യുടെ ഉജ്ജ്വല വ്യക്തിത്വത്തെ മറയ്ക്കാൻ ദോഷൈക ദൃക്കുകളായ ഈ ദുരാത്മാക്കൾ നിന്ദാ വിമർശനത്തിന്റെ കീറക്കുടയുമായി പിന്തുടരുകയാണ്. അതിലേറ്റവും ആവർത്തിക്കപ്പെടുന്നതാണ് അവിടുത്തെ വൈവാഹിക ജീവിതം. പ്രത്യേകിച്ച് ബഹുഭാര്യാത്വം.

## ബ്രഹ്മചര്യം, വിവാഹം, ബഹുഭാര്യാത്വം

വിവാഹ ജീവിതത്തെ അങ്ങേയറ്റം പ്രോത്സാഹിപ്പിച്ച മതമാണ് ഇസ്‌ലാം. ഇസ്‌ലാമിതര മതങ്ങളിൽ മിക്കതും ഉന്നതമായ ആത്മീയ ജീവിതം നയിക്കാൻ ശുപാർശ ചെയ്തിരിക്കുന്നത് ബ്രഹ്മചര്യമാണ്. വിവാഹ ജീവിതം ആത്മീയ ജീവിതത്തിന് തടസ്സമാണ് എന്ന് കരുതുന്നവരാണ് അവർ. ഭഗവത് ഗീത പറയുന്നു: .

***വേദമറിയുന്നവൻ അക്ഷരമെന്നു പറയുന്നതും രാഗദ്വേഷാദികൾ നിശ്ശേഷം നശിച്ചു സാധനാനുഷ്ഠാനത്തിൽ പ്രവർത്തിക്കുന്നവർ പ്രാപിക്കുന്നതും ബ്രഹ്മചര്യാനുഷ്ഠാനം കൊണ്ട് സമ്പാദിക്കാനാഗ്രഹിക്കുന്നതുമായ ആ പരമപദത്തെ നിന്നോട് ചുരുക്കിപ്പറയാം. (ഭഗവത് ഗീത 8:11)***

ബ്രഹ്മചര്യത്തെ വാഴ്ത്തുന്ന മറ്റൊരു മതമാണ് ബുദ്ധമതം. പരിവ്രാജകരായ ബുദ്ധഭിക്ഷുക്കളുടെ സന്യാസി സമൂഹമാണ് ബുദ്ധമതത്തിന്റെ കാതൽ. ബ്രഹ്മചര്യത്തെയും സന്യാസ ജീവിതത്തെയും ആത്മീയ മാർഗമായി കാണുന്ന ക്രിസ്തു മതത്തിൽ വിവാഹം പരിമിതമായ അനുവാദം മാത്രമാണ്. ബൈബിൾ ഇത് സംബന്ധമായി നൽകുന്ന ഉപദേശങ്ങൾ നോക്കൂ: ***സ്ത്രീയെ സ്പർശിക്കാതിരിക്കുന്നതാണ് പുരുഷന് നല്ലത്. എന്നാൽ ദുർന്നടപ്പിലേക്കുള്ള പ്രലോഭനം ഉള്ളത്കൊണ്ട് ഓരോ പുരുഷനും സ്വന്തമായി ഭാര്യക്കും ഓരോ സ്ത്രീക്കും സ്വന്തമായി ഭർത്താവും ഉണ്ടായിരിക്കണം. (1 കോറി 7: 1 2)***

***അവിവാഹിതകളോടും വിധവകളോടും ഞാൻ പറയുന്നു എന്നെ പോലെ ഒറ്റക്ക് കഴിയുന്നതാണ് അവർക്ക് നല്ലത്. എന്നാൽ ആത്മനിയന്ത്രണം സാദ്ധ്യമല്ലെങ്കിൽ അവർ വിവാഹം കഴിക്കണം. കാരണം കാമം കൊണ്ട് എരിയുന്നതിനേക്കാൾ വിവാഹം കഴിക്കുന്നതാണ് നല്ലത് (1 കൊറി 7: 8)***

***നീ അവിവാഹിതനോ എങ്കിൽ വിവാഹം കഴിക്കാൻ മുതിരരുത്. എന്നാൽ നീ വിവാഹം കഴിക്കുന്നുവെങ്കിൽ പാപമല്ല ചെയ്യുന്നത്. (1കോറി 7:33)***

യേശുവിന്റെ അദ്ധ്യാപനങ്ങളല്ല ക്രിസ്തു ഫലസ്തീനിലുണ്ടായിരുന്നപ്പോൾ അദ്ദേഹത്തിന്റെ എതിരാളിയായിരുന്ന സെന്റ് പോളാണ് ക്രിസ്തു മതത്തിൽ സ്ത്രീ വിരുദ്ധതയുടെ വക്താവ്. മുകളിൽ കണ്ടത് പോലെ അദ്ദേഹം പല ദേശക്കാർക്കും എഴുതിയ കത്തുകൾ ഇതിന് തെളിവാണ്. സ്ത്രീ വിരുദ്ധതയും സന്യാസി ജീവിതത്തിന്റെ അധ്യാപനങ്ങളും അദ്ദേഹം ക്രിസ്തുമതത്തിൽ കൂട്ടി ചേർത്തു. യേശുവിനോട് ഗലീലിയയിൽ വെച്ച് ഫരിസേയർ ചോദിച്ച ചോദ്യത്തിന് യേശു നൽകുന്ന ഉത്തരം വിവാഹ ജീവിതം ദൈവ കൽപ്പിതമാണെന്ന സന്ദേശമാണ് നൽകുന്നത്.

***ആദിയിൽ മനുഷ്യരെ സ്രഷ്ടാവ് ആണും പെണ്ണുമായി സൃഷ്ടിച്ചു. ഇക്കാരണത്താൽ പുരുഷന്മാർ മാതാപിതാക്കളെ വിട്ട് ഭാര്യയോട് ചേരണം. അവർ ഇരുവരും ഒരു ശരീരമായി തീരണം (മത്താ: 19:5)***

യേശു തന്നെയും വിവാഹിതനും ബഹുഭാര്യനുമായിരുന്നു. മഗ്ദലനക്കാരി മറിയം, മാർത്ത എന്നീ രണ്ട് ഭാര്യമാർ അദ്ദേഹത്തിനുണ്ടായിരുന്നു എന്ന് ബൈബിളിൽ നിന്നും നിരുപിച്ചെടുക്കാവുന്നതാണ്. യേശു തന്റെ ഇന്ത്യയിലേക്കുള്ള കിഴക്കൻ യാത്രയിൽ അഫ്ഘാനിസ്ഥാനിൽ നിന്നോ കശ്മീരിൽ നിന്നോ വീണ്ടും വിവാഹം ചെയ്തിട്ടുണ്ടാവുമെന്ന് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്മദ് (അ) പറയുന്നുണ്ട്. ബൈബിളിലെ മിക്കവാറും എല്ലാ പുണ്യവാളന്മാരും പ്രവാചകന്മാരുമായ ഇസാ, മോസസ്, ജേക്കബ്, എൽക്കാൻ, ഡേവിഡ്, സാമുവൽ, സോളമൻ മുതലായവരെല്ലാം ബഹുഭാര്യാത്വം സ്വീകരിച്ചവരായിരുന്നു. ആത്മീയ ജീവിതത്തിന് വിവാഹ ജീവിതം

വർജ്യമാണെന്ന വാദം ഉയർത്തിയത് മതപ്രവാചകന്മാർക്ക് പിറകെ വന്ന ആത്മീയത കുറഞ്ഞ മതതീവ്രവാദികളായിരുന്നു. മതം സ്ഥാപനവത്ക്കരിക്കപ്പെട്ട ഘട്ടത്തിലാണ് അത്തരം കൃതിപ്പുകൾ മതത്തിൽ കടന്നു കൂടിയത്. അതാണ് പിന്നീട് വേദങ്ങളിൽ സ്ഥലം പിടിച്ചത്. ആത്മീയതയും മതപരമായ നന്മയും ആർദ്രതയും ഇല്ലാത്തവരും ആചാര പ്രധാനികളും നിയമവാദികളുമായ മത തീവ്രവാദികളാണ് ഇത്തരം അത്യാചാരങ്ങൾക്ക് അമിത പ്രാധാന്യം നൽകി മതത്തെ ദുസ്സഹവും സങ്കുചിതവുമാക്കുന്നത്. എല്ലാ മതങ്ങളിലും ഈ പ്രതിഭാസം കാണാം. ബ്രഹ്മചര്യത്തെ ആത്മീയ മാർഗമായി കാണുന്ന ഹിന്ദു വേദങ്ങളിലും ബൈബിളിലും പരാമർശിക്കുന്ന മാതൃകാ പുരുഷന്മാരും പുണ്യാത്മാക്കളെല്ലാം തന്നെ വിവാഹിതരും ബഹുഭാര്യാത്വം ആചരിച്ചവരുമായി കാണുന്നത് അത്കൊണ്ടാണ്..

ക്രിസ്ത്യാനികളുടെ നല്ല ശീലങ്ങളെയും ധാർമിക ഗുണങ്ങളേയും വാഴ്ത്തിക്കൊണ്ട് അവർ ആചരിക്കുന്ന സന്യാസ സമ്പ്രദായത്തെ വിശുദ്ധ ഖുർആൻ വിമർശിക്കുകയും വിയോജിക്കുകയും ചെയ്യുന്നു.

***മർയമിന്റെ പുത്രൻ ഈസായെ നാം തുടർന്നയച്ചു. അദ്ദേഹത്തിന് നാം ഇഞ്ചീൽ നൽകി. അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ നാം കൃപയും കാരുണ്യവും സംജാതമാക്കി. പക്ഷേ സന്യാസി (സമ്പ്രദായം) അവർ നൂതനായി കെട്ടിച്ചമച്ചുണ്ടാക്കി. അല്ലാഹുവിന്റെ തൃപ്തിയെ ആഗ്രഹിക്കുക എന്നതല്ലാതെ നാം അത് (സന്യാസം) അവർക്ക് നിർബന്ധമാക്കിയിട്ടില്ല. എന്നിട്ട് അവരതിനെ (സന്യാസ ശപഥത്തെ) വേണ്ട വിധം പാലിച്ചതുമില്ല. (57:28)***

ഇസ്ലാം ബ്രഹ്മചര്യം അഥവാ സന്യാസത്തെയും ജീവിത വിരക്തിയേയും വെറുക്കുകയും അത് അദ്ധ്യാത്മിക വിജയത്തിന്റെ മാർഗമല്ല എന്ന് തുറന്ന് പ്രഖ്യപിക്കുകയും ചെയ്യുന്നു. അദ്ധ്യാത്മികതയുടെ പാരമ്യം കണ്ട റസൂൽ തിരുമേനി (സ) അരുളി: ***വിവാഹം കഴിക്കുക. വിവാഹം നമ്മുടെ പാരമ്പര്യമാണ്. (ബുഖാരി)***

## ഇന്ത്യയിലെ ബഹുഭാര്യാത്വം

ബഹുഭാര്യാത്വത്തിന്റെ പേരിൽ ഏറെ വിമർശിക്കപ്പെടുന്നവരാണ് ഇന്ത്യയിലെ മുസ്ലിംകൾ. വാസ്തവത്തിൽ ഇന്ത്യയിലെ സാധാരണ ജനതയും ഗോത്ര വർഗങ്ങളും ബുദ്ധമതക്കാരും മുസ്ലിംകളെക്കാൾ വ്യാപകമായി ബഹുഭാര്യാത്വം ആചരിക്കുന്നവരാണെന്ന് കണക്കുകളും പഠനങ്ങളും സൂചിപ്പിക്കുന്നു. 1956 മുതൽ മുസ്ലിംകൾക്കും ഗോവയിലെ ഹിന്ദുക്കൾക്കും ഒഴികെ ഇന്ത്യയിൽ ബഹുഭാര്യാത്വം നിയമ വിരുദ്ധമാണ്. 1961 ലെ ജനസംഖ്യാ സ്ഥിതി വിവരക്കണക്ക് പ്രകാരം (അവസാനമായി അത്തരം വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെൻസസ് നടന്നത് 1961ലാണ്) മറ്റു സമുദായങ്ങളെ അപേക്ഷിച്ച് ബഹുഭാര്യാത്വം ഇന്ത്യൻ മുസ്ലിംകളിൽ കുറവാണ്. ആദിവാസികളിൽ അത് 15.25 % വും ബുദ്ധമതക്കാരിൽ 7.9 % വും സാധരണ ഹിന്ദുക്കളിൽ 5.8% മാണ് എന്നാൽ മുസ്ലിംകളിൽ ബഹുഭാര്യാത്വം 5.8% മാത്രമാണ്. ഹിന്ദുക്കളിൽ ബഹുഭാര്യാത്വം നിയമ വിരുദ്ധമാക്കിയതോടെ രണ്ട് വിവാഹം കഴിക്കാൻ ഹിന്ദുക്കൾ ഇസ്ലാം മതത്തിലേക്ക് മത പരിവർത്തനം നടത്തുന്ന സംഭവങ്ങൾ പലപ്പോഴും ഉണ്ടായിട്ടുണ്ട്.

ഭാരതീയ വേദങ്ങളിലും പുരാണങ്ങളിലും ബഹുഭാര്യാത്വം ആചരിച്ച പുണ്യാത്മാക്കളായ മതപുരുഷന്മാരേയും രാജാക്കന്മാരേയും ധാരാളമായി കാണാം. മഹാത്മാ ശ്രീകൃഷ്ണൻ, രാമായണത്തിലെ ദശരഥൻ ബുദ്ധമതത്തിന്റെ പുരസ്കർത്താവായ അശോക ചക്രവർത്തി മുതലായവരാണവർ. അതുപോലെ ബഹുഭർതൃത്വം ആചരിച്ച ദ്രൗപതി, കുന്തി, താര, മണ്ഡോദരി എന്നീ സ്ത്രീ കഥാപാത്രങ്ങളേയും ഭാരതീയ ഇതിഹാസങ്ങളിൽ കാണാം.

ഇന്ത്യയിലെ ഏറ്റവും പ്രശസ്തനായ ആദ്ധ്യാത്മിക പുരുഷനായ ഹദ്റത്ത് ശ്രീകൃഷ്ണൻ(അ) റസൂൽ തിരുമേനി(സ) യെ പോലെ ബഹുഭാര്യനായിരുന്നു. അദ്ദേഹത്തിന് രുക്മിണി, സത്യഭാമ, ജാംബവതി, കാളിന്ദി, മിത്രവിന്ദാ, സത്യഭദ്ര, ലക്ഷണ എന്നീ എട്ട് ഭാര്യമാരുണ്ടായിരുന്നു. ഇവരെ ശ്രീകൃഷ്ണന്റെ മുഖ്യ ഭാര്യമാരായിട്ടാണ് എണ്ണുന്നത്. കൂടാതെ 16,000 ഭാര്യമാർ വേറെയും. ഭൂമിപുത്രനായ നരകാസുരനെ വധിച്ച് അയാൾ അടിമകളാക്കിവെച്ച 16,000 അധീന സ്ത്രീകളെ ശ്രീകൃഷ്ണൻ സ്വതന്ത്രരാക്കുകയുണ്ടായി. അവരെ ശ്രീകൃഷ്ണന്റെ ഭാര്യമാരായിട്ടാണ് ചിത്രീകരിച്ചിട്ടുള്ളത്. വിശുദ്ധ ഖുർആനിൽ ***'മാ മലക്കത്ത് അയ്മാനിക്കും'*** (വലം കൈക്ക് ഉടമയാക്കപ്പെട്ടവർ) എന്ന് വിശേഷിപ്പിക്കപ്പെടുന്ന അധീന സ്ത്രീകളാണ് ഇവർ. അല്ലാഹുവിന്റെ ഇന്ത്യയിൽ വന്ന ദൂതനായിട്ടാണ് ഒരു ഹദീസിൽ റസൂൽ തിരുമേനി (സ) ശ്രീകൃഷ്ണനെ വിശേഷിപ്പിച്ചത് എന്നും നാം ഓർക്കണം. ദൈവത്തിന്റെ വരിഷ്ട ദാസനായ കൃഷ്ണന്റെ ആത്മീയ പദവിക്ക് ചേരാത്ത വിധം ശ്രീകൃഷ്ണൻ പിൽക്കാലത്ത് ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. വൃന്ദാവനത്തിൽ വെച്ച് ഗോപസ്ത്രീകളുമായുള്ള പ്രേമസല്ലാപങ്ങളും പ്രണയ ചാപല്യങ്ങളും രാസലീലകളും 12, 13 നൂറ്റാണ്ടുകളിൽ രചിക്കപ്പെട്ട ബംഗാളി കവി ജയദേവ ഗോസ്വാമി രചിച്ച ഗീതാഗോവിന്ദത്തിന്റെ സൃഷ്ടിയാണ്. ജയദേവൻ സൃഷ്ടിച്ച ശ്രീകൃഷ്ണനെ സംബന്ധിച്ച രതി പ്രധാനമായ ചിത്രങ്ങൾ മഹാനായ ആ ദൈവ ദാസനെകുറിച്ച് ധാരാളം വികല ധാരണകൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന കാര്യം കൂടി ആനുഷംഗികമായി സൂചിപ്പിക്കട്ടെ.

## മുഹമ്മദ് നബി (സ) യും ബഹുഭാര്യാത്വവും

ബഹുഭാര്യാത്വം മുഹമ്മദ് നബി(സ) കണ്ടുപിടിച്ച ഒരു സമ്പ്രദായം എന്ന രീതിയിലാണ് ഇസ്‌ലാമിന്റെ എതിരാളികൾ വിമർശനം ഉന്നയിക്കുന്നത്. മനുഷ്യ വംശത്തിന്റെ ആരംഭ കാലത്ത് തന്നെ ബഹു ഭാര്യാത്വം നമുക്ക് കാണാം. ബൈബിളിൽ ആദമിന്റെ തൊട്ടടുത്ത തലമുറയിൽപ്പെട്ട സന്താനങ്ങൾ തന്നെ അനേകം സ്ത്രീകളെ വിവാഹം കഴിച്ചു എന്നതിന് ബൈബിൾ വചനങ്ങൾ സാക്ഷിയാണ്. (ഉൽപ്പത്തി 4:19). നിരവധി ഭാര്യമാരെയും വെപ്പാട്ടികളെയും വെച്ചു പുലർത്തുന്ന മതപുരുഷന്മാരെ ബൈബിളിൽ പുണ്യവാളന്മാരായും കാണാം. ഇത്തരത്തിലുള്ള ബൈബിളിൽ വിശ്വസിക്കുകയും സ്ത്രീ സ്വാതന്ത്ര്യവാദത്തിന്റെ കൊടുമുടിയിൽ നിൽക്കുകയും കുത്തഴിഞ്ഞ ലൈംഗിക ജീവിതം നയിക്കുകയും ചെയ്യുന്ന സമകാലീന യൂറോപ്പിനും മറ്റു വികസിത വികസ്വര രാജ്യങ്ങൾക്കും ബഹുഭാര്യാത്വത്തോടുള്ള സമീപനം എതിർപ്പിന്റേതാണ് എന്നത് സ്വാഭാവികമാണ്. യൂറോപ്യൻമാരാകട്ടെ വിവാഹ ബാഹ്യമായ ലൈംഗിക ബന്ധത്തിൽ യാതൊരു തെറ്റും കാണുന്നവരുമല്ല. ദാമ്പത്യ ബന്ധത്തിലുള്ള വിശ്വസ്തതയും ലൈംഗികമായ അച്ചടക്കവും പശ്ചാത്യ സംസ്കാരം ഒരു ധാർമിക ബാധ്യതയായി കാണുന്നില്ല. എന്നിട്ടും മുഹമ്മദ് നബി(സ) യുടെ ബഹുഭാര്യാത്വത്തെ വിമർശിക്കാനാണ് പശ്ചാത്യ വിമർശകന്മാർക്ക് താൽപര്യം. അവർ സ്ത്രീജിതനായ മുഹമ്മദ് (നഊദുബില്ലാഹ്) എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി സിനിമകളും നോവലുകളും കഥകളും കാർട്ടൂണുകളും രചിക്കുന്നു. പരമ പരിശുദ്ധ ജീവിതം നയിച്ച ആ വിശ്വമാതൃകാ ജീവിതത്തെ അങ്ങേയറ്റം വികൃതമായി ചിത്രീകരിക്കാനുള്ള ശ്രമം നടത്തുന്നു. മുഹമ്മദ് നബി(സ) യുടെ വിവാഹ ജീവിതം നിഷ്പക്ഷമായി പരിശോധിച്ചാൽ ധാർമികമായ ഉന്നത നിലവാരത്തിന്റെ എല്ലാ അനുഗ്രഹങ്ങളും നിറഞ്ഞ സ്വർഗീയ മാതൃകകളായിരുന്നു അവയെല്ലാം എന്ന് കാണാം. മനുഷ്യന്റെ കുടുംബ ജീവിതത്തിന് സമ്പൂർണ്ണ മാതൃകകൾ നൽകിയ മറ്റൊരു മഹാത്മാവ് ലോകത്തില്ല. 25-ാമത്തെ വയസ്സിലാണ് ആരോഗദൃഢ ഗാത്രനായ റസൂൽ തിരുമേനി(സ) തന്നേക്കാൾ ഏകദേശം 15 വയസ്സ് പ്രായകൂടുതലുള്ള മക്കയിലെ പ്രശസ്തയായ ധനാഢ്യയും കുലീനയുമായ ഖദീജാ ബീവിയെ വിവാഹം കഴിക്കുന്നത്. രണ്ട് തവണ വൈധവ്യം അനുഭവിച്ച മക്കയിലെ കുലീനയായിരുന്നു അവർ. റസൂൽ തിരുമേനി(സ)യും ഖദീജ(റ)യുമായുള്ള ദാമ്പത്യം 25 വർഷം നീണ്ടു നിന്നു. നീണ്ട കാൽ നൂറ്റാണ്ടുകാലം നിറഞ്ഞ യൗവനമത്രയും തന്നെക്കാൾ വളരെ പ്രായമുള്ള തന്നെ അഗാധമായി സ്നേഹിച്ച ഒരേയൊരു ഖദീജാ(റ) ബീവി മാത്രമായിരുന്നു അവിടുത്തെ ഭാര്യാപദത്തിലുണ്ടായിരുന്നത്. ഖദീജാ (റ) ദിവംഗതയായി രണ്ട് വർഷം കഴിഞ്ഞതിന് ശേഷമാണ് അവിടുന്ന് മദീനയിലേക്ക് ഹിജ്റ പോവേണ്ടിവന്നത്. ഖദീജാ ബീവിയുടെ വേർപാട് സമയത്ത് റസൂൽ തിരുമേനി(സ)ക്ക് 50 വയസ്സ് പ്രായമായിരുന്നു. പിന്നീടുള്ള 13 വർഷത്തിനിടയിലാണ് അവിടുന്ന് മറ്റു വിവാഹങ്ങളെല്ലാം ചെയ്തത്. ഈ വിവാഹങ്ങളെല്ലാം മനുഷ്യസ്നേഹപരവും പ്രവാചകന്റെ ദിവ്യദൗത്യവുമായി ബന്ധപ്പെട്ടതും സാമൂഹികവും രാഷ്ട്രീയവുമായ മാനങ്ങളുള്ളതുമായിരുന്നു. റസൂൽ തിരുമേനി (സ) യുടെ മിക്ക വിവാഹങ്ങളും അനാഥകളും വിധവകളുമായ നിരാലംബരുമായിട്ടായിരുന്നു. അക്കാലത്ത് വിവാഹ ബന്ധം ഗോത്ര സൗഹൃദങ്ങൾ സ്ഥാപിക്കാനുള്ള ശക്തമായ ഒരു സാമൂഹികോപാധിയായിരുന്നു എന്നകാര്യം നാം പ്രത്യേകം ഓർക്കണം. തന്റെ ദിവ്യദൗത്യം ആരംഭിച്ചപ്പോൾ നാലു ഭാഗത്ത് നിന്നും സാമൂഹികമായ എതിർപ്പിന്റെ അഗ്നി വലയത്തിനകത്ത് അകപ്പെട്ട റസൂൽ തിരുമേനി (സ) ക്ക് ആ അവസ്ഥയിൽ നിന്ന് മോചനം നേടാൻ ചില വിവാഹങ്ങൾ വളരെ സഹായകമായി. **ഉമ്മഹാത്തുൽ മുഅ്മിനീൻ** (വിശ്വാസികളുടെ മാതാക്കൾ) എന്നാണ് ആ പുണ്യവതികൾ മുസ്ലിംകൾക്കിടയിൽ ആദരപൂർവം അറിയപ്പെടുന്നത്.

റസൂൽ തിരുമേനി (സ) നടത്തിയ വിവാഹങ്ങളെല്ലാം ആറ് കാര്യങ്ങൾ മുൻനിർത്തിയാണ്. ഒന്നാമതായി വിധവകൾക്ക് സംരക്ഷണം നൽകാനും അവരുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാനും തന്റെ അനുയായികൾ അപ്രകാരം അനുകരിക്കാനുമായിരുന്നു. രണ്ടാമതായി അടിമകളുടെ വിമോചനത്തിന്റെ ഭാഗമായിട്ടായിരുന്നു. മൂന്നാമതായി ഇസ്‌ലാം മതത്തിന് വേണ്ടി സൗഹൃദങ്ങൾ ഊട്ടിയുറപ്പിക്കാനായിരുന്നു. നാലാമതായി പ്രവാചകനു മുമ്പിൽ വിവാഹാഭ്യർഥനയുമായി സ്വയം സമർപ്പിതരായി വന്നവരായിരുന്നു. അഞ്ചാമതായി നിലവിലുള്ള ഒരു ആചാര നിയമം തെറ്റാണെന്നും അത് അസാധുവാണെന്നും കാണിക്കാനായിരുന്നു. ആറാമത് റസൂൽ തിരുമേനി(സ)ക്ക് ആദരപൂർവം സമ്മാനിക്കപ്പെട്ട സ്ത്രീകളുമായിട്ടുള്ളതായിരുന്നു.

റസൂൽ തിരുമേനി (സ) യുടെ ജീവിതത്തിന്റെ സമസ്ത ഭാവങ്ങളും മനുഷ്യ വംശത്തിന് മാതൃകയാണ്. അവിടുത്തെ പൊതു ജീവിതത്തിന്റെ എല്ലാ അടക്കവും അനക്കവും രേഖപ്പെടുത്താനും അവിടുത്തെ വിശുദ്ധ സാന്നിദ്ധ്യം അനുഭവിക്കാനും അനുചരന്മാർ സദാസമയവും ചുറ്റിലും ഉണ്ടാകുമായിരുന്നു. പക്ഷേ അവിടുത്തെ കുടുംബ ജീവിതം പ്രകാശിതമാക്കാൻ ഭാര്യാപദത്തിലുള്ള ഒരാൾക്കേ സാധ്യമാവൂ. മനുഷ്യ ജീവിതത്തിന് ഏറ്റവും കൂടുതൽ മാർഗ ദർശനം ലഭിക്കേണ്ട ഒന്നാണ് കുടുംബ ജീവിതം. നാനാ

തരത്തിലുള്ള കുടുംബപരമായ ജീവിത വശങ്ങൾ പ്രകാശിതമാവാൻ വിവിധ ജീവിത പശ്ചാത്തലമുള്ള റസൂൽ തിരുമേനി (സ) യുടെ ഭാര്യമാർക്ക് സാധ്യമായി എന്നത് അനുഗൃഹീതമായ ഒരു വസ്തുതയാണ്. വിശ്വാസികളുടെ ഉമ്മമാർ എന്ന് വിശേഷിപ്പിക്കപ്പെട്ട ആ ധർമപത്നിമാരെ കുറിച്ചുള്ള ഒരു ഹ്രസ്വ വിവരണമാണ് താഴെ കൊടുക്കുന്നത് .

**1. ഖദീജാ ബിൻത് ഖുവൈലിദ്(റ):**

റസൂൽ തിരുമേനി(സ)ക്ക് മുമ്പ് രണ്ട് തവണ വിവാഹം കഴിച്ച വിധവയായിരുന്നു അവർ. ആ ബന്ധത്തിൽ അവർക്ക് രണ്ട് സന്താനങ്ങളുമുണ്ടായിരുന്നു. റസൂൽ തിരുമേനി(സ)യേക്കാൾ 15 വയസ്സ് പ്രായകൂടുതലുണ്ടായിരുന്നു. റസൂൽ തിരുമേനി(സ)ക്ക് പ്രവാചകത്വം ലഭിച്ചത് ഈ ദാമ്പത്യ വേളയിലാണ്. കഠിന പരീക്ഷണ വേളകളിൽ അവരാണ് തിരുമേനി (സ)ക്ക് സ്വാന്തനമരുളിയത്. 25 വർഷം നീണ്ടുനിന്ന അവരുടെ ദാമ്പത്യത്തിൽ റസൂൽ തിരുമേനി (സ) മറ്റൊരു വിവാഹം കഴിച്ചിട്ടില്ല.

**2. സൗദ ബിൻത് സംഅ(റ):**

പ്രവാചകത്വത്തിന്റെ ഭാരിച്ച ഉത്തരവാദിത്വത്തിന് പുറമേ ഖദീജ(റ)യുടെ നിര്യാണ ശേഷം നാലു പെൺകുട്ടികളെ വളർത്തിയെടുക്കേണ്ട ചുമതല റസൂൽ(സ)ന്റെ ചുമലിലായി. വിധവയായിരുന്ന സൗദ(റ)ക്ക് ഒരു സന്താനവുമുണ്ടായിരുന്നു. റസൂൽ തിരുമേനി(സ) യുടെ മരണ ശേഷം മക്കയിൽ വെച്ച് നടന്ന ആദ്യ വിവാഹം സൗദ(റ)യുമായിട്ടുള്ളതായിരുന്നു. അബീസിനിയായിലേക്കു പോയ പ്രഥമ അഭയാർത്ഥി സംഘത്തിൽ സൗദ (റ)യുമുണ്ടായിരുന്നു.

**3. ആയിശാ ബിൻത് അബൂബക്കർ(റ):**

റസൂൽ തിരുമേനി(സ)യുടെ ഏറ്റവും പ്രിയംങ്കരനും അവിടുത്തേക്ക് വേണ്ടി എല്ലാം ത്യജിക്കാൻ സന്നദ്ധനുമായിരുന്ന പ്രിയ സഖാവ് ഹദ്റത്ത് അബൂബക്കർ (റ) ന്റെ പുത്രി. പിതാവും മാതാവും ഇസ്ലാം മതം സ്വീകരിച്ചതിനാൽ ഇസ്ലാമിക മൂശയിലാണ് ആയിശ(റ) വളർത്തപ്പെട്ടത്. പുരുഷ സഹാബിമാരെ വെല്ലുന്ന അഗാധ പാണ്ഡിത്യവും ബുദ്ധികൂർമതയുമുള്ള സാത്വിക യായിരുന്നു ആയിശ(റ). റസൂൽ (സ) യുടെ പത്നിമാരിൽ കന്യക ഇവർ മാത്രമായിരുന്നു. ആയിശാ(റ) 2200 ഹദീസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവയെല്ലം നബി (സ)യിൽ നിന്ന് നേരിട്ട് കേട്ടതോ അവർ സ്വയം അനുഭവ സാക്ഷ്യമുള്ളതോ ആണ്. ഹദീസ് നിവേദകരിൽ അഞ്ചാം സ്ഥാനമാണ് ആയിശ(റ)ക്ക് ഉള്ളത്. ഇസ്ലാമിന് വേണ്ടി വൻ ത്യാഗങ്ങൾ സഹിച്ച അബൂബക്കർ(റ) മായുള്ള റസൂലി (സ)ന്റെ ബന്ധം ഈ വിവാഹത്തോടെ കൂടുതൽ സുദൃഢമായി.

**4. ഹഫ്സ ബിൻത് ഉമർ(റ):**

ഇസ്ലാമിന്റെ പ്രഗല്ഭനായ രണ്ടാം ഖലീഫ ഹദ്റത്ത് ഉമറിന്റെ പുത്രി. റസൂൽ (സ) യുടെ വിവാഹം നടക്കുമ്പോൾ വിധവയായിരുന്നു. ഭർത്താവ് ഹദ്റത്ത് ഖുനൈസുബ്നു ഹുദാഫ(റ) ബദർ യുദ്ധത്തിൽ ശഹീദായിരുന്നു. ഉമർ ഖത്വാബു(റ)മായുള്ള റസൂൽ തിരുമേനി (സ) യുടെ ബന്ധം കൂടുതൽ സുദൃഢമാകാൻ ഈ വിവാഹം സഹായിച്ചു.

**5. സൈനബ് ബിൻത് ഖുസൈമ (റ):**

ഉമ്മുൽ മസാക്കീൻ (പാവങ്ങളുടെ മാതാവ്) എന്ന പേരിലറിയപ്പെട്ട സൈനബ്(റ) വിധവയായിരുന്നു. ഉഹ്ദ് യുദ്ധത്തിൽ രക്തസാക്ഷിയായ അബ്ദുല്ലാഹിബ്നു ജഹ്ശിന്റെ ഭാര്യയായിരുന്നു അവർ. ഉഹ്ദ് യുദ്ധത്തിൽ ശഹീദായി നിരാലംബരായ വിധവകളെ വിവാഹം ചെയ്യാൻ റസൂൽ തിരുമേനി (സ) അനുയായികളെ ഉപദേശിച്ചപ്പോൾ അവിടുന്ന് സ്വയം മാതൃക കാണിക്കുകയായിരുന്നു. അവിടുത്തെ ഭാര്യാപദമലങ്കരിച്ച് ഏതാനും മാസം മാത്രമേ സൈനബ് ജീവിച്ചിരുന്നുള്ളൂ. 30-ാമത്തെ വയസ്സിൽ അവർ ദിവംഗതയായി.

**6. ഉമ്മുസലമ ബിൻത് അബീ ഉമയ്യ(റ):**

ഭർത്താവ് അബൂ സലമ(റ) ഉഹ്ദ് യുദ്ധത്തിൽ പരുക്കേറ്റ് മാസങ്ങൾക്കുള്ളിൽ മരണ മടഞ്ഞു. നാല് കുട്ടികളെ അവശേഷിപ്പിച്ചുകൊണ്ടായിരുന്നു അബൂസലമയുടെ ഭർത്താവ് വിടപറഞ്ഞത്. കുടുംബഭാരവും വൈധവ്യവും തളർത്തിയ നാലുകുട്ടികളുടെ മാതാവായ ഉമ്മുസലമയെ ആണ് റസൂൽ (സ) വിവാഹം കഴിച്ചത്.

**7. സൈനബ് ബിൻത് ജഹ്ശ്(റ):**

റസൂൽ തിരുമേനി(സ) യുടെ പിതൃസഹോദരി പുത്രി. നബി (സ) അവരെ തന്റെ ദത്തുപുത്രനും അടിമയുമായ സൈദുബ്നു ഹാരിഥിന് വിവാഹം ചെയ്ത് കൊടുത്തു. ഉന്നതകുല ജാതയായ സൈനബിന് കേവലം അടിമയായ സൈദിന് വിവാഹം കഴിച്ചു കൊടുത്തു കൊണ്ട് വൈവാഹിക രംഗത്തെ ഉചനീചത്വങ്ങൾ ഇല്ലാതാക്കാനുള്ള ഒരു വിപ്ലവമായിരുന്നു റസൂൽ തിരുമേനി(സ) ഉദ്ദേശിച്ചത്.

പക്ഷേ ആ ദാമ്പത്യം വിജയിച്ചില്ല. അടിമയായ സെയ്ദ് മൊഴിചൊല്ലിയ ഉന്നതകുല ജാതയായ ഒരു സ്ത്രീയെ അക്കാലത്ത് ഭേദപ്പെട്ട കുടുംബത്തിൽ നിന്നുള്ള ആരും വിവാഹം ചെയ്യില്ലായിരുന്നു. മാത്രമല്ല ജാഹിലിയ്യാ കാലത്ത് ദത്തു പുത്രനെ സ്വന്തം പുത്രനെ പോലെയായിരുന്നു കരുതിയിരുന്നത്. ദത്തുപുത്രന്റെ ഭാര്യയെ അയാളുടെ രക്ഷിതാവിന് വിവാഹം കഴിക്കാൻ പാടില്ലായിരുന്നു. ഇസ്ലാം ഈ സമ്പ്രദായം തിരുത്തിക്കുറിച്ചു. ദത്തുപുത്രന്റെ ഭാര്യയെ വിവാഹം കഴിക്കാമെന്ന് ഈ വിവാഹത്തോടെ റസൂൽ

തിരുമേനി(സ) തെളിയിക്കുകയായിരുന്നു.

**8. ജുവൈരിയ്യ ബിൻത് ഹാരിഥ്(റ):**

ഹിജ്റ 5ാം വർഷത്തിൽ നടന്ന ബനു മുസ്ത്വലിഖ് ഗോത്രവുമായുള്ള യുദ്ധത്തിൽ തടവിലായ സ്ത്രീയായിരുന്നു ജുവൈരിയ. ആ ഗോത്രത്തിലെ 200 കുടുംബങ്ങളെ മുസ്ലിംകൾ തടവുകാരായി പിടിച്ചു. ബനൂമുസ്ത്വലിഖ് ഗോത്രത്തലവന്റെ മകളായിരുന്നു ജുവൈരിയ. അവരെ മോചിതയാക്കി റസൂൽ തിരുമേനി(സ) വിവാഹം കഴിച്ചതോടെ മുസ്ലിംകളുമായി ശത്രുതയിലായിരുന്ന ആ ഗോത്രം മുഴുവനും റസൂൽ തിരുമേനി (സ) യുടെ ബന്ധുത്വത്തിൽ വന്നു. അവരെല്ലാം ഇസ്ലാം മതം സ്വീകരിക്കുകയാണുണ്ടായത്. തന്റെ ഗോത്രത്തെ മോചിപ്പിക്കാൻ ഒട്ടക കൂട്ടങ്ങളുമായി വന്ന ജുവൈരിയയുടെ പിതാവ് രണ്ട് മേത്തരം ഒട്ടകങ്ങളെ വഴിയിൽ മാറ്റി നിർത്തിയിരുന്നു. യാതൊരു നിലക്കും റസൂൽ തിരുമേനി(സ) അറിയാൻ വഴിയില്ലാത്ത ഈ സംഭവത്തെപറ്റി അല്ലാഹു അറിയിച്ചുകൊടുത്തതിനെ തുടർന്ന് അവിടുന്ന് ഹാരിഥിനോട് ചോദിച്ചപ്പോൾ തിരുമേനി (സ) യുടെ സത്യതയെ കുറിച്ചുള്ള അവരുടെ സംശങ്ങളെല്ലാം മാറിയിരുന്നു.

**9. സഫിയ്യ ബിൻത് ഹുയയ്യ് ബ്നു അക്താബ്(റ):**

ഖൈബറിലെ ജൂതനേതാവിന്റെ പുത്രിയായിരുന്നു. ഖൈബർ യുദ്ധത്തിൽ തടവുകാരിയായി. നബി(സ) അവരെ മോചിപ്പിക്കുകയും വിവാഹം ചെയ്യുകയും ചെയ്തു.

**10. ഉമ്മു ഹബീബ(റ):**

അബൂസുഫിയാന്റെ മകൾ. യഥാർഥ പേര് റംല. സാഹിത്യതൽപര, പണ്ഡിത. ഇസ്ലാം മതം സ്വീകരിച്ച തന്റെ ഭർത്താവ് ഉബൈദുല്ലായോടു കൂടി അബീസിനിയായിലേക്ക് ഗർഭിണിയായ റംലയും പലായനം ചെയ്തു. പ്രസവിച്ചപ്പോൾ കുഞ്ഞിന് ഹബീബ(റ) എന്ന് നാമകരണം ചെയ്തു. അങ്ങനെ ഉമ്മു ഹബീബയായി. ഭർത്താവ് ഉബൈദുല്ലാഹ് അബീസിനിയായിൽ വെച്ച് മതം മാറി ക്രിസ്തു മതം സ്വീകരിച്ചു. ഉമ്മു ഹബീബയെ ക്രിസ്തു മതത്തിലേക്ക് മാറാൻ നിർബന്ധിച്ചു. പരമ ഭക്തയയായ ഉമ്മു ഹബീബ വിസമ്മതിച്ചു. വിവാഹ ബന്ധം വേർപെടുത്തി ഏകാന്തയായി കഴിഞ്ഞു. മദ്യപാനിയായി മാറിയ ഭർത്താവ് ആ നിലയിൽ മരണപ്പെട്ടു. ഭർത്താവിന്റെ ദുരന്തപൂർണമായ അന്ത്യത്തിന് പുറമേ പിതാവ് അബൂസുഫിയാന്റെ ഉപദ്രവത്തേയും അവർ ഭയപ്പെട്ടു. പലായനം ചെയ്തവരെല്ലാം അബീസിനിയായിൽ നിന്നും തിരിച്ചെത്തി. വ്രണിതചിത്തയായി ആരാധനയിൽ മുഴുകി അവർ അവിടെ തന്നെ കഴിഞ്ഞുകൂടി. കാരുണ്യവാരിധിയായ റസൂൽ തിരുമേനി (സ) ഉമ്മു ഹബീബ (റ)യുടെ ദുരന്ത കഥ അറിഞ്ഞു. വിവാഹ അഭ്യർഥനയുമായി ഒരു ദൂതനെ അബീസിനിയയിലെ രാജാവ് നജ്ജാശി മുഖേന അയച്ചു. ഉമ്മു ഹബീബ ഉമ്മുൽ മുഅ്മിനീൻ ആകുമെന്ന് അതിന് മുമ്പ് തന്നെ ഒരു സ്വപ്നദർശനത്തിൽ അവർ മനസ്സിലാക്കിയിരുന്നു. അവർ സന്തോഷപൂർവം അഭ്യർഥന സ്വീകരിച്ചു. 400 ദീനാർ രാജാവ് തന്നെ റസൂൽ തിരുമേനി(സ)ക്ക് വേണ്ടി മഹർ നൽകി. കൂടാതെ നിരവധി സമ്മാനങ്ങളും നൽകി. രാജാവ് തന്നെ ഖുത്ബ നിർവഹിച്ചു. വലിയ്യ് മുഖേന തിരുമേനി (സ)ക്ക് വേണ്ടി വിവാഹം ചെയ്തു കൊടുത്തു. അവിടെയുണ്ടായിരുന്ന മുസ്ലിംകൾക്ക് സദ്യയും നൽകി. ഹിജ്റ 7-ാം വർഷമാണ് അവർ അബീസീനിയായിൽ നിന്ന് മദീനയിൽ തിരിച്ചെത്തി പ്രവാചകനുമായി സമാഗമനമുണ്ടായത്. പിന്നീട് അബൂസുഫ്യാൻ ഇസ്ലാം മതം സ്വീകരിച്ചപ്പോൾ ഏറ്റവും കൂടുതൽ സന്തോഷിച്ചത് പുത്രി ഉമ്മുഹബീബയായിരുന്നു.

**11. മാരിയത്തുൽ ഖിബ്തിയ(റ):**

ഉമ്മഹാത്തുൽ മുഅ്മിനീങ്ങളിൽ പ്പെട്ട റസൂൽ തിരു മേനി(സ) യുടെ വന്ദ്യ പത്നിമാരിൽ ഒരാളാണ് മാരിയത്തുൽ ഖിബ്തിയ. ഈജിപ്ത് ഭരണാധികാരി മുഖൗഖിസ് ചക്രവർത്തിക്ക് റസൂൽ തിരുമേനി(സ) ഇസ്ലാമിലേക്ക് ക്ഷണിച്ചു കൊണ്ട് ഒരു ദൂതൻ വശം കത്തയച്ചിരുന്നു. വളരെ ആദരവോടെയാണ് ചക്രവർത്തി ആ ക്ഷണത്തോട് പ്രതികരിച്ചത്. ഈജിപ്ഷ്യൻ ആചാരമനുസരിച്ച് നബി(സ)ക്ക് നൽകാൻ കോപ്റ്റ് ജനത ആദരിക്കുന്ന മാരിയ, സീരീൻ എന്നീ രണ്ട് യുവതികളേയും കൊടുത്തയച്ചു. അതിൽ മാരിയത്തു ഖിബ്തിയ്യ എന്ന മഹിളാരത്നത്തെയാണ് റസൂൽ തിരുമേനി(സ) വിവാഹം ചെയ്തത്. അതിൽ ഉണ്ടായ പുത്രനായിരുന്നു ഇബ്റാഹിം. ചെറുപ്രായത്തിൽ തന്നെ മരിച്ചുപോയ ഇബ്രാഹിം ജീവിച്ചിരുന്നെങ്കിൽ നബിയാകുമായിരുന്നു എന്ന് റസൂൽ തിരുമേനി (സ) പറഞ്ഞിരുന്നു.

**12. മൈമൂന ബിൻത് ഹാരിഥ് (റ):**

ഹുദൈബിയാ സന്ധി അനുസരിച്ച് ഹി. 7-ാം വർഷത്തിൽ ഉംറ നിർവഹിക്കാൻ റസൂൽ തിരുമേനി (സ) മക്കയിൽ പോയ സമയത്തായിരുന്നു ഹദ്റത്ത് മൈമൂനയുമായുള്ള വിവാഹം നടന്നത്. അവർ സ്വയം തന്നെ റസൂൽ തിരുമേനി (സ)യെ വിവാഹ സന്നദ്ധത അറിയിക്കുകയായിരുന്നു. നബികുടുംബത്തിലെ മുതിർന്ന സ്ത്രീകളും അതിന് റസൂൽ തിരുമേനി(സ)യിൽ സ്വാധീനം ചെലുത്തി. അവരെ വിവാഹം ചെയ്തതോടെ ഇസ്ലാമിന്റെ ശത്രുക്കളായ ഇബ്നൂ മഖ്തൂം ഗോത്രവുമായുള്ള ബന്ധം സുദൃഢമായി. അതീവ ബുദ്ധിമതിയായിരുന്ന അവരുമായുള്ള വിവാഹമാണ് ഏറ്റവും അവസാനമായി നടന്ന വിവാഹം. (തുടരും)

# ലോകസമാധാനവും സുരക്ഷിതത്വവും നമ്മുടെ കാലഘട്ടത്തിന്റെ നിർണായക പ്രശ്നങ്ങൾ

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള നേതാവ് ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) ഡച്ച് നാഷണൽ പാർലമെന്റിൽ വിദേശകാര്യ സ്പെഷ്യൽ കമ്മിറ്റി അംഗങ്ങളെ അഭിസംബോധന ചെയ്ത് കൊണ്ട് 2015 ഒക്ടോബർ 6 –ാം തീയതി നടത്തിയ പ്രഭാഷണം. *വിവ: കെ. വി ഹസ്സൻ കോയ, കോഴിക്കോട്*

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)



പ്രശസ്തരായ വിശിഷ്ടാതിഥികളെ, അല്ലാഹുവിന്റെ ശാന്തിയും അനുഗ്രഹങ്ങളും നിങ്ങളിലെല്ലാവരിലും ഉണ്ടാവട്ടെ. ആദ്യമായി ഈ സെഷനിൽ പ്രസംഗിക്കാൻ എനിക്ക് അവസരം തന്ന ഇതിന്റെ സംഘാടകരോട് ഞാൻ ആത്മാർഥമായ കൃതജ്ഞത രേഖപ്പെടുത്തുന്നു. ആധുനിക ലോകം നിരന്തരം ചില പ്രശ്നങ്ങൾ എടുത്തുകാണിക്കുകയും ഏറ്റവും പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളായി അതിനെ അവതരിപ്പിക്കുകയും ചെയ്യുന്നു. ഉദാഹരണമായി ചില ആളുകൾ ആഗോള താപനത്തിന്റെയും കാലവസ്ഥാ വ്യതിയാനത്തിന്റെയും ഭീഷണിക്ക് ഊന്നൽ നൽകുന്നു. മറ്റുചിലർ ലോകത്ത് വർധിച്ച് വരുന്ന സംഘർഷങ്ങളെക്കുറിച്ച് ആശങ്കാഭരിതരാണ്. സാഹചര്യങ്ങളെ നാം വസ്തു നിഷ്ഠമായി വിലയിരുത്തുമ്പോൾ നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും നിർണായകമായ പ്രശ്നം ലോകസമാധാനവും ലോകത്തിന്റെ സുരക്ഷയുമാണെന്ന് കാണാം. ഓരോ ദിവസം കഴിയുന്തോറും അസ്ഥിരതയും ആപത്തും വർധിച്ചു വരുന്നതായി കാണുന്നു. ഇതിന് നിരവധി കാരണങ്ങളുണ്ട്. ഉദാഹരണത്തിന് ലോകം മുഴുവനും വ്യാപിച്ചു നിൽക്കുന്ന സാമ്പത്തിക പ്രതിസന്ധിയും സാമ്പത്തിക അസ്ഥിരതയും ഒരു മുഖ്യകാരണമാകാം.

മറ്റൊരുമൂലകാരണം ലോകത്തിലെ ചില നേതാക്കന്മാർ തങ്ങളുടെ സ്വന്തം ജനതയോടും മറ്റുള്ളവരോടും വെച്ചു പുലർത്തുന്ന അനീതിയാണ്. ചില മതനേതാക്കന്മാർ തങ്ങളുടെ വ്യക്തിതാൽപര്യങ്ങൾക്ക് പ്രാമുഖ്യം നൽകുന്നു. പൊതുനന്മ ഉദ്ദേശിക്കാതെ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ആത്മാർഥമായി നിർവഹിക്കുന്നില്ല. അന്തർദേശീയ ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ സ്പർധക്കുള്ള പ്രധാന സ്രോതസ്സ് സാമ്പത്തകമായി മുന്നിട്ട് നിൽക്കുന്ന രാഷ്ട്രങ്ങളും നിർധന രാഷ്ട്രങ്ങളും തമ്മിലുള്ള വമ്പിച്ച അന്തരമാണ്.

ശക്തരായ രാഷ്ട്രങ്ങൾ ദരിദ്ര രാജ്യങ്ങളുടെ പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യുന്നു. നിർധന രാജ്യങ്ങൾക്ക് അവരുടെ വിഭവങ്ങളിൽ അവർക്കർഹമായ പങ്ക് നൽകുന്നുമില്ല. ലോകസമാധാനത്തിന് തുരങ്കം വെക്കുന്ന കാരണങ്ങളുടെ ദീർഘമായ ലിസ്റ്റിലെ ചിലവ മാത്രമാണ് ഞാൻ സൂചിപ്പിക്കുന്നത്. കാരണങ്ങളെന്തു തന്നെയായാലും ഞാൻ തീർച്ചയായും വിശ്വസിക്കുന്നത് ആധുനിക

തലമുറയുടെ ഏറ്റവും വിപൽക്കരമായ പ്രശ്നം ലോകത്തിന്റെ അശാന്തി തന്നെയാണ്. ഇത് കേൾക്കുന്ന മാത്രയിൽ നിങ്ങളിൽ മിക്കവരുടേയും പ്രതികരണം മുസ്ലിം രാജ്യങ്ങളിലാണല്ലോ ഏറ്റവും കൂടുതൽ അസ്ഥിരത, മാത്രമല്ല മുസ്ലിം രാജ്യത്ത് ഉള്ള ക്രമരാഹിത്യമാണ് ലോകത്തിലെ അസമാധാനത്തിന് മൂലകാരണവും എന്നുമായിരിക്കും.

തീർച്ചയായും ആഗോള മുസ്ലിം സമുദായങ്ങളിൽ ഒന്നായ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ നേതാവ് എന്ന നിലക്ക് എനിക്കും ചില ഉത്തരവാദിത്വങ്ങളുണ്ട് എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടാകും. തീവ്രവാദ ഗ്രൂപ്പുകളുടെ ജനനവും ഭീകരതയുടെ ഉയർച്ചയും ഇസ്ലാമികാദ്ധ്യാപനങ്ങളാൽ പ്രചോദിതമാണെന്നും നിങ്ങൾ വിശ്വസിക്കുന്നുണ്ടാവാം. എന്തായാലും അത്തരത്തിലുള്ള അക്രമവും വിദ്വേഷവും ഇസ്ലാമുമായി ബന്ധപ്പെടുത്തുന്നത് പൂർണമായും അനീതിയാണ്.

ഈ അവസരത്തിൽ മതങ്ങളുടെ ചരിത്രത്തെ കുറിച്ച് വിശദമായി സംസാരിക്കേണ്ട ആവശ്യമില്ല. എല്ലാ മതങ്ങളുടെയും ചരിത്രം നോക്കുകയാണെങ്കിൽ കാലം ചെല്ലുന്തോറും എല്ലാ മതങ്ങളുടെയും അനുയായികൾ മതത്തിന്റെ യഥാർഥ അദ്ധ്യാപനങ്ങളിൽ നിന്ന് അകന്നു പോയിട്ടുണ്ടെന്ന് മാത്രം പറഞ്ഞാൽ മതി. ഇത് മതപരമായ വിഭാഗീയതകളിലേക്കും സംഘർഷങ്ങളിലേക്കും നീങ്ങിയിട്ടുണ്ട്. ഇതിന്റെ ഫലമായി ജനങ്ങൾ കൊല്ലപ്പെടുകയും ഭയാനകമായ ക്രൂരതകൾക്ക് ജനങ്ങൾ വിധേയമാവുകയും ചെയ്തു.

കാലക്രമേണ മുസ്ലിംകൾ ഇസ്ലാമിന്റെ യഥാർഥ അദ്ധ്യാപനങ്ങളിൽ നിന്ന് വഴുതി പോയിട്ടുണ്ടെന്ന് സർവാത്മനാ സമ്മതിക്കുന്നു. ഇത് ആശാഭംഗവും പരസ്പര ശത്രുതയും വർധിച്ചു വരാൻ കാരണമായി. അത് വിഭാഗീയതയിലേക്കും അക്രമത്തിലേക്കും അനീതിയിലേക്കും നയിക്കുകയും ചെയ്തു. എന്നിരിക്കിലും ഒരു യഥാർഥ മുസ്ലിമിന്റെ പരിപ്രേക്ഷ്യത്തിൽ ഇന്നത്തെ ഇസ്ലാമിന്റെ ദയനീയാവസ്ഥ കണ്ടു എന്റെ വിശ്വാസത്തിന് ഒരു കുറവും സംഭവിച്ചിട്ടില്ല.

1400 സംവത്സരങ്ങൾക്ക് മുമ്പുള്ള ഇസ്ലാം മതസ്ഥാപകരായ മുഹമ്മദ് നബി (സ) യുടെ ഇസ്ലാമികാദ്ധ്യാപനങ്ങൾ കാല ക്രമേണ ദൂഷിതമാവുകയും മുസ്ലിംകൾ ധാർമികമായ പതനത്തിന്റെ കാലഘട്ടത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുമെന്ന പ്രവചനമുണ്ട്. എന്നിരിക്കിലും അങ്ങനെയുള്ള ആത്മീയാന്ധകാരത്തിന്റെ സമയത്ത് സർവ ശക്തനായ അല്ലാഹു ഒരു പരിഷ്ക്കർത്താവിനെ അയക്കുകയും അദ്ദേഹം വാഗ്ദത്ത മഹ്ദിയും മസീഹും എന്ന നിലയിൽ മനുഷ്യകുലത്തെ ഇസ്ലാമിന്റെ സത്യ സമ്പൂർണവും സമാധാന പരവുമായ അദ്ധ്യാപനങ്ങളിലേക്ക് മുസ്ലിംകളെ പ്രത്യാനയിക്കുമെന്നും നബി തിരുമേനി (സ) പ്രവചിച്ചിട്ടുണ്ട്.

നബി (സ) യുടെ പ്രവചന പ്രകാരം വാഗ്ദത്ത മസീഹ് നമ്മെ പ്രബുദ്ധരാക്കുകയും ഇസ്ലാമിന്റെ യഥാർഥവും സമാധാന പൂർണവുമായ അദ്ധ്യാപനങ്ങളിലേക്ക് തിരിച്ചുകൊണ്ട് പോകുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഞങ്ങൾ അഹ്മദി മുസ്ലിംകൾ അക്രമങ്ങളും അസ്വസ്ഥതയും സൃഷ്ടിക്കുകയും അവയിൽ പങ്കെടുക്കുകയും ചെയ്യുന്നില്ല. ഞങ്ങൾ ലോകത്ത് സമാധാനം പുലരണമെന്ന് കാംക്ഷിക്കുന്നവരാണ്. ഞങ്ങൾ ലോകത്തിന് രോഗശാന്തി തേടുന്നവരാണ്. ഞങ്ങൾ മനുഷ്യകുലത്തെ ഒന്നിപ്പിക്കാൻ ശ്രമിക്കുന്നവരാണ്. എല്ലാ വിദ്വേഷങ്ങളും ശത്രുതയും സ്നേഹവും സൗഹൃദവുമാക്കി മാറ്റാൻ യത്നിക്കുന്നവരാണ്. തീർച്ചയായും ഞങ്ങൾ ലോക സമാധാന സംസ്ഥാപനത്തിനായി സമർപ്പിതരുമാണ്. മതനേതാവെന്ന നിലയിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നത് മറ്റുള്ളവരെ കുറ്റപ്പെടുത്തുകയും പ്രകോപിക്കുകയും ചെയ്യുന്നതിന് പകരം സത്യസന്ധവും ദീർഘകാലം നിലനിൽക്കുന്നതുമായ ലോക സമാധാനം ഉണ്ടാക്കുവാനാണ് നാം ശ്രമിക്കേണ്ടത് എന്നാണ്.

ഇക്കാര്യത്തിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ സ്ഥാപകർ മർമ പ്രധാനമായ ഒരു തത്ത്വം ഞങ്ങളെ അറിയിച്ചിരിക്കുന്നു. മനുഷ്യർ തങ്ങളുടെ പരമാവധി കഴിവുകൾ ഉപയോഗിച്ച് ദൈവിക ഗുണങ്ങൾ ആർജിക്കേണ്ടത് ലോകത്ത് സമാധാന സ്ഥാപനത്തിന് അനിവാര്യമാണ് എന്നതാണ് ആ തത്ത്വം. മനുഷ്യ കുലത്തിന്റെ തുടർച്ചയായ ക്ഷേമം ഉറപ്പു വരുത്തുവാൻ ഇതാണ് വഴിയെന്ന് അദ്ദേഹം പറയുകയുണ്ടായി. യഥർഥത്തിൽ മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ ക്ഷേമവും അഭിവൃദ്ധിയും ആ സർവ ശക്തനായ ദൈവത്തിന്റെ ഗുണവൈവിധ്യങ്ങളുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കയാണെന്നും അദ്ദേഹം പറഞ്ഞു. ദൈവിക ഗുണങ്ങൾ ആർജിക്കുന്നത് മുഖേനയാണ് എല്ലാ രുപത്തിലുള്ള സമാധാനവും ഉത്ഭവിക്കുന്നത്.

ഇത് വിശുദ്ധ ഖുർആന്റെ പ്രഥമ വചനത്തിൽ തന്നെ പ്രതിഫലിക്കുന്നു. അതിൽ പറയുന്നത് അല്ലാഹു സർവലോകങ്ങളുടെയും നാഥനാണെന്നാണ്. ഇതിന്റെ അർഥം അവനാണ് സൃഷ്ടിക്കുന്നവനും നിലനിർത്തുന്നവനും എന്നാണ്. എല്ലാ ഓരോ വ്യക്തിയുടെയും എല്ലാ രൂപത്തിലുള്ള സൃഷ്ടിയുടേയും യജമാനൻ അവനാണ്. മുസ്ലിംകളുടെ മാത്രം നാഥനല്ല. ക്രിസ്ത്യാനികളുടെയും ജൂതരുടേയും ഹിന്ദുക്കളുടേയും നാഥനാണ്. എല്ലാ ജനങ്ങളുടേയും യഥാർഥ നാഥൻ അവനാണ്. ദൈവത്തിന് അവന്റെ സൃഷ്ടികളോടുള്ള സ്നേഹവും ഔദാര്യവും താരതമ്യമില്ലാത്തതാണ്. അവൻ കരുണാകരനും കാരുണ്യവാനുമാണ്. അവനാ

ണ് എല്ലാ സമാധാനത്തിന്റെയും ഉറവിടം. അങ്ങനെ ഇസ്‌ലാം ദൈവിക ഗുണങ്ങൾ സ്വാംശീകരിക്കാൻ യത്നിക്കണമെന്ന് മുസ്‌ലിമിനെ പഠിപ്പിക്കുന്നു. അതിനാൽ ഒരു യഥാർഥ മുസ്‌ലിമിന് മറ്റുള്ളവരോട് ദ്രോഹം ചെയ്യുന്നത് അസാദ്ധ്യമായി തീരുന്നു. അതിലുപരി ഒരു യഥാർഥ മുസ്‌ലിമിന്റെ വിശ്വാസം മനുഷ്യകുലത്തെ സ്നേഹിക്കാൻ അവനെ നിർബന്ധിക്കുന്നു. മറ്റുള്ളവരോട് ബഹുമാനത്തോടും കാരുണ്യത്തോടും സഹതാപത്തോടും പെരുമാറണമെന്ന് നിർബന്ധിക്കുന്നു.



ഇസ്‌ലാം സമാധാനത്തിന്റെ മതമാണെങ്കിൽ പിന്നെ എന്തുകൊണ്ടാണ് ഖുർആൻ യുദ്ധം ചെയ്യാൻ അനുമതി നൽകിയതെന്ന് പലപ്പോഴും ചോദിക്കപ്പെടാറുണ്ട്. ആ അനുമതി അതിന്റെ ശരിയായ സന്ദർഭത്തിലാണ് നൽകപ്പെടുന്നത്. ഞാൻ ഇപ്പോൾ വിവരിച്ച ധാർമിക ഗുണങ്ങളുടെ വെളിച്ചത്തിൽ സമാധാനം നിലനിർത്താൻ വേണ്ടി മാത്രമാണ് യുദ്ധം ചെയ്യാൻ ഇസ്‌ലാം അനുമതി നൽകിയത്. സമാധാനം എന്നത് അതിപ്രധാനമുള്ളതും മൂല്യവത്തുമായ കാര്യമാണ്. ചില കാര്യത്തിൽ ശിക്ഷ അല്ലെങ്കിൽ താക്കീത് എന്നിവയായിരിക്കും ദീർഘകാല സമാധാനം ഉറപ്പ് വരുത്താൻ ആവശ്യമായിട്ടുള്ളത്. സർവ ശക്തനായ അല്ലാഹു യുദ്ധം ചെയ്യാൻ അനുമതി നൽകിയത് സമാധാനം പുനസ്ഥാപിക്കാൻ വേണ്ടിയാണ്. യുദ്ധം ഒരു പ്രതിരോധം എന്ന നിലക്ക് മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നും നാം ഓർക്കണം. ചില ഗ്രൂപ്പുകളും വ്യക്തികളും ഹിംസയും ക്രൂരതയും വിശുദ്ധ ഖുർആനും നബി(സ) തിരുമേനിയുമായും ബന്ധപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ട്. അങ്ങേയറ്റത്തെ അന്യായമാണിത്. നാം വിശുദ്ധ ഖുർആനും നബി (സ) തിരുമേനിയുടെ ജീവിതവും നിഷ്പക്ഷമായ നിലയിൽ പഠിക്കാൻ ശ്രമിക്കുകയാണെങ്കിൽ ഇസ്‌ലാം എല്ലാ വിധത്തിലും തീവ്രവാദത്തിനും രക്തചൊരിച്ചിലിനും എതിരാണ് എന്ന് കാണാൻ കഴിയും. സമയ പരിമിതി കാരണം എനിക്ക് വിശദമായി സംസാരിക്കാൻ കഴിയില്ല. എങ്കിലും ഞാൻ അടിസ്ഥാനപരമായ ഇസ്‌ലാമികാദ്ധ്യാപനങ്ങൾ സൂചിപ്പിക്കാം. ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്ന് സംശയാതീതമായി തെളിഞ്ഞിരിക്കുന്നു. ഞാനിപ്പോൾ പറഞ്ഞ പ്രകാരം ഇസ്‌ലാമിനെതിരിൽ ഉന്നയിക്കപ്പെടുന്ന അടിസ്ഥാന രഹിതവും പൊതുവായതുമായ ഒരാരോപണം അത് തീവ്രവാദത്തേയും യുദ്ധത്തേയും പ്രോത്സാഹിപ്പിക്കുന്നു എന്നതാണ്. എന്നാൽ ഇത്രത്തോളം സത്യത്തിൽ നിന്നും വിദൂരസ്ഥമായ മറ്റൊരാരോപണമില്ല. വിശുദ്ധ ഖുർആൻ രണ്ടാം അദ്ധ്യായം 191 ാം സൂക്തത്തിൽ അല്ലാഹു ആജ്ഞാപിച്ചിരിക്കുന്നു. യുദ്ധം പ്രതിരോധം എന്ന നിലയിലേ ന്യായീകരിക്കപ്പെടുകയുള്ളൂ. ഇക്കാര്യം അദ്ധ്യായം 22 സൂക്തം 40 ലും ആവർത്തിച്ചു ദൃഢമായി പറയുന്നു. അക്രമിക്കപ്പെട്ടവർക്കും യുദ്ധം അടിച്ചേൽപ്പിക്കപ്പെട്ടവർക്കും മാത്രമാണ് യുദ്ധം ചെയ്യാൻ അനുമതിയുള്ളത്. മുസ്‌ലിം ഭരണകൂടങ്ങൾക്ക് യുദ്ധം ചെയ്യാൻ അല്ലാഹു അനുമതി നൽകിയത് മതസ്വാതന്ത്ര്യവും വിശ്വാസ സ്വാതന്ത്ര്യവും ഉറപ്പിക്കാനാണ്. അപ്രകാരം അദ്ധ്യായം 2 ൽ 194 ാം സൂക്തത്തിൽ മുസ്‌ലിംകൾ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നത് മതസ്വാതന്ത്ര്യം അനുവദിക്കുന്ന നാടുമായി യുദ്ധത്തിലേർപ്പെടാൻ പാടില്ല എന്നാണ്.

അതുകൊണ്ട് ഒരു മുസ്‌ലിം രാജ്യത്തിനോ ഗ്രൂപ്പിനോ വ്യക്തിക്കോ ഒരു വിധത്തിലുള്ള ഹിംസയോ യുദ്ധമോ നിയമരാഹിത്യമോ സ്റ്റേറ്റിനെതിരെയോ അല്ലെങ്കിൽ ജനങ്ങൾക്കെതിരിലോ നടത്താൻ അവകാശമില്ല. വളരെ ലളിതമായി പറഞ്ഞാൽ യൂറോപ്പിലും പാശ്ചാത്യ രാജ്യങ്ങളിലും സെക്കുലർ ഗവൺമെന്റുകളാണുള്ളത്. അതുകൊണ്ട് അത്തരം രാജ്യങ്ങളിൽ അവിടുത്തെ നിയമം ലംഘിക്കാൻ ഒരു മുസ്‌ലിമിനും ഒരിക്കലും അവകാശമില്ല. അക്രമപരമായി സർക്കാരിനെ എതിർക്കാനോ വിപ്ലവമോ സായുധ കലാപമോ ഉണ്ടാക്കാൻ ദുഷ് പ്രേരണ നടത്താനോ പാടില്ല. ഇസ്‌ലാമിന്റെ യഥാർഥ അദ്ധ്യാപന മനുസരിച്ച് ഒരു വ്യക്തി തനിക്ക് മുസ്‌ലിം രാജ്യത്ത് ശരിയായ മതസ്വാതന്ത്ര്യമില്ലെന്ന് വിചാരിക്കുകയാണെങ്കിൽ കലഹത്തിലേക്കോ നിയമ വിരുദ്ധ പ്രവർത്തിയിലേക്കോ പോകാൻ പാടില്ല. അയാൾ ആ രാജ്യം വിട്ടുപോകുകയോ കൂടുതൽ അനുകൂലാവസ്ഥയുള്ളിടത്തേക്ക് പലായനം ചെയ്യുകയോ ആണ് വേണ്ടത്

വിശുദ്ധ ഖുർആനിലെ 16 ാം അദ്ധ്യായം 127ാം സൂക്തത്തിൽ പറഞ്ഞിരിക്കുന്നത് മുസ്‌ലിം ഗവൺമെന്റുകൾ അക്രമിക്കപ്പെടുകയാണെങ്കിൽ അവർ ആനുപാതി

കമായി മാത്രം പ്രതിരോധിക്കാമെന്നാണ്. അതായത് പ്രതിരോധം എന്ന നിലയിൽ മാത്രം.ചെയ്ത കുറ്റത്തിൽ പരിമിതമായും ആനുപാതികവുമായുമുള്ള ശിക്ഷ നൽകാവൂന്നതാണ്. വിശുദ്ധ ഖുർആൻ 8-ാ ം അദ്ധ്യായം 62-ാം സൂക്തത്തിൽ പറയുന്നത്. നിങ്ങളുടെ ശത്രുക്കൾക്ക് ദുരുദ്ദേശവും അക്രമിക്കാനുള്ള പദ്ധതികളും ഉണ്ടെങ്കിലും അതിന് ശേഷം അവർ പിൻവാങ്ങുകയോ അനുരഞ്ജനത്തിന് തയ്യാറാവുകയോ ആണെങ്കിൽ നിങ്ങൾ ഉടനെ അത് സ്വീകരിക്കുകയും സമാധാനപരമായ തീരുമാനം കൈകൊള്ളുകയും വേണം. അവരുടെ ഉദ്ദേശം എന്തുതന്നെയായാലും ശരി.

ഈ ഖുർആനികാദ്ധ്യാപനം അന്തർ ദേശീയ സമാധാനവും സുരക്ഷയും നിലനിർത്താനുള്ള ഒരു സുപ്രധാന തത്ത്വമാണ്. ആധുനിക ലോകത്ത് അപര രാജ്യങ്ങൾ തങ്ങളെ അക്രമിക്കുമെന്നു മുൻകൂട്ടി കണക്കാക്കി വളരെ അക്രമാസക്തമായ നയങ്ങൾ കൈകൊള്ളുന്ന രാജ്യങ്ങളുണ്ട് എന്നതിന് ധാരാളം ഉദാഹരണങ്ങൾ ഉണ്ട്. അവർ നമ്മെ നശിപ്പിക്കുന്നതിന് മുമ്പ് നാം അവരെ നശിപ്പിക്കണം എന്ന തത്ത്വം പ്രയോഗവത്ക്കരിക്കുകയാണെന്ന് തോന്നുന്നു.

സമാധാനത്തിനുള്ള ഒരു അവസരവും പഴാക്കരുത് എന്നാണ് ഇസ്ലാമും പഠിപ്പിക്കുന്നത്. ആശയുടെ നേരിയ കിരണങ്ങൾ കണ്ടാൽ പോലും പരിശ്രമിച്ച് അത് സുസ്ഥാപിതമാക്കണം. 5-ാം അദ്ധ്യായം 9-ാം വചനത്തിൽ അല്ലാഹു പ്രഖ്യാപിച്ചിരിക്കുന്നത് ഒരു രാജ്യത്തോടോ ജനതയോടോ ഉള്ള ശത്രുത കാരണം അവരോട് ന്യായത്തോടും നീതിയോടുമല്ലാതെ പെരുമാററുത് എന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. എത്ര വിഷമം പിടിച്ച സാഹചര്യത്തിലും നിങ്ങൾ നീതിയുടേയും സത്യത്തിന്റേയും തത്ത്വങ്ങളിൽ ഉറച്ചു നിൽക്കണം എന്നതാണ്. യുദ്ധാവസ്ഥയിലായാലും നീതിക്കും ന്യായത്തിനും അങ്ങേയറ്റം പ്രാധാന്യം നൽകണം എന്നാണ് . യുദ്ധം അവസാനിച്ചാൽ ജേതാവ് നീതി പാലിക്കണം. ഒരിക്കലും പരാജിതനോട് ക്രൂരത കാണിക്കരുത്

എന്നാൽ ആധുനിക ലോകത്ത് ഇത്തരത്തിലുള്ള ഉന്നതമായ ധാർമികതയും സത്യസന്ധതയും നമുക്ക് കാണാൻ സാദ്ധ്യമല്ല. മറിച്ച് ഒരു യുദ്ധം അവസാനിച്ചാൽ പരാജിതരായ രാജ്യത്തിന്റെ പുരോഗതിക്ക് തടസ്സമാകുന്ന വിധം ഉപരോധങ്ങൾ ഏർപ്പെടുത്തുന്നു. ആ രാജ്യങ്ങൾ സ്വാതന്ത്ര്യം നേടുന്നതിന് തടസ്സമായി നിൽക്കുന്ന അത്തരം നയങ്ങൾ അന്തർ ദേശീയ ബന്ധങ്ങളെയും ബാധിക്കുന്നു. അത് പരാജിതരിൽ മോഹഭംഗമുണ്ടാക്കുകയും മോശമായ പ്രതികരണം സൃഷ്ടിക്കുകയും ചെയ്യുന്നു.

സമൂഹത്തിന്റെ ഓരോ തലത്തിലും നീതിയുണ്ടാവുന്നത് വരെ ഒരിക്കലും സമാധാനം നിലനിർത്താൻ സാധിക്കില്ലെന്നാണ് സത്യം. ഇസ്ലാമിന്റെ മറ്റൊരു സുപ്രധാന അധ്യാപനം വിശുദ്ധ ഖുർആൻ അദ്ധ്യായം 8 സൂക്തം 68 ൽ നാം കാണുന്നത് യുദ്ധതടവുകാരെ യുദ്ധം നടക്കുന്ന രാജ്യത്തിന് വെളിയിൽ കൊണ്ടു പോകരുതെന്നാണ്. അതിനാൽ തീവ്രവാദി സംഘടനകളെ കാരണമില്ലാതെ തടവിലാക്കുന്നത് വിശുദ്ധ ഖുർ ആന്റെ അദ്ധ്യാപനങ്ങൾക്ക് തികച്ചും വിരുദ്ധമാണ്. വാർത്തകൾ കാണിക്കുന്നത് പ്രകാരം അവർ തടവുകാരെ അന്യരാജ്യങ്ങളിൽ കൊണ്ടു പോകുക മാത്രമല്ല അവരോട് അങ്ങേയറ്റം പൈശാചികമായ ക്രൂരത കാണിക്കുകയും ചെയ്യുന്നു. ഈ ഭീകര ഗ്രൂപ്പുകളെ അങ്ങേയറ്റം ശക്തമായ ഭാഷയിൽ അപലപിക്കാനേ സാദ്ധ്യമാകൂ. നേരെ മറിച്ച് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത് തടവുകാരെ ന്യായമായ ആവശ്യത്തിന് വേണ്ടി പിടിച്ചാലും അവരോട് സൗമനസ്യം കാണിക്കണമെന്നാണ്. സാധ്യമായേടത്തോളം അവരെ മോചിപ്പിക്കുകയും ചെയ്യണം എന്നാണ്. സമാധാന സംരക്ഷണ ത്തിനുള്ള ഒരു സുവർണ തത്ത്വം വിശുദ്ധ ഖുർആനിലെ അദ്ധ്യായം 49 ൽ 10 ാം വചനത്തിലടങ്ങിയിരിക്കുന്നു. രാഷ്ട്രങ്ങളും ഗ്രൂപ്പുകളും തമ്മിൽ എന്തെങ്കിലും തർക്കങ്ങളുണ്ടായാൽ മൂന്നാം കക്ഷി മദ്ധ്യസ്ഥം വഹിക്കണം. എന്നിട്ട് അവർ തമ്മിൽ സമാധാനപരമായ നിലയിൽ പ്രശ്നങ്ങൾ പരിഹരിക്കണം.

ഒത്തു തീർപ്പായ ശേഷം ഏതെങ്കിലും ഒരു കക്ഷി അന്യായമായ നിലയിൽ മറുകക്ഷിയെ പിടിച്ചടക്കാൻ ശ്രമിക്കുകയും കരാർ ലംഘിക്കുകയും ചെയ്താൽ മറ്റു രാജ്യങ്ങളെല്ലാം ഒത്തു ചേർന്ന് വേണ്ടി വന്നാൽ ബലം പ്രയോഗിച്ചും അക്രമത്തെ തടുക്കണം. എന്നാൽ അക്രമി പിൻവാങ്ങിയാൽ അവരെ അപമാനിക്കുകയോ അന്യായമായി നിബന്ധനകൾ ഏർപ്പെടുത്തുകയോ ചെയ്യരുത്. മറിച്ച് അവരെ സ്വതന്ത്രരാക്കി ഒരു രാഷ്ട്രമായും സമൂഹമായും മുന്നോട്ട് ഗമിക്കാൻ അനുവദിക്കണം. ആധുനിക ലോകത്ത് ഈ തത്ത്വത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. പ്രത്യേകിച്ചും വൻ ശക്തികൾക്കും യുഎൻ പോലെയുള്ള സംഘടനകൾക്കും. ലോക സമാധാന സ്ഥാപനത്തിനായി സാർവ ലൗകികമായ മതസ്വാതന്ത്ര്യം ഉറപ്പു വരുത്തിക്കൊണ്ട് ഒരു ഗൗരവമായ തത്ത്വം വിശുദ്ധ ഖുർആൻ അദ്ധ്യായം 22 സൂക്തം 41 ൽ കാണാം. യുദ്ധത്തിനുള്ള അനുമതി നൽകപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ പള്ളികളും ക്ഷേത്രങ്ങളും ജൂത പള്ളികളും കൂടാതെ മറ്റെല്ലാ മതക്കാരുടെയും ആരാധനാലയങ്ങളും അപകടത്തിലാകും. അപ്രകാരം സർവ ശക്തനായ അല്ലാഹു ബലപ്രയോഗത്തിന് അനുമതി നൽകിയിരിക്കുന്നത് ഇസ്ലാമിനെ മാത്രം രക്ഷിക്കാനല്ല, എല്ലാ മതങ്ങളെ തന്നെയും രക്ഷിക്കാനാണ്.

സത്യത്തിൽ ഇസ്ലാം എല്ലാ മതങ്ങൾക്കും സ്വാതന്ത്ര്യവും

സംരക്ഷണവും ഉറപ്പു വരുത്തുന്നു. ഓരോ വ്യക്തിയും തിരഞ്ഞെടുക്കുന്ന പാതയും വിശ്വാസവുമനുസരിച്ച് നടക്കാനുള്ള സ്വാതന്ത്ര്യം ഇസ്‌ലാം സംരക്ഷിക്കുന്നു. ഞാൻ നിങ്ങളുടെ മുമ്പാകെ വിശുദ്ധ ഖുർആൻ വിവരിച്ച ചില കാര്യങ്ങൾ എല്ലാ നിരയിലുള്ള സമൂഹങ്ങൾക്കും ലോകത്തെല്ലായിടത്തും ഐക്യം പരിപോഷിപ്പിക്കാനുള്ള വഴിയാണ്. സമാധാന സംസ്ഥാപനത്തിന് ഇസ്‌ലാം ലോക ജനതക്ക് കൈമാറിയ സുവർണ താക്കോലുകളാണിവ. വിശുദ്ധ നബി (സ) തിരുമേനിയും അദ്ദേഹത്തിന്റെ യഥാർഥ അനുചരന്മാരും പിന്തുടരുന്ന അദ്ധ്യാപനങ്ങളാണിവ. ഞാൻ ഉപസംഹരിക്കട്ടെ. ലോകത്തിന് ഇന്ന് സമാധാനവും സുരക്ഷയും ആവശ്യമാണ്. ഇതാണ് നമ്മുടെ കാലഘട്ടത്തിന്റെ അടിയന്തിരമായ പ്രശ്നം.

എല്ലാ രാഷ്ട്രങ്ങളും എല്ലാ ജനതയും കൂടുതൽ നന്മക്കായി ഒത്തുചേരണം. എന്നിട്ട് ക്രൂരതയുടെ എല്ലാ രൂപങ്ങളും ഇല്ലാതാക്കാൻ ഐക്യത്തോടെ പരിശ്രമിക്കണം. മതത്തിന്റെ പേരിലോ അല്ലാതെയോ ഉള്ള പീഡനങ്ങളും അന്യായവും അവസാനിപ്പിക്കണം. ആശാഭംഗത്തെയും നീരസത്തെയും ഉദ്ദീപിപ്പിക്കുന്ന പരിഹാസവും ഇതിൽ ഉൾപ്പെടുന്നു. അതു കൂടാതെ തീവ്രവാദ ഗ്രൂപ്പുകളുടെ വെറുപ്പുളവാക്കുന്ന പ്രവർത്തനങ്ങളും ഇതിൽപ്പെടുന്നു. ഈ ഗ്രൂപ്പുകൾ മതത്തിന്റെ പേരിൽ നടത്തുന്ന തങ്ങളുടെ ദുഷ്ക്കർമങ്ങൾ വ്യാജമായി ന്യായീകരിക്കുകയാണ്.

കൂടുതലായി നമ്മൾ എല്ലാ രാഷ്ട്രങ്ങളോടും ആത്മാർഥത കാണിക്കണം. അവരെ സഹായിക്കുകയും വേണം. അതുവഴി ഓരോ രാജ്യവും അഭിവൃദ്ധിപ്പെടുകയും തങ്ങളുടെ പ്രബലത തിരിച്ചറിയുകയും ചെയ്യണം. അസൂയയും മത്സരങ്ങളും കാണപ്പെടുന്നത് ധനത്തിന് വേണ്ടിയുള്ള ഭ്രാന്തമായ ദാഹത്തിന്റെ ഫലമാണ്.

ശേഷം പേജ് 41ൽ

# സി.പി. ആലിക്കുട്ടി മൗലവി സാഹിബ്



പഴയങ്ങാടി ജമാഅത്ത് അംഗവും കേരള അഹ്മദിയ്യാ ജമാഅത്തിലെ ഏറ്റവും മുതിർന്ന വ്യക്തിയുമായ സി.പി. ആലിക്കുട്ടി മൗലവി സാഹിബ് കഴിഞ്ഞ മാസം 6-ാം തീയതി ഇഹലോകവാസം വെടിഞ്ഞു. (ഇന്നാലില്ലാഹി) മരണ സമയത്ത് പരേതന് 101 വയസ്സ് പ്രായമുണ്ടായിരുന്നു. 35 വർഷം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മിഷണറിയായി പ്രവർത്തിച്ച മാന്യദേഹം ഏറനാട്ടിലെ ആദ്യത്തെ അഹ്മദി കൂടിയാണ്. 1915ൽ മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിലെ മുത്തന്നൂർ എന്ന സ്ഥലത്താണ് മൗലവി സാഹിബ് ജനിച്ചത്. 1933 കാലത്ത് മദ്രസയിൽ തന്റെ സീനിയറായി പഠിച്ചിരുന്ന കൊടിയത്തൂരിലെ മംഗലശ്ശേരി അബൂബക്കർ മൗലവി സാഹിബ് മുഖേനയാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ കുറിച്ച് ആദ്യമായി അറിയുന്നത്. തുടർന്ന് കോഴിക്കോട് ദാറുസ്സലാമിൽ വരികയും ജമാഅത്തിനെകുറിച്ച് കൂടുതൽ പഠിക്കുകയും ചെയ്തു. ഏതാണ്ട് ആ കാലം മുതൽക്കേ ജമാഅത്തിന്റെ അനുഭാവി ആയിരുന്നെങ്കിലും രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം 1945ൽ അദ്ദേഹം കോഴിക്കോട് ദാറുസ്സലാമിൽ വെച്ച് മൗലാനാ അബ്ദുല്ലാഹ് സാഹിബിന്റെ സാന്നിദ്ധ്യത്തിലാണ് ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചത്.

1948ൽ പരേതന് കറാച്ചിയിൽ പോകാനും അവിടെ വെച്ച് ഖലീഫത്തുൽ മസീഹ് സാനിയുടെ തിരുകരങ്ങളിൽ ബൈഅത്ത് ചെയ്യാനുള്ള ഭാഗ്യവും ലഭിച്ചു. 1949ലാണ് ആലിക്കുട്ടി മൗലവി സാഹിബിന്റെ വിവാഹം നടന്നത്. പഴയങ്ങാടിയിലെ സി. അബ്ദുറഹീം സാഹിബിന്റെ മകൾ ചെറിയങ്കീരകത്ത് ഫാത്തിമ സാഹിബയാണ് ഭാര്യ. പിന്നീട് കുറേ വർഷം പഴയങ്ങാടി ജമാഅത്തിലെ മദ്രസ്സാ അധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1986 സെപ്തംബറിൽ ലണ്ടനിൽ ചെന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റ) യെ സന്ദർശിക്കാനും വന്ദ്യനായ പരേതന് ഭാഗ്യം ലഭിച്ചിരുന്നു.

സി.പി.മൊയ്തീൻകുട്ടി മുല്ല സാഹിബിന്റെയും ആച്ചുക്കുട്ടി ഉമ്മയുടെയും ഏഴ് മക്കളിൽ ആറാമനാണ് മൗലവി സി.പി. ആലിക്കുട്ടി സാഹിബ്. അതീവ ഭക്തനായിരുന്ന സ്വപിതാവ് തന്നെയായിരുന്നു മൗലവി സാഹിബിന്റെ ആദ്യ ഉസ്താദ്. 1952ൽ അദ്ദേഹം മൗലവി സാഹിബ് മുഖാന്തരം രഹസ്യമായി ബൈഅത്ത് ചെയ്തിരുന്നു. 1954 ലാണ് മൗലവി സാഹിബിന്റെ പിതാവ് ചരമമടഞ്ഞത്. അദ്ദേഹം അഹ്മദി ആയ കാരണത്താൽ സുന്നി ജമാഅത്ത് പള്ളി അധികൃതർ അദ്ദേഹത്തിന്റെ മയ്യത്ത് മറവു ചെയ്തിരുന്നില്ല. ജനാസ നാലു ദിവസം വീട്ടിൽ കിടന്ന് ജീർണിച്ചപ്പോൾ മൗലവി സാഹിബിന്റെ സഹോദരൻ സി.പി. അഹ്മദ് കുട്ടിയാക്ക നൽകിയ പരാതിയെ തുടർന്ന് പോലീസ് അകമ്പടിയോടെയാണ് ജനാസ പള്ളി കബർസ്ഥാനിൽ മറവ് ചെയ്തത്. പ്രമാദമായ മുത്തന്നൂർ പള്ളി കേസ് അരങ്ങേറിയത് ഇതുമായി ബന്ധപ്പെട്ടാണ്.

ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ച കാലം മുതൽക്കേ സി.പി. ആലിക്കുട്ടി മൗലവി സാഹിബ് തബ്‌ലീഗ് രംഗത്ത് അതീവ തൽപരനായിരുന്നു. അദ്ദേഹത്തിന്റെ തബ്‌ലീഗിന്റെ ഫലമായി അഹ്മദിയ്യത്ത് സ്വീകരിച്ചവർ നിരവധിയാണ്. ചേകന്നൂർ മൗലവിയുമായി അഹ്മദിയ്യത്തിനെ പ്രതിനിധീകരിച്ച് ആലിക്കുട്ടി മൗലവി സാഹിബ് കത്തിടപാടിലൂടെ വാദപ്രതിവാദത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ വാദപ്രതിവാദം പിന്നീട് പുസ്തക രൂപത്തിൽ ജമാഅത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് കൂടാതെ വേറെയും ചില പുസ്തകങ്ങൾ മൗലവി സാഹിബിന്റെ രചനയിലൂടെ പുറത്ത് വന്നിട്ടുണ്ട്. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

അഹ്മദലി, അസ്ക്കറലി, ഖുദ്സിയ, ശൗക്കത്തലി, അമത്തുസ്സലാം, മുഹമ്മദലി, മൻസൂറ, റഹീമ എന്നിവർ മക്കളാണ്. റംലത്ത്, റഫീഖ, ഹബീബ് മാഹി, താഹിറ, അബ്ദുൽ ബഷീർ തലശ്ശേരി, അബ്ദുൽ ജലീൽ മടിക്കേരി, ജമാലുദ്ദീൻ (എൽ.ഐ.സി) എന്നിവർ മരുമക്കളും.

- മുഈൻ, പഴയങ്ങാടി

# ജനറൽ സിയാഉൽ ഹഖിന്റെ പതനം: വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ

അഹ്മദിയ്യാ ജമാഅത്തിനെതിരെ അറ്റമില്ലാത്ത ഭീകര പീഡനങ്ങൾക്കും മർദനങ്ങൾക്കും നേതൃത്വം നൽകിയ സ്വേച്ഛാധിപതിയായിരുന്നു പാകിസ്താൻ പട്ടാള മേധാവി ജനറൽ സിയാഉൽ ഹഖ്. എല്ലാ വാതായനങ്ങളുമടഞ്ഞപ്പോൾ അഹ്മദിയ്യാ ഖലീഫ ഉള്ളുരുകി നടത്തിയ മുബാഹല പ്രാർത്ഥനയിലൂടെ ഈ പ്രശ്നം ഒരു ഖുത്ബയിൽ അല്ലാഹുവിന്റെ മുന്നിൽ സമർപ്പിച്ചു. ഈ കിരാത പ്രവർത്തിയിൽ നിന്നും പിൻവാങ്ങാൻ സിയാഉൽ ഹഖിനോട് പരസ്യമായി അഭ്യർഥിക്കുകയും അല്ലാത്ത പക്ഷം ദൈവിക ശിക്ഷയിൽ ധൂളിക്കപ്പെട്ട് പോകുമെന്ന് താക്കീത് ചെയ്യുകയും ചെയ്തു. അധിക സമയം കഴിഞ്ഞില്ല സിയാ ഉൽ ഹഖ് ആകാശത്ത് വെച്ച് ദഹിപ്പിക്കപ്പെടുകയും ധൂളികളായി ഭൂമിയിൽ വിതറപ്പെടുകയും ചെയ്തു. ആത്മീയ മാനങ്ങളുള്ള ആ അത്ഭുത ദൃഷ്ടാന്തത്തിന്റെ വിവരണമാണ് ഈ ലേഖനം

മുഹമ്മദ് ഉമർ എച്ച്. എ

അല്ലാഹു തന്നെ തിരിച്ചറിയുകയും അവനെ ആരാധിക്കുകയും അവനുമായി സജീവ ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നതിനുമായി ഓരോ കാലഘട്ടത്തിലും തന്റെ ദൂതന്മാരെ ലോകത്ത് അയച്ചുകൊണ്ടിരിക്കും. മനുഷ്യ വംശത്തിന് ദൈവസംപ്രാപ്തിക്കായി ഏറ്റവും പരിപൂർണമായ അദ്ധ്യാപനങ്ങളുമായി ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)യെ അല്ലാഹു അയച്ചു. അവസാന കാലം ആഗതമായാൽ വിശുദ്ധ ഖുർആന്റെ ലിപിയും ഇസ്‌ലാമിൽ അതിന്റെ പേരും മാത്രം അവശേഷിക്കുന്നതാണെന്നും ഖുർആന്റെ അധ്യാപനങ്ങൾക്ക് വിരുദ്ധമായി മുസ്‌ലികൾ ജീവിതം നയിക്കുന്നതാണെന്നും അപ്പോൾ എല്ലാ മുസ്‌ലിംകളുമടക്കം ലോകത്തിനെയാകമാനം ഇസ്‌ലാമിലേക്ക് ആനയിക്കാൻ ഇമാം മഹ്ദിയെ അല്ലാഹു നിയോഗിക്കുമെന്നും തിരുനബി (സ) പ്രവചിക്കുകയുണ്ടായി.

പ്രവാചകന്മാരുടെ ആഗമനത്തിന് ശേഷം അവരുടെ ഉദ്ദേശ സാഫല്യത്തിനായി അവരുടെ വിയോഗാനന്തരം ഖിലാഫത്ത് എന്ന ആത്മീയ സ്ഥാപനം രൂപീകൃതമാവുന്നു എന്നത് ഒരു ദൈവിക പദ്ധതിയാണ്. ഖാത്തമുന്നബിയ്യീനായ റസൂൽ തിരുമേനി(സ)ക്ക് ശേഷം ഖിലാഫത്ത് നിലവിൽ വന്നു. ആ ഖിലാഫത്തിന് റസൂൽ തിരുമേനി (സ)യുടെ പ്രവചനമനുസരിച്ചു തന്നെ രൂപഭാവങ്ങളിൽ പലവിധ മാറ്റങ്ങളുമുണ്ടായി. അവസാനം അവിടുത്തെ പ്രവചനമനുസരിച്ച് അത് തിരോഭവിക്കുകയും അതിന്റെ തുടർച്ചയായി മുഹമ്മദ് നബി(സ)യുടെ പ്രവചനമനുസരിച്ച് തന്നെ നുബൂവത്ത് കൊണ്ട് അനുഗൃഹീതനായ വാഗ്ദത്ത മസീഹിന്റെ ആഗമനമുണ്ടാകുകയും മുസ്‌ലിംകൾക്ക് വിനഷ്ടമായ ആ ഖിലാഫത്ത് നുബൂവ്വത്തിന്റെ മാർഗ്ഗത്തിൽ ആദ്യകാലത്തുണ്ടായത് പോലെ പുനസ്ഥാപിക്കപ്പെടുകയുമാണുണ്ടായത്. വാഗ്ദത്ത മസീഹിന്റെ വിയോഗാനന്തരം മൗലാനാ നൂറുദ്ദീൻ (റ) മുഖേന ഖിലാഫത്തിന്നുള്ള അടിസ്ഥാനം രൂപം കൊണ്ടു. നാലാം ഖലീഫയായ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) ന്റെ ഖിലാഫത്തിന്റെ ആദ്യ ഘട്ടത്തിൽ പാകിസ്താൻ പ്രസിഡന്റ് ആയിരുന്ന ജനറൽ സിയാ ഉൽ ഹഖ് ഖാദിയാനിയത്ത് ഒരു കാൻസർ ആണെന്നും അതിനെ നശിപ്പിക്കാതെ താൻ അടങ്ങുകയില്ലെന്നും, അതിനായി തന്റെ എല്ലാ ശക്തികളും ഭരണതന്ത്രങ്ങളും ഉപയോഗിക്കുമെന്നും സിയലുൽ ഹഖ് ആക്രോശിക്കുകയുണ്ടായി. തന്റെ ഈ വാദത്തെ പ്രാവർത്തികമാക്കുന്നതിന് മുന്നോടിയായി, സിയാ ഉൽ ഹഖ് 1984 ഏപ്രിൽ 26-ാം തീയതി അഹ്മദിയ്യാ ജമാഅത്തിനെതിരായി ഒരു കരി നിയമം കൊണ്ടു വന്നു. ആ നിയമമനുസരിച്ച് ഒരു അഹ്മദി പരിശുദ്ധ കലിമ ലാ ഇലാഹാ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് എന്ന് ഉച്ചരിച്ചാലും പരസ്പരം അഹ്മദികൾ സലാം പറഞ്ഞാലും എന്തെങ്കിലും ഇസ്‌ലാമിക ചിഹ്നം ഉപയോഗിച്ചാലും മൂന്ന് വർഷം തടവും ശിക്ഷയും പിഴയും ഒടുക്കേണ്ടി വരും.

ജനറൽ സിയാ ഉൽ ഹഖ് തന്റെ അനിസ്‌ലാമികവും കിരാതവുമായ ഓർഡിനൻസ് നടപ്പാക്കിക്കൊണ്ട് പാകിസ്താനിൽ അങ്ങോളമിങ്ങോളമുള്ള ലക്ഷക്കണക്കിന് അഹ്മദികൾക്കെതിരെ ഭയാനകമായ മർദനമുറകൾ അഴിച്ചുവിട്ടു. അവരുടെ സ്വത്തുക്കൾ നശിപ്പിക്കാൻ തുടങ്ങി. പല പള്ളികളും ശഹീദായി. അഹ്മദിയ്യാ ജമാഅത്തിന്റെ തിരുനെറ്റിയിൽ കൊത്തി വെക്കുകയോ എഴുതിവെക്കുകയോ ചെയ്ത് കലിമ തയ്യിബ ടാർ അടിച്ച് മായ്ച്ച് കളഞ്ഞു. കലിമയുടെ മുദ്രണം ചെയ്ത ബാഡ്ജ് ധരിച്ചതിന്റെ പേരിൽ അഹ്മദികളെ കണ്ടമാനം ചതച്ച് അരക്കുകയും

അറസ്റ്റ് ചെയ്യുകയും തടവിലിടുകയും ചെയ്തു. ഈ മർദ്ദന മുറകൾ അസഹ്യമാം വിധം പെരുകികൊണ്ടിരുന്നപ്പോഴാണ് ഖലീഫത്തുൽ മസീഹ് നാലാമൻ 1988 ജൂൺ 10 ാം തീയതി പ്രാർത്ഥനാ സമരത്തിന് ആഹ്വാനം ചെയ്യ്തത്. ഈ ആഹ്വാനം സിയാഉൽ ഹഖോ അയാളുടെ സിൽബന്ധികളോ സ്വീകരിക്കാതെ പല ഒഴിവുകഴിവുകളും നിബന്ധനകളും വെച്ച് തിരസ്ക്കരിക്കുകയാണ് ചെയ്തത്. സത്യാസത്യ വിവേചനത്തിനുള്ള ആത്മീയ മാർഗ്ഗങ്ങൾ അക്രമികൾ സ്വീകരിക്കാറില്ലല്ലോ. എന്ന് മാത്രമല്ല പൂർവാധികം കർശനമായ നിലയിൽ അഹ്മദിയ്യ ജമാഅത്തിന്നെതിരെ സിയാ ഉൽ ഹഖ് മർദന മുറകൾ അഴിച്ച് വിടാൻ തുടങ്ങി. ഇവിടെ ഇതുമായി ബന്ധപ്പെട്ട രസകരമായ ഒരു സംഭവം വിവരിക്കുന്നത് ഉചിതമായി തോന്നുന്നു. ഒരിക്കൽ ഒരു മൗലവി സാഹിബ് ഒരു യുവാവിനേയും കൂട്ടി പോലീസ് സ്റ്റേഷനിൽ ചെന്നു. ഇവൻ ഒരു ഖാദിയാനിയാണ് ഇവൻ എന്നെ നോക്കി അസ്സലാമു അലൈക്കും എന്ന് പറഞ്ഞുവെന്ന് പറയുകയുണ്ടായി. സിയാ ഉൽ ഹഖിന്റെ ഓർഡിനൻസ് അനുസരിച്ച് മൂന്ന് വർഷം തടവ് ശിക്ഷ നൽകണമെന്നും പറഞ്ഞു. അപ്പോൾ പ്രസ്തുത പോലീസ് മേധാവി മൗലവിയോട് ചോദിച്ചു. ഇപ്പോൾ ഇയാൾ നിങ്ങൾക്ക് സലാം മാത്രമല്ലേ പറഞ്ഞിട്ടുള്ളത് നിങ്ങളേയോ നിങ്ങളുടെ മാതാപിതാക്കളേയോ ചീത്ത പറഞ്ഞില്ലല്ലോ? മൗലവി അത് കേൾക്കാൻ കൂട്ടാക്കാതെ തർക്കിച്ചു കൊണ്ടിരുന്നു. അപ്പോൾ ആ ഇൻസ്പെക്ടർ ആ യുവാവിനെ നോക്കി പറഞ്ഞു: ഇപ്പോൾ നിന്നെ വെറുതെ വിട്ടിരിക്കുന്നു. നീ ഇനിമേലാൽ മൗലവിയോട് സലാം പറയുകയാണെങ്കിൽ നിന്നെ അറസ്റ്റ് ചെയ്ത് ശിക്ഷിക്കുന്നതാണ്. എന്നാൽ നിസ്സംശയം നീ ഇയാളെയോ ഇയാളുടെ മാതാപിതാക്കളേയോ ചീത്തപറയുകയാണെങ്കിൽ നിനക്കെതിരിൽ ഒരു നടപടിയും എടുക്കുന്നതല്ല.

ഇനി നമുക്ക് വിഷയത്തിലേക്ക് കടക്കാം. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമന്റെ മുബാഹല ആഹ്വാനത്തെ നിഷേധിച്ചതിന് ശേഷം സിയാ ഉൽ ഹഖ് അഹ്മദികൾക്കെതിരെ വീണ്ടും ക്രൂരമായ മർദ്ദന മുറകളും അഴിച്ചു വിട്ടു. അതോടെ ദൈവ വിധിയുടെ നാശത്തിന്റെ മുഹൂർത്തവും അയാൾക്ക് വന്നുചേർന്നു. ആ അഭിനവ ഫിർഔന് എതിരായി മലക്കുകളുടെ ഊരിയ വാളുകൾ ആകാശത്തിൽ ആയിരം പ്രഭയോടെ മിന്നിതിളങ്ങി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് 1988 ആഗസ്ത് 12-ാം തീയതി ഖുത്ബാ പ്രഭാഷണത്തിൽ ഒരു പ്രവചനമെന്നോണം ഇപ്രകാരം അരുൾ ചെയ്തു. ഈ മനുഷ്യൻ അല്ലാഹുവിന്റെ പിടിയിൽ നിന്നും ശിക്ഷയിൽ നിന്നും രക്ഷപ്പെടാൻ പോവുന്നില്ല. ഇയാൾക്ക് ലഭിക്കാൻ പോകുന്ന ദൈവിക ശിക്ഷയിൽ നിന്ന് ലോകത്തെ ഒരു ശക്തിക്കും രക്ഷപ്പെടുത്താൻ ആവുകയില്ല. ഇയാളുടെ നാമവും അടയാളം പോലും വിസ്മൃതമായി പോവുന്നതാണ്. ജമാഅത്തിന് ഒരു യജമാനൻ ഉണ്ട്. ആ യജമാനൻ ആകാശഭൂമികളുടെ യജമാനനാണ്. അവൻ ഞങ്ങളെ സഹായിക്കാനെത്തുമ്പോൾ നിങ്ങളെ സഹായിക്കാൻ ഒരു ശക്തിക്കും സാധിക്കില്ലെന്ന് അല്ലാഹുവിന്റെ പേരിൽ ആണയിട്ടു പറയുന്നു. അല്ലാഹുവിന്റെ വിധി നിങ്ങളെ ധൂളികളാക്കുമ്പോൾ നിങ്ങളുടെ നാമവും അടയാളം പോലും അവശേഷിക്കുകയില്ല. നിങ്ങളെ ലോകം എപ്പോഴും അവജ്ഞയോടെയും അപമാനത്തോടെയും കൂടിയായിരിക്കും നോക്കുക എന്ന് പ്രഖ്യാപിക്കുകയുണ്ടായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ ഈ പ്രഖ്യാപനം അഞ്ചു ദിവസങ്ങൾക്ക് ശേഷം അത്ഭുത ശോഭയോടെ അക്ഷരാർഥത്തിൽ പുലരുന്നതായാണ് പിന്നീട് ലോകം കണ്ടത്. അതായത് ആഗസ്റ്റ് 17 ാം തീയതി ജനറൽ സിയാ ഉൽ ഹഖ് തന്റെ 28 ജനറൽമാരോടൊപ്പം ആകാശ കോട്ടയെന്ന് വിശേഷിപ്പിക്കപ്പെട്ട വിമാനത്തിൽ കയറി ഉയർന്നു പൊങ്ങി. ഏതാനും നിമിഷങ്ങൾക്കകം ആകാശത്ത് പൊട്ടിത്തെറിച്ച് ചിന്നഭിന്നമായി തീർന്നു. അങ്ങനെ അയാളും പട്ടാള നായകന്മാരും ആകാശ ശൂന്യതയിൽ ധൂളിയായി പറന്നു. അയാളുടെ സ്മാരക ശിലപോലും ഭൂമിയിൽ ബാക്കിയായില്ല. ഭാഗൽപൂരിലെ കാടുകളിൽ ആകാശത്ത് വെച്ച് ദഹിപ്പിക്കപ്പെട്ട ജനറൽ സിയായുടെ ചാമ്പൽ കണങ്ങൾ ചിതറി വീണു. ഇതെങ്ങനെ സംഭവിച്ചു വെന്ന് ലോകം ഇന്നും അമ്പരക്കുകയാണ്. ഈ സംഭവം അഹ്മദിയ്യാ ഖിലാഫത്തിന് പിന്നിൽ ശക്തമായ ദൈവിക ഹസ്തം പ്രവർത്തിക്കുന്നു എന്നുള്ളതിനുള്ള അസന്ദിഗ്ധമായ തെളിവാണ്.

ഇവിടെ ഒരു കാര്യം വ്യക്തമാക്കാനാഗ്രഹിക്കുന്നു. അതായത് സിയാഉൽ ഹഖ് താൻ ഉണ്ടാക്കിയ വലയിൽ കുടുങ്ങി ഒരു ശിക്ഷയെന്നോണം കരിഞ്ഞ് ചാമ്പലായി മരണമടഞ്ഞു. അയാളുടെ ഭൗതിക ശരീരം ഛിന്നഭിന്നമാകുകയും കത്തിക്കരിയുകയും ചെയ്തു. സിയാ ഉൽ ഹഖിന്റെ ഈ ദുരന്ത സംഭവം നിത്യപ്രസക്തിയുള്ള ഒരു ദൈവിക ദൃഷ്ടാന്തമാണ്. വിശുദ്ധ ഖുർആൻ ഈ വിഷയത്തിന്റെ സാർവകാലികതയിലേക്ക് വിരൽ ചൂണ്ടികൊണ്ട് ഫിർഔൻ എന്ന ഏകാധിപതിയുടെ നാശത്തെ പറ്റി പറയുന്നുണ്ട്. ഫിർഔൻ എന്ന ക്രൂരനായ ഏകാധിപതിയുടെ നാശം വിശുദ്ധ ഖുർആന്റെ വിലപ്പെട്ട താളുകളിൽ വിവിധ രീതിയിൽ ആവർത്തിച്ചു പ്രതിപാദിക്കപ്പെട്ടത് ആയിരത്തി നാനൂറ് വർഷമായി നിരന്തരം മുസ്‌ലിംകൾ ആവർത്തിച്ചു സ്മരിച്ചു കൊണ്ടിരിക്കുന്നു. ഇതിന് കാരണം ഭാവിയിൽ ഫിർഔന്റെ ദുരന്തത്തിന് സമാനമായ സംഭവങ്ങളാവർത്തിക്കപ്പെടുമെന്നുള്ളത് കൊണ്ടാണ്. അപ്പോഴുള്ള മാർഗ്ഗദർശനമെന്നോണമാണ് ആ സംഭവം വിശുദ്ധ ഖുർആൻ ആവർത്തിച്ചു

പ്രതിപാദിക്കപ്പെടുന്നത്. സിയാഉൽ ഹഖിനെ കുറിച്ച് ഇന്ന് പാകിസ്താനിൽ പൊതുവേ പറയപ്പെടുന്നത് സിയാ ഉൽഹഖ് അഭിനവ ഫിർഔൻ എന്നാണ്.

ഇനി വിശുദ്ധ ഖുർആൻ പ്രസ്തുത വിഷയത്തെ കുറിച്ച് എന്ത് പറയുന്നു എന്ന് നോക്കാം. വിശുദ്ധ ഖുർആൻ 96 ാം അദ്ധ്യായം 10 മുതൽ 20 വരെയുള്ള ആയത്തുകളിൽ പറയുന്നു: **'അതായത് ഒരു ദാസൻ നിസ്ക്കരിക്കുമ്പോൾ അവനെ തടയുന്നവനെ നീ കാണുന്നില്ലേ? നീ ചിന്തിച്ചിട്ടുണ്ടോ? അവൻ സന്മാർഗ്ഗത്തിൽ അല്ലെങ്കിൽ സൂക്ഷ്മതപാലിക്കാൻ ഉപദേശിച്ചിട്ടുണ്ടെങ്കിലോ? നീ എനിക്ക് പറഞ്ഞു തരിക. അവൻ (ആ തടയുന്നവൻ) സത്യത്തെ നിഷേധിക്കുകയും പിന്തിരിഞ്ഞുകളയുകയും ചെയ്താൽ (അവന്റെ പര്യവസാനമെന്തായിരിക്കും?). അല്ലാഹു എല്ലാം കാണുന്നുവെന്ന കാര്യം അവൻ അറിയില്ലേ?. അങ്ങനെയല്ല (അവനുദ്ദേശിക്കുന്നത്പോലെയല്ല) അവൻ വിരമിച്ചില്ലെങ്കിൽ നിശ്ചയമായും നാം (അവന്റെ) മുൻകുടുമ ഊക്കോടെ പിടിച്ചു വലിക്കുന്നതാണ്. കള്ളം പറയുന്ന മഹാപാപിയായ മുൻകുടുമ. അതിനാൽ അവൻ തന്റെ ആലോചനാ സഭയെ വിളിച്ചുകൊള്ളട്ടെ. നരകത്തിന്റെ കാവൽക്കാരെ നാമും വിളിക്കും. അങ്ങനെയല്ല (അവൻ വിചാരിക്കുന്നത് പോലെയല്ല) നീ അവനെ അനുസരിക്കരുത് (അല്ലാഹുവിന്) സാഷ്ടാംഗ പ്രണാമം ചെയ്യുക (അവന്റെ) സാമീപ്യം പ്രാപിക്കുക യും ചെയ്യുക.' (96: 10 20)**

ഇവിടെ അഭിനവ ഫിർഔന്റെ കുതന്ത്രങ്ങളെയും ചെയ്തികളെയും വിവരിച്ചു കൊണ്ട് അയാളുടെ ദുരന്തപൂർണമായ പര്യവസാനത്തെകുറിച്ച് പ്രതിപാദിച്ചിരിക്കയാണ്. ഇത് സത്യത്തെ എതിർക്കുന്നവർക്ക് ഒരു പാഠമായി തീരുമാറാകട്ടെ. ആരംഭം തൊട്ട് അഹ്മദിയ്യാ ജമാഅത്തിനെ നശിപ്പിക്കാനുള്ള ദുരുദ്ദേശത്തോടു കൂടി അഹോരാത്രം പരിശ്രമിച്ചു കൊണ്ടിരിക്കുന്നവർക്ക് ലഭ്യമായി കൊണ്ടിരിക്കുന്ന പരാജയത്തിന് ലോകം സാക്ഷ്യം വഹിക്കുന്നു. കഴിഞ്ഞ 125 വർഷങ്ങളോളമായി 208 രാജ്യങ്ങളിൽ കോടിക്കണക്കിന് അനുയായികളുള്ള ഈ ദൈവിക പ്രസ്ഥാനത്തെ നശിപ്പിക്കുവാൻ ലോകത്തുള്ള ഒരു ശക്തിക്കും സാദ്ധ്യമല്ല. വാഗ്ദത്ത മഹ്ദി ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

*എന്നോടൊപ്പം അവസാന നിമിഷം വരെ വിശ്വസ്തത പുലർത്തുന്ന ഒരു കരം പ്രവർത്തന നിരതമാണെന്ന കാര്യം നിങ്ങൾ തീർച്ചയായും മനസ്സിലാക്കികൊള്ളുക. നിങ്ങളുടെ പുരുഷന്മാരും നിങ്ങളുടെ സ്ത്രീകളും നിങ്ങളുടെ യുവാക്കളും നിങ്ങളുടെ വയോധികരും നിങ്ങളുടെ ചെറുപ്പക്കാരും നിങ്ങളുടെ മുതിർന്നവരും എല്ലാവരും ഒന്നായി ചേർന്ന് എന്റെ നാശത്തിനായി പ്രാർത്ഥിച്ച് കൊള്ളുക. എത്രവരെയെന്നാൽ സുജൂദ് ചെയ്ത് മൂക്ക് തേഞ്ഞു പോകുകയും കൈകൾ മരവിച്ചു പോകുകയും ചെയ്താലും. അല്ലാഹു ഒരിക്കലും നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല.*

*മനുഷ്യരിൽ ഒരാളും എന്റെ കൂടെ ഇല്ലാതിരിക്കുകയും ചെയ്യുകയാണെങ്കിലും അല്ലാഹുവിന്റെ മലക്കുകൾ എന്നോടൊപ്പം ഉണ്ടായിരിക്കുന്നതാണ്......*

*അല്ലാഹുവിനോട് പോരിനിറങ്ങേണ്ട. എന്നെ നശിപ്പിക്കുക എന്നത് നിങ്ങളുടെ പണിയല്ല. (സമീമെ തൗഫ ഗോർഡവിയ്യ)*

മറ്റൊരിടത്ത് ഹദ്റത്ത് വാഗ്ദത്ത മസീഹ് പറയുന്നു: *ഇത് മനുഷ്യനിർമിതമായ ഒരു പ്രസ്ഥാനമാണെങ്കിൽ അത്തരം കള്ളവാദിയെ നശിപ്പിക്കാൻ അല്ലാഹു പോരുന്നവനാണ്. അതിന് നിങ്ങളുടെ ശ്രമങ്ങളുടേയും തന്ത്രങ്ങളുടേയും ഒരാവശ്യവുമില്ലാത്ത വണ്ണം അല്ലാഹു ഈ പ്രസ്ഥാനത്തെ നശിപ്പിക്കുന്നതാണ്.*

*എന്നാൽ എനിക്ക് ലഭിച്ച മാതിരി ദൈവിക സഹായം ഏതെങ്കിലും ഒരു കള്ളവാദിക്ക് കിട്ടിയതായി കാണിച്ചു തരുവാൻ സാധിക്കുമോ? അല്ലയോ മൗലവിമാരെ നിങ്ങൾ എന്നെ കള്ളവാദിയായി കരുതുന്നുവെങ്കിൽ നിങ്ങൾ പള്ളികളിൽ ഒരുമിച്ചു കൂടിയോ ഒറ്റയൊറ്റയായിട്ടോ എന്റെ നാശത്തിനായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. വാവിട്ടു നിലവിളിച്ചു കൊണ്ട് എന്നെ നിർമൂലം നശിപ്പിക്കാൻ പ്രാർത്ഥിക്കുവീൻ. ഞാൻ കള്ളവാദിയാണെങ്കിൽ നിശ്ചയമായും ആ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്നതാണ്. എന്നാൽ ഒന്ന് ഓർത്ത് കൊള്ളുക. നിങ്ങളുടെ നാവ് മുറിപ്പെട്ട് പോകുമാറ് പ്രാർത്ഥിച്ചു കൊണ്ടിരുന്നാലും നിങ്ങളുടെ നാസികകൾ തേഞ്ഞുരഞ്ഞു പോകുമാറ് നിങ്ങൾ സുജുദ് ചെയ്തുകൊണ്ടിരുന്നാലും കൺകുഴികൾ ചീഞ്ഞുപോകുമാറ് നിങ്ങൾ കരഞ്ഞുകൊണ്ടിരുന്നാലും കൺ പീലികൾ കൊഴിഞ്ഞു പോകുകയും കാഴ്ച്ച നഷ്ടപ്പെടുകയും ഒടുവിൽ ബുദ്ധി മന്ദീഭവിച്ച് അപസ്മാരമോ ഭ്രമതയോ ബാധിക്കുകയും ചെയ്യുമാറ് നിങ്ങൾ കരഞ്ഞും വിലപിച്ചും പ്രാർത്ഥിച്ചു കൊണ്ടിരിന്നാലും നിങ്ങളുടെ പ്രാർത്ഥന സ്വീകരിക്കപ്പെടുകയില്ല. അതെന്തായാലും ഞാൻ അല്ലാഹുവിങ്കൽ നിന്നുള്ളവനാണ്. ശത്രുക്കൾ തങ്ങളെ തന്നെ നശിപ്പിക്കുകയാണ്. ഞാൻ അവരുടെ കയ്യാൽ പറിച്ചു നീക്കപ്പെടാവുന്ന ചെടിയല്ല. അവരുടെ പൂർവികർക്കും അവരുടെ ശേഷക്കാർക്കും അവരിൽ ജീവിച്ചിരിക്കുന്നവരും മരിച്ചുപോയവരും എല്ലാം ഒന്നായി ചേർന്ന് കൊണ്ട് എന്റെ നാശത്തിന്നായി പ്രാർത്ഥിച്ചുകൊണ്ടിരുന്നാലും എന്റെ അല്ലാഹു അവരുടെ എല്ലാ പ്രാർത്ഥനകളെയും ശപങ്ങളുടെ രൂപത്തിലാക്കി അവരുടെ മുഖത്തേക്കുതന്നെ വലിച്ചെറിയും.*

*എന്ത്, ദൈവികമായ ഈ പ്രവർത്തനമെല്ലാം മനുഷ്യന് തടയാൻ കഴിയുമെന്നോ? കൊള്ളാം, സാദ്ധ്യമെങ്കിൽ തടഞ്ഞു കൊള്ളുക. നബിമാരുടെ ശത്രു*

ശേഷം പേജ് 42ൽ

കുറിപ്പുകൾ

മുസാഫിർ



# കേരളത്തിലെ കത്തുന്ന വേനൽ

കേരളം വേനൽ മഴ ലഭിക്കാതെ വരളുകയാണ്. ഇന്ത്യയിൽ വരൾച്ചയുടെ ഏറ്റവും ദാരുണവും ഭയാനകവുമായ വാർത്തകൾ വരുന്നത് മഹാരാഷ്ട്രയിൽ നിന്നാണ്. അവിടെ വിദർഭ മറാത്ത്വാഡ ജില്ലകളിൽ നിന്ന് കുടിവെള്ളം ലഭിക്കാതെ ജനങ്ങൾ വാസസ്ഥലങ്ങളും കൃഷിയിടവും ഉപേക്ഷിച്ച് നഗരങ്ങളിലേക്കും ജലം ലഭ്യമായ മറ്റും പ്രദേശങ്ങളിലേക്കും പലായനം ചെയ്യുകയാണ്. വരൾച്ചമൂലം ഒരു വശത്ത് ജനം വലയുമ്പോൾ IPL ക്രിക്കറ്റ് കളിക്കെതിരെ സുപ്രീം കോടതി ശക്തമായ താക്കീത് നൽകിയതിനാൽ മഹാരാഷ്ട്ര കളി ഉപേക്ഷിച്ചിരിക്കയാണ്. ഇന്ത്യയിൽ ചൂടുകാറ്റ് കഴിഞ്ഞ വർഷം 2500 പേർ മരിച്ചിരുന്നു. ഇത്തവണ സ്ഥിതി അതിലും ഭീകരവും ഗുരുതരവുമാണ്.

കേരളവും കൊടും വരൾച്ചയിൽ വലയുകയാണ്. കേരളത്തിൽ മാർച്ച്, ഏപ്രിൽ, മേയ് എന്നീ മൂന്ന് മാസങ്ങളാണ് വേനൽ കാലം. വേനൽ കാലത്തെ മഴയിൽ വന്ന ഗണ്യമായ കുറവും വേനലിന്റെ ചൂടും കേരളത്തെ വറചട്ടിയാക്കി മാറ്റി കൊണ്ടിരിക്കുകയാണ്. മാർച്ച് മുതൽ മെയ് 31 വരെ ശരാശരി 379.9 മില്ലി മീറ്റർ വേനൽ മഴ ലഭിക്കുന്ന കേരളത്തിൽ കഴിഞ്ഞ വർഷം 464.7 മില്ലി മീറ്റർ വേനൽ മഴ ലഭിച്ചു. അതായത് 22 ശതമാനം അധികം. എന്നാൽ ഈ വർഷം മാർച്ച് 1 മുതൽ ഏപ്രിൽ 20 വരെ വേനൽ മഴയിൽ 53 ശതമാനം കുറവ് വന്നു. ഇക്കാലയളവിൽ 97 മില്ലി മീറ്റർ മഴ കിട്ടേണ്ട സ്ഥാനത്ത് 45.9 മില്ലി മീറ്റർ മഴയാണ് ലഭിച്ചത്. മറ്റൊരു ഉത്കണ്ഠയുളവാക്കുന്ന കാര്യം കേരളത്തിൽ പല ജില്ലകളിലെ 874 കിണറുകളിൽ നടത്തിയ പഠനങ്ങളിൽ നിന്നും മനസ്സിലായത് വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ മൂന്നു മീറ്റർ വരെ ഭൂഗർഭ ജലവിതാനം താഴ്ന്നിരിക്കുന്നു എന്നാണ്. സൂര്യാഘാതമേറ്റുള്ള മരണങ്ങളും റിപ്പോർട്ട് ചെയ്ത് തുടങ്ങിയിരിക്കുന്നു. പാലക്കാട് താപനില 41 ഡിഗ്രിക്ക് മുകളിലാണ്. ആന്ധ്ര, തമിഴ്നാട്, കർണ്ണാടക, തെലുങ്കാന മുതലായ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഇപ്പോൾ നിലനിൽക്കുന്ന ഉഷ്ണ തരംഗം കേരളത്തിലേക്കും വ്യാപിക്കാൻ സാദ്ധ്യതയുണ്ടെന്ന കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ് ഏപ്രിൽ 27ന് കേരളത്തിന് ലഭിച്ചിരിക്കുകയാണ്. കേരളത്തെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കണമെന്ന് കേരളം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കയാണ്. വരൾച്ചയുടെ കെടുതികളിൽ നിന്നും അല്ലാഹു കേരളത്തേയും ഇന്ത്യയേയും രക്ഷിക്കുമാറാകട്ടെ.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജല സമൃദ്ധമായ കേരളത്തിൽ ജീവിച്ച നാം വരൾച്ചയുടെ കാഠിന്യം വളരെ ചുരുക്കം സന്ദർഭങ്ങളിലേ അനുഭവിച്ചിട്ടുള്ളൂ. ഭൂമിശാസ്ത്ര പരമായി ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ മർമ്മ പ്രധാനമായ ഒരു സ്ഥാനത്താണ് കേരളം സ്ഥിതി ചെയ്യുന്നത്. ഓരോ വർഷവും മേയ് അവസാനത്തിന്നും ജൂൺ ആദ്യപകുതിക്കുമിടക്ക് നാം ഇടവപ്പാതി എന്ന് പറയുന്ന തെക്ക് പടിഞ്ഞാറൻ മൺസൂൺ അഥവാ കാലവർഷവും അതുപോലെ ഒക്ടോബർ മദ്ധ്യത്തോടെ ആരംഭിക്കുന്ന തുലാവർഷവുമാണ് കേരളത്തെ ജലസമൃദ്ധമാക്കുന്നത്. ഇന്ത്യാ രാജ്യം കടുത്ത ഉഷ്ണകാലത്തിലേക്ക് പ്രവേശിക്കുമ്പോഴാണ് കേരളത്തിൽ സുലഭമായ മഴ ലഭിക്കുന്ന ഇടവപ്പാതി കാലവർഷം സമാഗതമാവുക. ഇത് കേരളത്തിന്റെ അനുഗൃഹീതമായ ഒരു ഭൂമിശാസ്ത്ര പ്രത്യേകത കൊണ്ടാണ് സംഭവിക്കുന്നത്. ഭൂമദ്ധ്യരേഖയോട് അടുത്ത ഉഷ്ണ മേഖലാ പ്രദേശത്താണ് കേരളം സ്ഥിതി ചെയ്യുന്നത്. എങ്കിലും അറബിക്കടലും പശ്ചിമഘട്ടവുമാണ് കേരളത്തെ മിതശീതോഷ്ണ സ്ഥലമാക്കി മാറ്റുന്നത്. മഴക്കാലത്തിന് മുമ്പായി കേരളത്തിൽ മാർച്ച് മുതൽ മേയ് വരെ നീണ്ടു നിൽക്കുന്ന വേനൽ ക്കാലമാണ്. ഈ വേനൽ കാലത്തും ഇടക്കിടെ മഴ ലഭിക്കുന്നു. മറ്റിടങ്ങളിൽ നിന്നും ഭിന്നമായി വേനൽ മഴ കേരളത്തെ കടുത്ത ചൂടിൽ നിന്നും രക്ഷിക്കുന്നു. ആ മഴയുടെ അഭാവമാണ് ഇപ്പോൾ കേരളത്തെ വലക്കുന്നത്. ഒരു വർഷത്തിൽ

ഏകദേശം 3,000 മില്ലി മീറ്റർ ആണ് കേരളത്തിലെ വർഷപാതം. മഴ ലഭിക്കുന്ന ജലസമൃദ്ധമായ കേരളത്തിൽ 44 നദികളാണ് ഒഴുകുന്നത്. ഇന്ത്യയിലെ മറ്റു നദികളെ അപേക്ഷിച്ച് കേരളത്തിലെ നദികൾ ചെറുതാണ്. പെരിയാർ, ഭാരതപുഴ, പമ്പാ, ചാലിയാർ, ചാലക്കുടി തുടങ്ങി 41 എണ്ണം കിഴക്ക് നിന്നും പടിഞ്ഞാറോട്ടേക്ക് ഒഴുകുന്നു. കിഴക്ക് മലനിരകളുള്ള കേരളത്തിലെ നദികൾ അധികവും വേഗത്തിൽ ഒഴുകി അറബിക്കടലിൽ പതിക്കുന്നവയാണ്. കബനി, ഭവാനി, പമ്പാർ എന്നിവ പടിഞ്ഞാറ് നിന്ന് കിഴക്കോട്ടേക്കാണ് ഒഴുകുന്നത്.

അല്ലാഹുവിന്റെ അനുഗ്രഹമായിട്ടാണ് വിശുദ്ധ ഖുർആനിൽ മഴ വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത്. ആ ദൈവികാനുഗ്രഹങ്ങൾ കൊണ്ടാണ് കേരളത്തിലെ ജലസമൃദ്ധി എന്ന് നാം ഓർക്കണം. മനുഷ്യ കരങ്ങൾക്ക് യാതൊരു പങ്കുമില്ലാത്ത കാല വർഷക്കാറ്റുകളെ പറ്റി ഖുർആൻ പറയുന്നു: ***അല്ലാഹുവാണ് കാറ്റുകളെ അയക്കുന്നത്. അങ്ങനെ അവ മേഘങ്ങളെ ഇളക്കിവിടുന്നു. എന്നിട്ട് താനുദ്ദേശിക്കുന്ന വിധം അവൻ അതിനെ ആകാശത്ത് വ്യാപിപ്പിക്കുകയും അതിനെ പല കഷ്ണങ്ങളാക്കുകയും ചെയ്യുന്നു. അപ്പോൾ അതിന്റെ ഇടയിൽ നിന്ന് മഴ ബഹിർഗമിക്കുന്നത് നിനക്കു കാണാം. അങ്ങനെ തന്റെ ദാസന്മാരിൽ താനുദ്ദേശിക്കുന്നവർക്ക് അവനത് എത്തിച്ചു കൊടുക്കുമ്പോൾ അവരതാ പെട്ടെന്ന് സന്തുഷ്ടരായി തീരുന്നു. അതിന് മുമ്പേ, അത് (മഴ) അവർക്ക് വർഷിച്ചു കൊടുക്കുന്നതിന് തൊട്ടുമുമ്പെ അവർ തികച്ചും നിരാശരായിരിക്കുകയായിരുന്നുവെങ്കിലും. അപ്പോൾ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ അടയാളങ്ങൾ നോക്കുക.(30:49-51)***

ഗോളാന്തരീയവും ഭൂമിശാസ്ത്രപരവുമായ അതിസങ്കീർണവും ലോലമായതുമായ ഒരു ക്രമീകരണത്തിലാണ് മൺസൂൺ കാലവർഷക്കാറ്റുകൾ സമയം തെറ്റാതെ കേരളത്തിലേക്ക് കടന്നുവരുന്നത്. വിശാലമായൊരു പശ്ചാത്തല സംവിധാനം ഇതിന് പിന്നിലുണ്ട്. ഭൂമി 23 ഡിഗ്രി ചരിഞ്ഞ് കൊണ്ട് സ്വയം ഭ്രമണം ചെയ്തു കൊണ്ടാണ് സൂര്യനെ ചുറ്റുന്നത്. അതു കൊണ്ടാണ് സൂര്യൻ ഭൂമദ്ധ്യരേഖയിൽ നിന്ന് ആറുമാസം (മാർച്ച് മുതൽ സെപ്തംമ്പർ വരെ) വടക്ക് ഉത്തരാർധ ഗോളത്തിലും ബാക്കി ആറുമാസം തെക്ക് ദക്ഷിണാർധ ഗോളത്തിലും പോവുന്നത്. സൂര്യന്റെ ഈ അയന ചലനമാണ് കൃത്യതയാർന്ന മൺസൂൺ മഴ പ്രതിഭാസത്തിന് കാരണം. അതായത് സൂര്യന്റെ ഈ വാർഷിക അയന ചലനത്തിനിടക്ക് സൂര്യന്റെ അകലവും സൂര്യരശ്മികളുടെ കുത്തനെയും ചരിഞ്ഞുമുള്ള പതനവുമാണ് ഭൂമിലെ കാലാവസ്ഥക്ക് മാറ്റമുണ്ടാക്കുന്നതും ഋതു പരിവർത്തനങ്ങൾ വരുത്തുന്നതും. ഇതിനിടക്ക് കുറഞ്ഞ് മർദ മേഖലയിൽ നിന്നും കൂടുതൽ മർദമുള്ള അന്തരീക്ഷ മേഖലയിലേക്ക് നീരാവി നിറഞ്ഞ മഴമേഘകാറ്റിന്റെ വീശലാണ് കേരളത്തിൽ കൃത്യമായി ആവർത്തിച്ച് മഴകൊണ്ടു വരുന്ന മൺസൂൺ പ്രതിഭാസത്തിനടിസ്ഥാനം. ഇതൊരു ആഗോള പ്രതിഭാസമാണ്. അല്ലാഹു ഖുർആനിൽ പറയുന്നു: ***ആവർത്തിച്ചാവർത്തിച്ച് മഴ വർഷിക്കുന്ന മേഘങ്ങളെ കൊണ്ടും*** (86:12). മഴ മേഘങ്ങളിൽ നിന്നുള്ള ഈ ജലസേചനം വൈകിയാൽ മഹാരാഷ്ട്രയിൽ സംഭവിക്കുന്നത് പോലെ ജലമന്വേഷിച്ച് നമുക്കും പലായനം ചെയ്യേണ്ടിവരില്ലേ?! ഖുർആൻ വീണ്ടും ചോദിക്കുന്നു:

***പറയുക നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ഒഴുകുന്ന ശുദ്ധജലം ആരാണ് നിങ്ങൾക്ക് കൊണ്ടുവന്നു തരിക? (67: 31)***

പ്രകൃതിയിൽ ഉണ്ടാകുന്ന മിക്ക വ്യതിയാനങ്ങൾക്കും ദുരന്തങ്ങൾക്കും കാരണം മനുഷ്യൻ തന്നെയാണ് എന്ന് നാം ഓർക്കേണ്ടതുണ്ട്. പ്രകൃതിയിൽ നിഗൂഢമായി പ്രവർത്തിക്കുന്ന വളരെ ലോലമായ ഒരു സന്തുലിത വ്യവസ്ഥയുണ്ട്. ആ സന്തുലന വ്യവസ്ഥക്ക് ഹാനികരമാവുന്ന രീതിയിൽ മനുഷ്യൻ പ്രവർത്തിച്ചാൽ പ്രകൃതിയിൽ നിന്നും വൻ തിരിച്ചടിയാവും ഫലം. ഈ സന്തുലന വ്യവസ്ഥയുടെ പ്രകൃതി നിയമം മനസ്സിലാക്കി അതിന് അനുഗുണമായ ജീവിത ശൈലിയും പ്രവർത്തനവുമായിരിക്കണം മനുഷ്യൻ അനുവർത്തിക്കേണ്ടത്. പാരിസ്ഥിതികമായി അഗാധമായ അർഥതലങ്ങളുള്ള ഒരു ഖുർആനിക വചനം നോക്കൂ.

***ലതകളും വൃക്ഷങ്ങളും അനുസരിക്കുന്നു. ആകാശത്തെ അവൻ ഉയർത്തുകയും സന്തുലനം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ സന്തുലനത്തിൽ അതിക്രമിക്കാതിരിക്കാൻ വേണ്ടി. നിങ്ങൾ നീതിപൂർവം സന്തുലനം നിലനിർത്തുക. നിങ്ങൾ അളവിൽ കുറവ് വരുത്തുകയുമരുത്. ഭൂമിയെ അവൻ എല്ലാ സൃഷ്ടി ജാലങ്ങൾക്കും വേണ്ടി സ്ഥാപിച്ചു. (55:7-11)***

മനുഷ്യ ശരീരം പോലെ നിരവധി വ്യവസ്ഥകളും ഉപവ്യവസ്ഥകളുമുള്ളതാണ് പ്രകൃതി. പാരിസ്ഥിതികമായ ഈ സന്തുലന ക്രമമാണ് ഭൂമിയെ ജീവയോഗ്യമാക്കുന്നത്. പ്രകൃതിയുടെ ഈ പാരിസ്ഥിതിക സന്തുലനത്തിൽ ഇടപെട്ട് സന്തുലന വ്യവസ്ഥ തകർക്കാനോ അത് താറുമാറാക്കാനോ പാടില്ല. അങ്ങനെ താറുമാറാക്കുകയാണെങ്കിൽ ഭൂമി മനുഷ്യന് വാസയോഗ്യമല്ലാതായി തീരും എന്ന സന്ദേശമാണ് ഖുർആൻ നൽകുന്നത്. നമ്മുടെ ഭൂമി നമുക്കും വരും തലമുറക്കും മാത്രമല്ല. അല്ലാഹുവിന്റെ മിണ്ടാപ്രാണികളായ മറ്റു സൃഷ്ടി ജാലങ്ങൾക്ക് കൂടിയുള്ളതാണ് എന്ന ഖുർആന്റെ മേൽവചനത്തിലെ പ്രഖ്യാപനം പരിസ്ഥിതി വാദികളെ ആവേശം കൊള്ളിക്കുന്ന ഒന്നാണ്. നമ്മുടെ ആവശ്യത്തിൽ കവിഞ്ഞ് ഭൂവിഭവങ്ങൾ ധൂർത്തടിക്കുകയോ ദുരുപയോഗം ചെയ്യുകയോ അരുത്. അങ്ങനെ ചെയ്യുമ്പോൾ അത്

ഭൂമിയിൽ മുഴുവൻ നാശം വിതക്കും. ഭൂമിയിലെ ഫോസിൽ വിഭവങ്ങളായ കാർബൺ ഇന്ധനങ്ങളുടെ അമിതമായ ഉപയോഗവും ഫാക്ടറികളിൽനിന്ന് പുറന്തള്ളുന്ന മാലിന്യങ്ങളും അന്തരീക്ഷത്തെ ചൂടാക്കുകയും കാലവസ്ഥയുടെ സന്തുലനാത്മകതയെ തകിടം മറിക്കുകയും ചെയ്യും എന്നുള്ളത് സുസ്ഥാപിതമായ ഒരു ശാസ്ത്ര സത്യമാണ്. അത്പോലെ വനനശീകരണം, തണ്ണീർതടങ്ങളുടെ ഉന്മൂലനം, ഗാർഹിക മാലിന്യങ്ങൾ, അമിതമായ നിർമ്മാണ പ്രവർത്തനങ്ങൾ മുതലായവയെല്ലാം പരിസ്ഥിതിയെ നശിപ്പിക്കുന്ന ഘടകങ്ങളാണ്. അതീവ ചലനാത്മകതയുള്ളതാണ് ഭൗമാന്തരീക്ഷം. അന്തരീക്ഷം ലോകത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്ത് മലിനമാക്കപ്പെടുകയാണെങ്കിൽ അതിന്റെ ഫലം രാജ്യാതിർത്തികൾ ഭേദിച്ച് വളരെ ദൂരങ്ങളിലേക്ക് പോലും എത്തുന്നു. കാലവസ്ഥാ എന്നത് കേരളത്തെയോ ഇന്ത്യയേയോ മാത്രം ബാധിക്കുന്ന പ്രശ്നമല്ല. ഭൂമിയിലെ എല്ലാ രാജ്യങ്ങളും ജനങ്ങളും അതിന്റെ കെടുതികൾ പല വിധത്തിലും അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ഇതിന് തടയിടാൻ ലോക രാഷ്ട്രങ്ങൾ തമ്മിൽ അതിശക്തമായ ഐക്യവും നിയന്ത്രണങ്ങളും ആവശ്യമാണ്. ആഗോള കാലാവസ്ഥാ വ്യതിയാനത്തിന്റെ കെടുതികൾ ലോകത്തിന് ഭീഷണിയായിരിക്കുന്ന സാഹചര്യത്തിൽ 2015 ഡിസംബറിൽ യു എൻ സെക്രട്ടറി ജനറൽ ബാൺ കീ മൂൺ ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിൽ വിളിച്ചു ചേർത്ത കാലാവസ്ഥ ഉച്ചകോടിയിൽ ചർച്ച ചെയ്ത വിഷയങ്ങൾ ലോകരാജ്യങ്ങൾ ഗൗരവമായ വിഷയമായി എടുത്തിരിക്കുന്നതിന്റെ സൂചനയാണ്. പതിവില്ലാത്ത വിധം നിരവധി രാജ്യങ്ങൾ പാരീസ് കാലാവസ്ഥ ഉച്ചകോടിയിൽ സംബന്ധിക്കാനും കഴിഞ്ഞ 2016 ഏപ്രിൽ 22 ഭൗമദിനത്തിൽ ന്യൂയോർക്കിൽ വെച്ച് കരാറിൽ ഒപ്പുവെക്കാനും തയ്യാറായത് ഇതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. യു.എസ് പ്രസിഡന്റ് ബാറക്ക് ഒബാമ, റഷ്യൻ പ്രസിഡന്റ് വ്ളദ്മീർ പുട്ടിൻ, ചൈനീസ് പ്രസിഡന്റ് ഷിജിൻ പിങ്ങ്, ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോഡി മുതലായ ലോക നേതാക്കന്മാർ കാലാവസ്ഥാ വ്യതിയാനം നേരിടാനായി ആഗോള സഹകരണം ലക്ഷ്യമിടുന്ന പാരീസ് കാലാവസ്ഥ ഉച്ചകോടിയിൽ പങ്കെടുക്കുകയുണ്ടായി. ഇത്തരത്തിലുള്ള 21-ാമത് ഉച്ചകോടിയാണ് പാരീസിലേത്. കൽക്കരി, പെട്രോൾ, ഡീസൽ, ഗ്യാസ് തുടങ്ങിയ ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്നത് ക്രമേണ കുറക്കാനുള്ള ശക്തമായ തീരുമാനമാണ് കരാറിനെ വളരെ പ്രധാനമാക്കി തീർക്കുന്നത്. കഴിഞ്ഞ 135 വർഷങ്ങളായി ഏറ്റവും ചൂടു കൂടിയ 2015 ൽ നടന്ന ഉച്ചകോടി 2100 ൽ ഭൂമിയുടെ അന്തരീക്ഷ താപനില രണ്ടു ഡിഗ്രി സെൽഷിയസിലധികം വർധിക്കരുതെന്ന് തീരുമാനത്തിലെത്തുകയായിരുന്നു. പാരീസ് കാലാവസ്ഥ ഉച്ചകോടിയിലെ തീരുമാനങ്ങൾ 2016 ഏപ്രിൽ 22 ഭൗമദിനത്തിൽ യു എൻ ആസ്ഥാനമായ ന്യൂ യോർക്കിൽ വെച്ച് 177 രാജ്യങ്ങളും യൂറോപ്യൻ യൂണിയനും 15 സംഘടനകളും ഒപ്പു വെച്ചിരിക്കയാണ്. മനുഷ്യസമൂഹം നിരുത്തരവാദപരമായി പരിസ്ഥിതിനാശം വരുത്തിയതിന്റെ ഫലം ഇന്ന് പല പാരിസ്ഥിതിക ദുരന്തങ്ങളുടെയും കാലാവസ്ഥാ വ്യതിയാനങ്ങളുടെയും രൂപത്തിൽ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. തീർച്ചയായും കേരളത്തിൽ അനുഭവപ്പെടുന്ന കാലാവസ്ഥാ ദുരന്തങ്ങളും അതിന്റെ ഭാഗമാണ്. വിശുദ്ധ ഖുർആന്റെ ഒരു വചനം ഓർത്തു കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. ***മനുഷ്യരുടെ കരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു. (30:42)*** ●

പേജ് 35ൽ നിന്ന് തുടർച്ച

ഈ കാര്യത്തിൽ വിശുദ്ധ ഖുർആൻ നൽകുന്ന പാഠമെന്തെന്നാൽ ഒരു രാജ്യം മറ്റൊരു രാജ്യത്തിന്റെ സമ്പത്ത് ആർത്തിയോടെ നോക്കരുതെന്നാണ്. ഈ അദ്ധ്യാപനമനുസരിച്ച് നമുക്ക് ലോക സമാധാനം മെച്ചപ്പെടുത്താം.

സമൂഹത്തിന്റെ എല്ലാ തലങ്ങളിലും നീതി പുലരണം. അതുമുഖേന ഓരോ വ്യക്തിയും ജാതിമത വർഗവർണ വ്യത്യാസമില്ലാതെ തന്റെ സ്വന്തം കാലിൽ മാന്യമായും അന്തസ്സോടെയും നിൽക്കാൻ കഴിയും. ഇന്ന് നാം കാണുന്നത് ലോകത്തിലെ ഒന്നാംകിട രാഷ്ട്രങ്ങൾ തങ്ങളുടെ വർധിച്ചുകൊണ്ടിരിക്കുന്ന നിക്ഷേപങ്ങൾ ദരിദ്ര വികസ്വര രാജ്യങ്ങളിലാണ് നിക്ഷേപിക്കുന്നത്. സമ്പന്ന രാജ്യങ്ങൾ നീതിയോടെ പ്രവർത്തിക്കാൻ ബാധ്യസ്ഥരാണ്. അവർ ദരിദ്ര രാജ്യങ്ങളിലെ പ്രകൃതി വിഭവങ്ങളും താഴ്ന്ന തൊഴിൽ ശേഷിയും സ്വന്തം ദേശീയ നേട്ടത്തിനും ലാഭത്തിനും വേണ്ടി വിനിയോഗിക്കരുത്. അവർ ആ രാജ്യങ്ങളിൽ നിന്ന് നേടുന്ന സമ്പത്തിന്റെ ഭൂരിഭാഗവും അവിടെ തന്നെ പുനർ നിക്ഷേപം നടത്തണം. ആ ധനം പ്രാദേശിക ജനങ്ങളെ സഹായിക്കാനും അവരുടെ വികസനത്തിനും ഉപയോഗിക്കണം.

ആ രാഷ്ട്രങ്ങളെ സഹായിക്കാൻ വികസിത രാജ്യങ്ങൾ ഈ വിധം പ്രവർത്തിക്കുകയാണെങ്കിൽ അത് ദരിദ്ര രാജ്യങ്ങൾക്ക് പ്രയോജനപ്പെടുമെന്ന് മാത്രമല്ല അത് പരസ്പരം പ്രയോജനം ചെയ്യപ്പെടുകയും ചെയ്യും. വിശ്വസ്തതയും ആത്മവിശ്വാസവും അത് വർധിപ്പിക്കുകയും ഉയർന്നു വരുന്ന ഇച്ഛാഭംഗം നീക്കുകയും ചെയ്യും.

സമ്പന്ന രാജ്യങ്ങൾ തങ്ങളുടെ സ്വന്തം കാര്യം മാത്രം ശ്രദ്ധിക്കുകയും ദുർബലരും ദരിദ്രരുമായ ജനങ്ങളുടെ വിഭവങ്ങളിൽ നിന്ന് അനീതിപരമായിചൂഷണം ചെയ്യുന്നു എന്ന പ്രതീതി ഇല്ലാതാക്കുകയും ചെയ്യണം. അതിലുപരി ദരിദ്ര

രാജ്യങ്ങളുടെ വിഭവങ്ങൾ അവരുടെ തന്നെ സാമ്പത്തിക സ്ഥിതി നന്നാക്കാനുള്ള ഒരു വഴിയുമായി ഇതിനെ കരുതണം. അങ്ങനെയാണെങ്കിൽ അത് ക്രമേണ ലോക സമ്പദ് വ്യവസ്ഥയെ തന്നെ അഭിവൃദ്ധിപ്പെടുത്തും. അതിന്റെ ഫലമായി ലോകത്തിന്റെ സാമ്പത്തിക സ്ഥിരതയും സാമ്പത്തികാരോഗ്യവും മെച്ചപ്പെടും.

തീർച്ചയായും ഇന്ന് ആഗോള സമൂഹം രൂപപ്പെടാനും സഹതാപവും മാനവികതയും സ്ഥാപിക്കാനുമുള്ള ഒരു വഴിയാണിത്. അതിലുപരി അത് ലോകത്ത് യഥാർഥമായ സമാധാന സ്ഥാപനത്തിനുള്ള അടിത്തറയാകും. ഇക്കാര്യത്തിൽ നാം ശ്രദ്ധ ചെലുത്താതിരുന്നാൽ ഇന്നത്തെ ലോകാവസ്ഥയിൽ ലോക സമാധാനം തകരുകയും ദുരിതപൂർണമായ ഒരു യുദ്ധത്തിലേക്ക് അത് നയിക്കുകയും ചെയ്യും. അതിന്റെ പ്രത്യാഘാതങ്ങൾ തലമുറകളോളം അനുഭവിക്കേണ്ടിവരും അതിന്റെ ഫലമായി വരും തലമുറ നമുക്ക് മാപ്പ് തരില്ല.

ഈ വാക്കുകളോടെ ഞാൻ നിങ്ങളോട് വിട ചോദിക്കുകയാണ് സത്യമായ യഥാർത്ഥമായ സമാധാനം ലോകത്തുണ്ടാവാൻ അല്ലാഹു നമ്മെ സഹായിക്കുമാറാകട്ടെ. വളരെ നന്ദി.

(The Review of Religions Nov 2015 )

---

പേജ് 24ൽ നിന്ന് തുടർച്ച

കയും ചെയ്യുക എന്നത് സംഗതമാകുമോ? (നൂറുൽ ഹഖ് ഭാ.2)

ചുരുക്കത്തിൽ നമ്മുടെ പ്രാണപ്രിയനായ പുണ്യനബി (സ) ചെയ്തിട്ടുള്ള പ്രവചനം അതിസൂക്ഷ്മമായും മഹിത ശോഭയോടെയും പൂർത്തീകരിക്കപ്പെട്ടു.

***അനുഗ്രഹ സമ്പൂർണനായ ദൈവം ഏറ്റവും നല്ലനിലയിൽ സൃഷ്ടിക്കുന്നവനാണ്. (23:15 വിശുദ്ധ ഖുർആൻ)***

ക്രി. വ 17 ാം നൂറ്റാണ്ടിലാണ് സർ ഐസക്ക് ന്യൂട്ടൺ ഭൂമിയുടെ ആകർഷണ തത്ത്വം കണ്ടുപിടിച്ചത്. ഗ്രഹണത്തെ സംബന്ധിച്ച അതിസൂക്ഷ്മമായ ഗണനങ്ങൾ ഈ കണ്ടു പിടുത്തത്തിനു മുമ്പ് അസാദ്ധ്യമായിരുന്നു. പക്ഷേ നമ്മുടെ യജമാനനും പ്രവാചക പ്രഭുവുമായ തിരുനബി (സ) സർവജ്ഞനായ ദൈവത്തിൽ നിന്നുണ്ടായ അറിയിപ്പ് പ്രകാരം അതിശയകരമായ ഈ പ്രവചനം അറിയിക്കുകയുണ്ടായി. വാഗ്ദത്ത മസീഹിന്റെ ആവിർഭാവത്തെ സൂചിപ്പിക്കുന്നതിനായി ഇതിനേക്കാൾ വ്യക്തമായ ഒരു ആകാശ ദൃഷ്ടാന്തം മറ്റെന്തുണ്ട് ?

പരിശുദ്ധനായ അല്ലാഹുവിനത്രെ സർവ സ്തുതിയും. ഓ നാഥാ! മുഹമ്മദിലും അവിടത്തെ സന്താന പരമ്പരകളിലും നിന്റെ അനുഗ്രഹങ്ങൾ വർഷിക്കേണമേ!

(തുടരും)

---

പേജ് 38ൽ നിന്ന് തുടർച്ച

***ക്കൾ അനുവർത്തിച്ചു വന്നിട്ടുള്ള സകല കുതന്ത്രങ്ങളും വഞ്ചനകളും നിങ്ങളും ചെയ്തു നോക്കുവീൻ. അങ്ങേയറ്റം പരിശ്രമിച്ചു നോക്കുവീൻ. പിന്നീട് നിങ്ങൾക്ക് എന്ത് ഹാനിയാണ് വരുത്തുവാൻ കഴിഞ്ഞത് എന്ന് നോക്കുക?***
(അർബയീൻ)

ഒരു വ്യാജവാദിയുടെ വായിൽ നിന്നും ഇത്തരം വചനങ്ങൾ പുറപ്പെടുന്നതല്ല എന്ന് ചിന്തിക്കുന്നവർക്ക് മനസ്സിലാക്കാവുന്നതാണ്. റസൂൽ തിരുമേനി(സ)യുടെ പരിശുദ്ധ ദീൻ ലോകത്ത് പുനസ്ഥാപിക്കാൻ അല്ലാഹു നിയോഗിച്ച ഈ സത്യാത്മാവിനെയും സത്യപ്രസ്ഥാനത്തെയും ഇനിയെങ്കിലും തിരിച്ചറിയാനുള്ള സൗഭാഗ്യം ലോകത്തിന്നുണ്ടാവട്ടെ.

---

## കഴിഞ്ഞ SSLC പരീക്ഷയിൽ എല്ലാ വിഷയത്തിലും A+ വാങ്ങിയ വിദ്യാർത്ഥികൾ

**റിഷാ പർവീൺ**
D/O ബി. ശഫി അഹ്മദ് & ഫിറോസ. യു.
സെന്റ്തെരാസസ് ആംഗ്ലോ ഇന്ത്യൻ ജി എസ് എസ് വിദ്യാർഥിനി.
കണ്ണൂർ ടൗൺ ജമാഅത്ത്.

**ഫാതിമ സഹാല**
D/O സലീം & ശംസുന്നിസ
മട്ടന്നൂർ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർഥിനി
മട്ടന്നൂർ ജമാഅത്ത്.

**ഷമീമ ജാസ്മിൻ. കെ**
D/O കെ. ഉണ്ണീൻ & കെ. ജുബൈരിയ
എം.ഇ.എസ്.എച്ച്.എസ് മണ്ണാർക്കാട് വിദ്യാർത്ഥിനി
തിരുവിഴാംകുന്ന് ജമാഅത്ത്.

**അത്തിയത്തുൽ ഖുദ്ദൂസ്**
D/O മൗലവി സി. നാസിർ അഹ്മദ്
കൂടാളി എച്ച്.എസ്.എസ് വിദ്യാർഥിനി, കൂടാളി ജമാഅത്ത്

**അലീന നിസാർ**
D/O നിസാർ അഹ്മദ് & ലദീദ സി.പി
സെന്റ് ജോസഫ്സ് ആംഗ്ലോ ഇന്ത്യൻ എച്ച്.എസ്, മാത്തോട്ടം ജമാഅത്ത്. കോഴിക്കോട്

**നിഹാൻ നാസിർ**
S/O ഇ. നാസിർ അഹ്മദ്.
സെന്റ് മൈക്കിൾസ് കണ്ണൂർ.
കണ്ണൂർ ജമാഅത്ത്.

**ഷഹിൻ നാസിർ**
S/O ഇ.നാസിർ & ടി ഖമറുന്നിസ
സെന്റ് മൈക്കിൾസ് എ ഐ എച്ച് എസ് എസ് വിദ്യാർത്ഥി
കണ്ണൂർ സിറ്റി ജമാഅത്ത്

**സാലിഹ്. ജെ.**
S/O അബ്ദുൾ ജലീൽ & സുനിതാ ജലീൽ
അയ്യൻ കോയിക്കൽ ഗവ. എച്ച്.എസ്. വിദ്യാർഥി.
കൊല്ലം ജമാഅത്ത്.

**വിജയികൾക്ക് സത്യദൂതന്റെ അഭിനന്ദനങ്ങൾ**

## ഗോണിക്കുപ്പ: ജുമുആ നമസ്കാരം ആരംഭിച്ചു

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കർണ്ണാടകയിലെ കുടക് ജില്ലയിലെ ഗോണിക്കുപ്പയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പള്ളി ഉൽഘാടനവും ജുമുആ നമസ്ക്കാരവും ആരംഭിച്ചതായി ഗോണിക്കുപ്പ അഹ്മദിയ്യാ ജമാഅത്ത് പ്രസിഡന്റ് എം.എം. മഹ്മൂദ് സാഹിബ് അറിയിച്ചു. മൗലവി സി.പി. മൊയ്തീൻ കുട്ടി സാഹിബ് ജുമുആ നമസ്ക്കാരത്തിന് നേതൃത്വവും ഖുത്ബയും നിർവഹിച്ചു. സ്ത്രീകളും കുട്ടികളുമടക്കം 50 പേർ പങ്കെടുത്തു.

## തഹ്‌രീഖ് ജദീദ്

തഹ്‌രീഖ് ജദീദ് നടപ്പ് വർഷം പകുതി പിന്നിട്ടിരിക്കുന്നു. തഹ്‌രീഖ് ജദീദ് സംബന്ധിച്ച് ഹുസൂർ തിരുമനസ്സ് ചെയ്ത വിളംബരത്തിൽ പ്രചോദിതരായി ജമാഅത്തംഗങ്ങൾ വാഗ്ദാനങ്ങളിൽ അഭൂതപൂർവമായ വർധനവാണ് വരുത്തിയത്. എന്നാൽ ആറു മാസമായിട്ടും ചില ജമാഅത്തംഗങ്ങളിൽ നിന്നുമുള്ള പ്രതികരണം ആശാവഹമല്ല. തഹ്‌രീക്ക് ജദീദ് വർഷാവസാനം വരെ നീട്ടിവക്കാതെ പെട്ടെന്ന് തന്നെ വാഗ്ദാനം പൂർത്തിയാക്കുന്നതിൽ വമ്പിച്ച ബർക്കത്തുണ്ട് എന്ന് മുസ്‌ലിഹ് മഊദി(റ)ന്റെ ഉപദേശം ഓർക്കുക. ഹുസൂർ തിരുമനസ്സ് ഹദ്റത്ത് ഖാമിസിന്റെ ഇത് സംബന്ധിച്ച പ്രസ്താവന ശ്രദ്ധിക്കുക.

തഹ്‌രീക്ക് ജദീദിന്റെ പ്രവർത്തനങ്ങൾക്കായി സമയാസമയങ്ങളിൽ പണത്തിന്റെ ആവശ്യമുള്ളതിനാൽ സെക്രട്ടറിമാർ പണം സ്വരുക്കൂട്ടി വെക്കാതെ കൃത്യമായി ഫിനാൻഷ്യൽ സെക്രട്ടറി (വക്കീലുൽ മാൽ തഹ്‌രീക്ക് ജദീദ്) ക്ക് അയച്ചു കൊടുക്കേണ്ടതാണ്. (മാലി ഖുർബാനിയാം പേ. 34). തഹ്‌രീക്ക് ജദീദ് എത്രയും വേഗം അടച്ചുതീർക്കാൻ അഭ്യർഥിക്കുന്നു.

വസ്സലാം

വക്കീലുൽ മാൽ




മജ്‌ലിസ് അൻസാറുല്ലാ കടലായിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സൗജന്യ മെഡിക്കൽ ക്യാമ്പ് കണ്ണൂർ അസിസ്റ്റന്റ് കമാന്റർ ഓഫ് പോലീസ് വി. കെ അബ്ദുനിസ്സാർ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. സിദ്ദീഖ് അഷ്റഫലി സാഹിബ് , കടലായി ജമാഅത്ത് പ്രസിഡന്റ് അഹ്മദ് റഷീദ് സാഹിബ്, എം. പി ഉസ്മാൻ സാഹിബ് , മൗലവി അബ്ദുസ്സലാം സാഹിബ് എന്നിവർ സമീപം.




മജ്‌ലിസ് അൻസാറുല്ലാ എറണാകുളം-ആലപ്പുഴ ജില്ലാ ഇജ്തിമ സൗത്ത് ഇന്ത്യ നാഇബ് സദർ പി.പി. നാസിമുദ്ദീൻ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. ബി.ബി. അഹ്മദ് കബീർ സാഹിബ്, മുഹമ്മദ് സഫ്‌വാൻ സാഹിബ്, മൗലവി സുൽത്താൻ നസീർ സാഹിബ്, പി.കെ. ശാഹുൽ ഹമീദ് സാഹിബ്, എം. താജുദ്ദീൻ സാഹിബ്, പി. മുഹമ്മദ് കരീം സാഹിബ് എന്നിവർ സമീപം.




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ എറണാകുളം ജില്ല ഐ.എം.എയുമായി സഹകരിച്ച് എറണാകുളം മസ്ജിദ് ഉമറിൽ വെച്ച് നടത്തിയ രക്തദാന ക്യാമ്പിൽ എറണാകുളം ജില്ല അമീർ പി.കെ. ശാഹുൽ ഹമീദ് സാഹിബ് ദുആയ്ക്ക് നേതൃത്വം നൽകുന്നു.

Published on 7 May 2016
Pages 44
Vol: 88 Issue. 5
Price Rs. **30/-**
Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment
**The Sathyadoothan Monthly**

MTA INTERNATIONAL
MUSLIM TELEVISION AHMADIYYA INTERNATIONAL



www.mta.tv
www.youtube.com/mtaonline1
www.alislam.org

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി**
**കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020** Toll Free (9 am to 9 pm)